# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 17 / Issue 05
May 2026

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



Let's Rise together to Rebuild the Community

സീറോമലബാർ
സമുദായ ശാക്തീകരണ വർഷം - 2026

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 17 മെയ് 2026 ലക്കം 5

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| ദൈവവിളിക്കായുള്ള പരിശുദ്ധ പിതാവിന്റെ സന്ദേശം ................... | 05 |
| മെയ്ദിന സന്ദേശം ....................................................................... | 13 |
| രൂപതാ കച്ചേരി വാർത്തകൾ .................................................................. | 18 |
| വൈദിക സമ്മേളന റിപ്പോർട്ട് ............................................................... | 22 |
| പഠനവിഷയം - കുടുംബകൂട്ടായ്മ ...................................................... | 25 |
| മതബോധനരംഗം ................................................................................... | 43 |
| ചെറുപുഷ്പ മിഷൻലീഗ് ........................................................................ | 46 |
| കെ.സി.വൈ.എം ........................................................................................ | 52 |
| കുടുംബപ്രേഷിതത്വം ............................................................................. | 58 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................................................... | 68 |
| സാമൂഹ്യ സേവനരംഗം (WSSS) ............................................................. | 70 |
| ജീവസ് & കെ.എൽ.എം ........................................................................... | 77 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ................................................ | 78 |
| കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ................................................... | 82 |
| ബയോവിൻ അഗ്രോ റിസർച്ച് ................................................................. | 85 |
| റേഡിയോ മാറ്റൊലി .................................................................................. | 88 |
| ഫെഡാർ ഫൗണ്ടേഷൻ ............................................................................... | 90 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ...................................................... | 91 |
| ബിഷപ്സ് പ്രോഗ്രാം ................................................................................. | 97 |

No.4198/K-5/KCBC/OLDS 01.04.2026

# ദൈവവിളികൾക്കായുള്ള 63-ാമത് ആഗോള പ്രാർത്ഥനാദിനത്തിൽ (ഏപ്രിൽ 26, 2026) പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ നൽകുന്ന സന്ദേശം

## അന്തരാത്മാവിൽ ദൈവിക ദാനം കണ്ടെത്തുന്നത്

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവതീയുവാക്കന്മാരേ,

ഉത്ഥിതനായ യേശുവിനാൽ നയിക്കപ്പെട്ടും സംരക്ഷിക്കപ്പെട്ടും നാം പെസഹാകാലത്തിലെ നാലാം ഞായറാഴ്ച ആചരിക്കുന്നു. ''നല്ലിടയൻ ഞായർ'' എന്ന് അറിയപ്പെടുന്ന ഇന്ന് ദൈവവിളികൾക്കായുള്ള ആഗോള പ്രാർത്ഥനയുടെ 63-ാമത് ദിനം കൂടിയാണ്. ഇതൊരു അനുഗ്രഹത്തിന്റെ അവസരമാണ്. ഈ ദിനത്തിൽ നാം ദൈവവിളിയുടെ ആന്തരികവശത്തെക്കുറിച്ച് ചില ചിന്തകൾ പങ്കുവയ്ക്കുന്നു. യഥാർഥത്തിൽ, അത് നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ പൂവണിയുന്ന ദൈവിക ദാനത്തിന്റെ കണ്ടെത്തലാണ്. നമ്മുടെ ഇടയൻ നമ്മെ നടത്തുന്ന ജീവിതത്തിന്റെ അതീവ സുന്ദരമായ ഈ പാത നമുക്ക് ഒരുമിച്ച് കണ്ടെത്താൻ ശ്രമിക്കാം.

**സൗന്ദര്യത്തിന്റെ പാത**

യോഹന്നാന്റെ സുവിശേഷത്തിൽ യേശു സ്വയം ''നല്ല ഇടയൻ'' (ഹോ പൊയ്മേൻ ഹോ കലോസ് എന്നു ഗ്രീക്ക് ഭാഷയിൽ) (യോഹ. 10:11) ആയി ചിത്രീകരിക്കുന്നു. പരിപൂർണനും ആധികാരികതയുള്ളവനും മാതൃകാ പുരുഷനുമായ ഒരു ഇടയനെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്; അതായത്, തന്റെ അജഗണത്തിനുവേണ്ടി സ്വജീവൻ സമർപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്താനും തയ്യാറുള്ളവൻ. ഈ സൗന്ദര്യം തിരിച്ചറിയാൻ ശാരീരിക നേത്രങ്ങളോ ലാവണ്യശാസ്ത്ര സംവേദനശക്തിയോ മതിയാവില്ല; ഇതിന് അതീന്ദ്രിയധ്യാനവും ആന്തരികതയും (contemplation and interiority) അത്യാവശ്യമാണ്. ഇടയന്റെ കടാക്ഷം സ്വാഗതം ചെയ്യാനായി അൽപനേരം നിൽക്കുകയും ശ്രവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ആളിനു മാത്രമേ ആത്മവിശ്വാസത്തോടെ ഇപ്രകാരം പറയാനാവൂ,''ഞാൻ അവനിൽ ആശ്രയിക്കുന്നു; അവനോടൊപ്പമുള്ള എന്റെ ജീവിതം തികച്ചും

സുന്ദരമായിരിക്കും. ആ സുന്ദരപാതയിലൂടെ സഞ്ചരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.'' ഇതിൽ ഏറ്റവും അനിതരസാധാരണമായുള്ളത്, അവന്റെ ശിഷ്യനായിത്തീരുന്നയാൾ യഥാർഥത്തിൽ ''സുന്ദരനായി'' ഭവിക്കുന്നു എന്നതാണ്; അവന്റെ സൗന്ദര്യം നമ്മെ രൂപാന്തരപ്പെടുത്തുന്നു. പാവൽ ഫ്ലോറൻസ്കി എന്ന ദൈവശാസ്ത്രജ്ഞൻ എഴുതിയതുപോലെ, താപസ്ചര്യ (asceticism) കേവലം ഒരു ''നല്ല''വ്യക്തിയെ (''good person'') മാത്രമല്ല ജനിപ്പിക്കുന്നത്; മറിച്ച്, ഒരു ''സുന്ദരനായവനെ'' (''beautifulone'') കൂടിയാണ് (1). യഥാർഥത്തിൽ, നന്മയ്ക്കുപരി, ഒരു വിശുദ്ധന്റെ സവിശേഷ ലക്ഷണം അവന്റെയോ അവളുടെയോ ക്രിസ്തുവിലുള്ള ജീവിതത്തിൽനിന്നു പ്രസരിക്കുന്ന തേജോമയമായ ആത്മീയ സൗന്ദര്യമാണ്. ഈ അർഥത്തിൽ, ക്രിസ്തീയ ദൈവവിളി പ്രകാശിതമാകുന്നത് യേശുവിന്റെ ജീവിതത്തിലുള്ള പങ്കാളിത്തത്തിന്റെ ആഴത്തിനനുസരിച്ചാണ്; അതായത്, അവിടത്തെ ദൗത്യത്തിൽ പങ്കുചേരുകയും അങ്ങനെ അവിടത്തെ സൗന്ദര്യം പ്രതിഫലിപ്പിക്കുകയും ചെയ്യുക വഴി.

ജീവന്റെയും വിശ്വാസത്തിന്റെയും അർഥത്തിന്റെയും ഈ ആന്തരിക അനുഭവം വിശുദ്ധ അഗസ്റ്റിനും ഉണ്ടായിരുന്നു. അദ്ദേഹം തന്റെ ആത്മകഥയുടെ (Confessions) മൂന്നാം പുസ്തകത്തിൽ യൗവനത്തിലെ പാപങ്ങളെയും തെറ്റുകളെയും അംഗീകരിച്ചുകൊണ്ട്, ദൈവം ''തന്റെ പുറമേയുള്ള ആന്തരികതയ്ക്കുമുപരി ഏറ്റവും അഗാധതലത്തിൽ'' (''more inward than my most inward part'') സന്നിഹിതനായിരുന്നു എന്ന് ഏറ്റുപറയുന്നു (2). സ്വയം അറിഞ്ഞതിലുപരി അഗസ്റ്റിൻ ഇരുളിലൂടെ തന്നെ നയിച്ച ദൈവിക വെളിച്ചത്തെ കണ്ടെത്തുന്നു. തന്റെ ആത്മാവിന്റെ അന്തരാളങ്ങളിൽ ദൈവീക സാന്നിധ്യം തിരിച്ചറിഞ്ഞ അഗസ്റ്റിൻ ആന്തരിക ജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി; അവിടെയാണ് ക്രിസ്തുവിനെ കണ്ടുമുട്ടുന്ന ഇടം; ആ കണ്ടുമുട്ടലാണ് നമ്മുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ സൗന്ദര്യവും നന്മയും അനുഭവിക്കാനുള്ള മാർഗവും.

അപ്രകാരമുള്ള ഒരു ബന്ധം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് പ്രാർത്ഥനയിലും നിശബ്ദതയിലുമാണ്. അവ പരിപോഷിപ്പിക്കപ്പെടുമ്പോൾ ദൈവവിളി എന്ന ദാനം സ്വീകരിക്കാനും അതിനോടു ക്രിയാത്മകമായി പ്രത്യുത്തരിക്കാനും നാം പ്രാപ്തരാക്കപ്പെടുന്നു. അതു നമ്മുടെ മേൽ ഒരിക്കലും അടിച്ചേൽപ്പിക്കപ്പെടുന്ന

ഒന്നല്ല; മാത്രമല്ല, അത് എല്ലാവരിലും നിർബന്ധപൂർവം അനുരൂപപ്പെടേണ്ട ഏക മാതൃകയല്ലതാനും; മറിച്ച്, അത് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഒരു സാഹസമാണ്. അതിനാൽ, ആന്തരിക ജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി, നാം നമ്മുടെ ദൈവവിളി പ്രോത്സാഹനശുശ്രൂഷ അടിയന്തരമായി പുനരാരംഭിക്കണം; അങ്ങനെ നമ്മുടെ സുവിശേഷവൽകരണത്തിനുള്ള പ്രതിജ്ഞാബദ്ധതയും നാം നവീകരിക്കണം.

ഇതിന്റെ വെളിച്ചത്തിൽ, ഞാൻ കുടുംബങ്ങളിലും ഇടവകകളിലും സന്യാസസമൂഹങ്ങളിലുമുള്ള ഓരോരുത്തരെയും മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും മതാധ്യാപകരെയും അധ്യാപകരെയും സമസ്ത വിശ്വാസികളെയും ഇതിനായി ക്ഷണിക്കുന്നു; അതായത്, ഈ ദാനം സ്വീകരിക്കാനും പരിപോഷിപ്പിക്കാനും ഇതിനെ സംരക്ഷിക്കാനും അനുഗമനം ചെയ്യാനും അങ്ങനെ സമൃദ്ധമായ ഫലം ലഭിക്കാനും ഇടവരുത്തക്ക രീതി ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനുമായി കൂടുതൽ പ്രതിജ്ഞാബദ്ധരാകാൻ. നമ്മുടെ സാഹചര്യങ്ങൾ സജീവ വിശ്വാസത്താൽ പ്രകാശിതമാവുകയും നിരന്തരമുള്ള പ്രാർഥനയാൽ പിന്താങ്ങപ്പെടുകയും സഹോദരതുല്യമായ അനുഗമനത്താൽ സമ്പന്നമാക്കപ്പെടുകയും ചെയ്യുമ്പോഴാണ് ദൈവത്തിന്റെ വിളി പുഷ്പിക്കപ്പെടാനും പാകപ്പെടാനും ഇടവരുന്നത്; അങ്ങനെ അത് വ്യക്തികൾക്കും ലോകത്തിനും ആനന്ദത്തിന്റെയും രക്ഷയുടെയും പാതയായി പരിണമിക്കും. നല്ല ഇടയനായ യേശു ചൂണ്ടിക്കാണിച്ചുതരുന്ന പാതയിലൂടെ സഞ്ചരിക്കുന്നതുവഴിയായി നമുക്ക് നമ്മെത്തന്നെയും നമ്മെ വിളിക്കുന്ന ദൈവത്തെയും ആഴത്തിൽ അറിയാൻ സാധിക്കും.

**പരസ്പരം അറിയുന്നത്**

''ജീവന്റെ നാഥനായ കർത്താവ് നമ്മെ അറിയുകയും തന്റെ സ്നേഹപൂർവകമായ കടാക്ഷംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ ദീപ്തമാക്കുകയും ചെയ്യുന്നു''(3). യഥാർത്ഥത്തിൽ, സ്നേഹമായിരിക്കുന്ന ദൈവത്തെ (1 യോഹ 4:16) അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതുവഴിയാണ് ഓരോ ദൈവവിളിയും ഉദ്ഭവിക്കുന്നത്. അവിടത്തേക്ക് നമ്മെ ആഴത്തിൽ അറിയാം; നമ്മുടെ തലമുടിയുടെ എണ്ണംപോലും അവിടന്ന് എടുത്തിട്ടുണ്ട് (മത്താ 10:30); അതോടൊപ്പം ഓരോ വ്യക്തിയും പിന്തുടരേണ്ട തനതായ വിശുദ്ധിയുടെയും ശുശ്രൂഷയുടെയും പാതയും അവിടന്ന് നിർണ

യിച്ചുവച്ചിട്ടുണ്ട്. എന്നാൽ, ഈ അറിവ് എപ്പോഴും അന്യോന്യമായിരിക്കും. പ്രാർത്ഥന, വചനശ്രവണം, കൂദാശകൾ, സഭാജീവിതം, നമ്മുടെ സഹോദരീസഹോദരന്മാർക്കുവേണ്ടിയുള്ള ഉപവി പ്രവർത്തനങ്ങൾ എന്നിവ വഴിയായി ദൈവത്തെ അറിയാനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. അപ്രതീക്ഷിതമായി രാത്രിയിൽ കർത്താവിന്റെ സ്വരം കേൾക്കുകയും ഏലിയുടെ സഹായത്തോടെ അത് തിരിച്ചറിയുകയും ചെയ്ത ബാലനായ സാമുവലിനെപ്പോലെ (1 സാമൂ 3:1-10 കാണുക) നാമും ആന്തരിക നിശബ്ദതയ്ക്കായി ഒരു സ്ഥലം സജ്ജമാക്കണം; അതുവഴിയായി, നമ്മുടെ സന്തോഷത്തിനായി കർത്താവ് ആഗ്രഹിക്കുന്നത് നമുക്ക് കേൾക്കാനാകും. ഇത് വളരെ ഉയർന്ന ആശയങ്ങൾ സ്വരൂപിക്കാനോ വിദഗ്ധ അറിവ് (scholarly learning) നേടാനോ അല്ല; മറിച്ച്, നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന വ്യക്തിപരമായ കണ്ടുമുട്ടലിനുവേണ്ടിയാണ് (4). ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. നമ്മെ വിളിക്കുകയും പ്രത്യുത്തരിക്കാനായി ക്ഷണിക്കുകയും ചെയ്യുന്ന ദൈവുമായി ഗാഢമായ സംഭാഷണത്തിൽ ഏർപ്പെടാനുള്ളതാണ് ഒരു ദൈവവിളി; ബധിരത സൃഷ്ടിക്കുന്നതരത്തിലുള്ള ലോകത്തിന്റെ ശബ്ദകോലാഹലത്തിനിടയിൽ യഥാർഥ സന്തോഷത്തോടും ഔദാര്യത്തോടും പ്രത്യുത്തരിക്കാനുള്ള ക്ഷണമാണത്.

*Noli foras ire, in te ipsum redi, in interior homine habitat veritas* - ‘‘നീ നിന്നിൽ നിന്ന് പുറത്തു പോകരുത്; നിന്നിലേക്കു നീ തിരിയെ വരുക. ആന്തരിക മനുഷ്യനിലാണ് സത്യം കുടികൊള്ളുന്നത്’’ (5). അൽപനേരം നിൽക്കുകയും ആന്തരിക നിശബ്ദതയ്ക്കുവേണ്ടി സ്ഥലം ഒരുക്കുകയും ചെയ്യേണ്ടത് എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് വീണ്ടും വിശുദ്ധ അഗസ്റ്റിൻ നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെയാണ് യേശുക്രിസ്തുവിന്റെ ശബ്ദം ശ്രവിക്കാൻ നാം പ്രാപ്തരാകുന്നത്.

പ്രിയപ്പെട്ട യുവജനമേ, ഈ ശബ്ദം കേൾക്കുവിൻ. പൂർണവും ഫലപ്രദവുമായ ഒരു ജീവിതത്തിനായി നിങ്ങളെ ക്ഷണിക്കുന്ന കർത്താവിന്റെ സ്വരം ശ്രവിക്കുവിൻ; നിങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്താനാണ് അവിടന്ന് വിളിക്കുന്നത് (മത്താ 25:14-30), അതോടൊപ്പം നിങ്ങളുടെ പരിമിതികളും ബലഹീനതകളും ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ കുരിശിനോടു ചേർത്തുവയ്ക്കാനും. അതിനാൽ, ദിവ്യകാരുണ്യ ആരാധനയ്ക്ക് സമയം കണ്ടെത്തുക; വിശ്വസ്തതയോടെ ദൈവവചനം ധ്യാനിക്കുക, അങ്ങനെ

ഓരോ ദിവസവും അത് പ്രാവർത്തികമാക്കാൻ ഇടവരട്ടെ. അതോടൊപ്പം സഭയുടെ കൗദാശികവും സഭാത്മകവുമായ ജീവിതത്തിൽ സജീവവും പൂർണവുമായ വിധത്തിൽ പങ്കുചേരുക. ഈ രീതിയിൽ, നിങ്ങൾ കർത്താവിനെ അറിയുന്നവരായി ഭവിക്കും. അവിടുത്തെ സൗഹൃദത്തിന്റെ അഗാധതയിൽ നിങ്ങൾക്ക് എങ്ങനെ നിങ്ങളെത്തന്നെ നൽകാൻ കഴിയും എന്നത് തിരിച്ചറിയാൻ സാധിക്കും; അത് വിവാഹമോ വൈദികശുശ്രൂഷയോ സ്ഥിരമായുള്ള ഡീക്കൻ ശുശ്രൂഷയോ സമർപ്പിതജീവിതമോ ആകാം. ഓരോ ദൈവവിളിയും സഭയ്ക്കും അത് സന്തോഷപൂർവ്വം സ്വീകരിക്കുന്ന ആളിനും നൽകുന്നത് അളക്കാനാവാത്ത ദാനമാണ്. കർത്താവിനെ അറിയുക എന്നു പറഞ്ഞാൽ എല്ലാറ്റിനുമുപരി അവിടത്തെ കരങ്ങളിലും പരിപാലനയിലും സ്വയം ഭരമേല്പ്പിക്കുക എന്നതത്രേ; അവിടത്തെ പരിപാലന ഓരോ ദൈവവിളിയിലും അതിസമൃദ്ധമായുണ്ട്.

**വിശ്വാസം അർപ്പിക്കുന്നത് (Trust)**

അറിവ് ആത്മവിശ്വാസത്തിലേക്കു നയിക്കുന്നു; അതായത്, വിശ്വാസത്തിൽനിന്ന് ഉതിരുന്ന മനോഭാവം; അത് ഒരാളുടെ ദൈവവിളി സ്വാഗതം ചെയ്യുന്നതിനും അതിൽ നിലനിൽക്കുന്നതിനും അത്യാവശ്യമായി വേണ്ടതാണ്. അപ്പോൾ ജീവിതം എന്നത് കർത്താവിൽ നിരന്തരമായി അർപ്പിക്കുന്ന ആശ്രയ ബോധമായും നമ്മെത്തന്നെ അവിടത്തെ കരങ്ങളിൽ ഉപേക്ഷിക്കുന്ന ഒന്നായും വെളിപ്പെടുത്തപ്പെടും; അത് പലപ്പോഴും അവിടത്തെ പദ്ധതികൾ നമ്മുടേതിനെ തകിടം മറിക്കുന്നത് ആയാൽപ്പോലും.

വിശുദ്ധ യൗസേപ്പിന്റെ കാര്യംതന്നെ നമുക്ക് പരിഗണിക്കാം. കന്യകാമറിയത്തിന്റെ ദുർഗ്രഹവും അപ്രതീക്ഷിതവുമായ ഗർഭധാരണത്തിന്റെ സാഹചര്യത്തിൽപ്പോലും അദ്ദേഹം തനിക്ക് സ്വപ്നത്തിൽ ലഭിച്ച ദൈവികസന്ദേശം വിശ്വസിക്കാനും അനുസരണമുള്ള ഒരു ഹൃദയത്തോടെ മറിയത്തെയും കുഞ്ഞിനെയും സ്വീകരിക്കാനും തയ്യാറായി (മത്താ 1:18-25; 2:13-15). ദൈവത്തിന്റെ പദ്ധതികളിൽ സമ്പൂർണമായി പ്രത്യാശയർപ്പിച്ചതിന്റെ ഉത്തമമാതൃകയാണ് നസ്രത്തിലെ യൗസേപ്പ്. തനിക്ക് ചുറ്റുമുള്ളതെല്ലാം ഇരുളിലും അനിശ്ചിതത്വത്തിലും ആയിരിക്കുകയും തന്റേതന്നെ പദ്ധതികളിൽനിന്നു വ്യത്യസ്തമായിരിക്കുന്നു എന്നു കാണുകയും ചെയ്തിട്ടും അവൻ ദൈവത്തിൽ പ്രത്യാശയർപ്പിച്ചു. കർത്താവിന്റെ നന്മയിലും വിശ്വസ്തതയിലും ഉറച്ചു വിശ്വസിച്ചുകൊണ്ട്,

അവൻ ദൈവത്തിൽ പ്രത്യാശയർപ്പിക്കുകയും ദൈവകരങ്ങളിൽ സ്വയം ഉപേക്ഷിക്കുകയും ചെയ്തു. ''ഓരോ അവസരത്തിലും മംഗലവാർത്താസമയത്തെ മറിയത്തെപ്പോലെയും ഗെത്സേമിൻ തോട്ടത്തിലെ യേശുവിനെപ്പോലെയും 'അതുപോലെ ആകട്ടെ'(fiat) എന്ന് യൗസേപ്പ് ഉദ്ഘോഷിച്ചു''(6).

''പ്രത്യാശയുടെ ജൂബിലി'' നമ്മെ അനുസ്മരിപ്പിച്ചതുപോലെ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ, നിരാശയ്ക്കു വഴികൊടുക്കാതെ, ദൃഢവും നിലനിൽക്കുന്നതുമായ പ്രത്യാശ അർപ്പിക്കുക എന്നത് അനിവാര്യമാണ്. ഭയവും സന്ദേഹവും നാം മറികടക്കണം; കാരണം, ചരിത്രത്തിന്റെ നാഥൻ, ലോകത്തിന്റെയും നമ്മുടെ വ്യക്തിപരമായ ചരിത്രത്തിന്റെയും നാഥൻ, ഉയിർത്തെഴുന്നേറ്റിരിക്കുന്നു. നമ്മുടെ ഏറ്റവും ഇരുണ്ട മണിക്കൂറുകളിൽ അവൻ നമ്മെ ഉപേക്ഷിക്കുകയില്ല; മറിച്ച്, തന്റെ പ്രകാശംവഴി എല്ലാ നിഴലുകളെയും അകറ്റുന്നു. പരീക്ഷകളുടെയും പ്രതിസന്ധികളുടെയും മധ്യേപോലും, തന്റെ ആത്മാവിന്റെ പ്രകാശത്താലും ശക്തിയാലും, നമ്മുടെ വിളി വളരുന്നതും പാകപ്പെടുന്നതും നമുക്ക് കാണാനാകും; അത് വർധിതമാംവിധം നമ്മെ വിളിച്ചവന്റെ സൗന്ദര്യം കൂടുതൽ പ്രതിഫലിപ്പിക്കുന്ന തരത്തിലായിരിക്കും; അത് നമ്മുടെ മുറിവുകൾക്കും പരാജയങ്ങൾക്കുമുപരി വിശ്വസ്തതയും പ്രത്യാശയർപ്പണവും വഴിയായി രൂപപ്പെട്ടിട്ടുള്ള സൗന്ദര്യമായിരിക്കും.

**പാകപ്പെടൽ (Maturation)**

ദൈവവിളി എന്നത് ഒരിടത്ത് ഉറച്ചുനിൽക്കുന്ന ഒരു യാഥാർഥ്യമല്ല; മറിച്ച്, അത് പാകപ്പെടലിന്റേതായ ഒരു ചലനാത്മകപ്രക്രിയയാണ്; അത് നമ്മുടെ കർത്താവുമായുള്ള ഗാഢബന്ധത്താൽ പരിപോഷിതമാണ്. ഒരാളുടെ ദൈവവിളിയിൽ വളരുക എന്നുപറഞ്ഞാൽ നമ്മുടെ ഹൃദയത്തിലും ജീവിതത്തിന്റെ സാഹചര്യങ്ങളിലും പരിശുദ്ധാത്മാവിനെ പ്രവർത്തിക്കാൻ അനുവദിച്ചുകൊണ്ട് യേശുവിനോടൊപ്പം ആയിരിക്കുക എന്നതാണ്. അപ്പോൾ എല്ലാ കാര്യങ്ങളും ഈ ദാനത്തിന്റെ അടിസ്ഥാനത്തിൽ പുനർവ്യാഖ്യാനിക്കപ്പെടും.

മുന്തിരിച്ചെടിയും ശാഖകളും എന്നതുപോലെ (യോഹ. 15:1–8) നമ്മുടെ ജീവിതമാകമാനം ശക്തവും സജീവവുമായ ബന്ധത്താൽ കർത്താവിൽ രൂഢമൂലമായിരിക്കണം; അങ്ങനെ നാം, നമ്മുടെ പരീക്ഷണങ്ങളും ആവശ്യം വേണ്ട ''വെട്ടിയൊരുക്കലും'' (pruning) വഴിയായിത്തന്നെ, പൂർണഹൃദയത്തോടെ അവിടുത്തെ

വിളിയോടു പ്രത്യുത്തരിക്കാൻ പ്രാപ്തരായിത്തീരും. അങ്ങനെയാകുമ്പോൾ, നമ്മുടെ ജീവിതത്തിലുടനീളം നാം പണിതുയർത്തുന്ന ആധികാരികമായ സാഹോദര്യത്തിന്റെ ചങ്ങലകളായിരിക്കും പലപ്പോഴും ദൈവഹിതത്തിന്റെ പ്രകാശനത്തിന്റെ ''ഇടങ്ങളും'' അവിടത്തെ അനന്തമായ സ്നേഹം നാം അനുഭവിക്കുന്ന വേദികളും ആയി ഭവിക്കുന്നത്. നമ്മുടെ ദൈവവിളി കണ്ടെത്തുന്നതിലും അതിൽ വളരുന്നതിലും നമ്മെ അനുഗമനം ചെയ്യുന്ന ഒരു യഥാർഥ ആധ്യാത്മിക നിയന്താവ് ഉണ്ടായിരിക്കുക എന്നത് എത്രമാത്രം അനർഘമായ ഒരു കാര്യമാണ്! പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ വിവേചിച്ചറിയുകയും പരിശോധിക്കുകയും ചെയ്യുന്നത് എത്രമാത്രം പ്രധാനപ്പെട്ടതാണ്! അങ്ങനെയാണ് ഒരു ദൈവവിളി അതിന്റെ പൂർണസൗന്ദര്യത്തിൽ ഫലദായികത്വത്തിലേക്ക് എത്തിച്ചേരുന്നത്.

ആകയാൽ, ഒരു ദൈവവിളി എന്നു പറയുന്നത് പെട്ടെന്നങ്ങ് സ്വന്തമാക്കാൻ കഴിയുന്ന ഒന്നല്ല; അതായത്, ഒരിക്കൽ നൽകപ്പെട്ട് പൂർത്തിയാക്കപ്പെട്ട ഒന്നല്ല; അതായത്, ഒരിക്കൽ മാത്രമായി തന്നുതീർത്ത ഒന്നല്ല (''given once and for all''). മറിച്ച്, ജീവിതം പോലെതന്നെ അത് സാധാരണയായി തുറന്നുവരുന്ന ഒരു പാതയാണ്. നമുക്കു ലഭിച്ച ദാനം സംരക്ഷിക്കപ്പെടേണ്ടത് മാത്രമല്ല; ദൈവവുമായുള്ള ദൈനംദിന ബന്ധത്തിലൂടെ പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്; അങ്ങനെയാണത് വളരുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നത്. ''ഇത് സഹായകമാണ്; കാരണം, നമ്മെ സ്നേഹിക്കുന്ന ദൈവമായുള്ള ബന്ധത്തിൽ നമ്മുടെ ജീവൻ മുഴുവനെയും ഇത് പ്രതിഷ്ഠിക്കുന്നു. ഒരു കാര്യവും കേവലം അവിചാരിതമായി സംഭവിക്കുന്നതിന്റെ അനന്തര ഫലമല്ലെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. നേരെമറിച്ച്, നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ദൈവത്തോടു പ്രത്യുത്തരിക്കുന്നതിന്റെ ഭാഗമാണെന്ന് ഇത് നമുക്കു മനസ്സിലാക്കിത്തരുന്നു; കാരണം കർത്താവിന് നമ്മെക്കുറിച്ച് വിസ്മയകരമായ ഒരു പദ്ധതിയുണ്ട്''(7).

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവജനങ്ങളേ, ദൈനംദിനമുള്ള പ്രാർത്ഥനയും ദൈവവചന ധ്യാനവും വഴിയായി ദൈവവുമായുള്ള വ്യക്തിപരമായ ഒരു ബന്ധം സ്ഥാപിക്കാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. അൽപ്പംനിന്ന്, ശ്രവിച്ച്, നിങ്ങളെത്തന്നെ അവിടുത്തെ കരങ്ങളിൽ ഭരമേല്പിക്കുവിൻ. ഈ

രീതിയിൽ നിങ്ങളുടെ ദൈവവിളി പാകപ്പെടും; അത് നിങ്ങൾക്കു സന്തോഷം പകരുകയും സഭയ്ക്കും ലോകത്തിനും സമൃദ്ധമായ ഫലം നൽകുകയും ചെയ്യും.

ദൈവീക ദാനത്തിന്റെ ആന്തരികമായ സ്വീകരണത്തിന്റെ മാതൃകയും പ്രാർത്ഥനാപൂർവം ശ്രവിക്കുന്നതിൽ വിദഗ്ധയുമായ കന്യകമറിയം നിങ്ങളുടെ ഈ പ്രയാണത്തിൽ നിങ്ങളെ എപ്പോഴും അനുഗമനം ചെയ്യട്ടെ!

വത്തിക്കാനിൽ നിന്ന് 2026 മാർച്ച് 16-ാം തീയതി നൽകിയത്.

**ലെയോ പതിനാലാമൻ പാപ്പാ**

[1] ”Asceticism produces not a ‘good’ or ‘kind’ man but a beautiful one, and the distinguishing feature of the saintly ascetics is not their ‘kindness,’ which even people of the flesh, and very sinful ones, can possess, but spiritual beauty, the blinding beauty of a radiant, light-bearing person, a beauty wholly inaccessible to the man of flesh” (P. Florenskij, *The Pillar and Ground of the Truth,* Princeton 1997, 72).

[2] Saint Augustine, *Confessions,* III, 6, 11: *CSEL* 33, 53.

[3] Apostolic Letter *A Fidelity that Generates the Future* (8 December 2025), 5.

[4] cf. Benedict XVI, Encyclical Letter *Deus Caritas Est* (25 December 2005), 1.

[5] Saint Augustine, *On True Religion,* XXXIX, 72: *CCSL* 32, 234.

[6] Francis, Apostolic Letter *Patris Corde* (8 December 2020), 3.

[7] Francis, Post-synodal Apostolic Exhortation *Christus Vivit* (25 March 2019), 248.

**പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം

പി.ഒ.സി., കൊച്ചി - 682 025

No.4199/K-5/KCBC/OL/DS 16.04.2026

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ മെയ്ദിന സന്ദേശം - 2026**

''ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ?'' (മർക്കോസ് 6:3)

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ലോകമെങ്ങും കൊണ്ടാടുന്നു. തൊഴിലാളിയുടെ അവകാശങ്ങളും തൊഴിലിന്റെ മാന്യതയും സംരക്ഷിച്ചു കിട്ടുന്നതിനായി തൊഴിലാളി സമൂഹം നടത്തിയ ധീരമായ പോരാട്ടങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ഓരോ മെയ്ദിനവും. അതോടൊപ്പം തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്ന അവസരമാണ്. എല്ലാ തൊഴിലാളികൾക്കും ഹൃദയം നിറഞ്ഞ തൊഴിലാളി ദിനാശംസകൾ നേരുന്നു.

കൃത്രിമ ബുദ്ധിയുടെ കാലഘട്ടത്തിൽ തൊഴിന്റെ മാന്യതയും തൊഴിലാളിയുടെ മഹത്വവും ചർച്ചയാക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിലും രാജ്യത്തിലും തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികളും അവസരങ്ങളും ആഴത്തിൽ ചിന്തിക്കാൻ ഇത് നമ്മെ സഹായിക്കും.

നസറത്തിലെ വിനീതനായ മരപ്പണിക്കാരനായ വിശുദ്ധ ജോസഫ്, ജോലി വെറും ഉപജീവന മാർഗമായല്ല; ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട വിശുദ്ധ വിളിയായിട്ടാണ് കണ്ടത്. ഈ മനോഭാവമാണ് ഓരോ തൊഴിലാളിക്കും ഉണ്ടാകേണ്ടത്. വിശുദ്ധ ബൈബിൾ പറയുന്നു: ''കർത്താവായ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ താമസിപ്പിച്ചു. അതിനെ കൃഷി ചെയ്യുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുവാൻ നിയോഗിച്ചു'' (ഉല്പത്തി 2:15). അതിനാൽ ജോലി മനുഷ്യന്റെ ജീവൻ നിലനിർത്താനുള്ള ഒരു മാർഗം മാത്രമല്ല; അത് ദൈവത്തിന്റെ സൃഷ്ടിപരമായ ദൗത്യത്തിൽ മനുഷ്യന് ലഭിച്ചിരിക്കുന്ന പങ്കാളിത്തം കൂടിയാണ്. അതിനാൽ അവകാശങ്ങളോടൊപ്പം കടമകളും ഉത്തരവാദിത്വങ്ങളും തങ്ങൾക്കുണ്ടെന്ന് ഓരോ തൊഴിലാളിയേയും ഓർമ്മപ്പെടുത്തുന്ന അവസരംകൂടിയാണ് തൊഴിലാളിദിനം. തൊഴിൽ കമ്പോളത്തിൽ നിന്നും പരമാവധി ലാഭം കൊയ്യാനുള്ള

ത്വരയിൽ ഇന്ന് തൊഴിലാളികളും ലാഭം കൊയ്യാനുള്ള ചൂഷണോപാധിയായി ചുരുക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. ''ഏതൊരു ജോലി സാഹചര്യത്തിന്റെയും കേന്ദ്രബിന്ദു മൂലധനമോ, കമ്പോള നിയമങ്ങളോ, ലാഭമോ ആകരുത്; മറിച്ച് വ്യക്തിയും കുടുംബവും അവരുടെ ക്ഷേമവുമായിരിക്കണം. ബാക്കിയെല്ലാം ഇതിന് പിന്നിൽ രണ്ടാമതായി മാത്രമേ വരാവൂ'' (ലെയോ പതിനാലാമൻ പാപ്പ 2025 ഡിസംബർ 18 ന് തൊഴിലാളി പ്രവർത്തകർക്ക് നല്കിയ സന്ദേശം).

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയാണ് അസംഘടിത തൊഴിലാളി സമൂഹം. കൃഷി, നിർമ്മാണം, മത്സ്യബന്ധനം, ഗൃഹപരിചരണം, ചെറുകിട കച്ചവടം, സേവനം തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ രാജ്യത്തിന്റെ വികസനത്തിന് നിർണായക സംഭാവന നൽകുന്നുണ്ട്. രാജ്യത്തിന്റെ തൊഴിൽ ശക്തിയിൽ 94 ശതമാനം വരുന്ന ഈ വിഭാഗം മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജിഡിപി) 65 ശതമാനം സംഭാവന നല്കുന്നു. എന്നാൽ അവരുടെ സേവനം മിക്കവാറും അദൃശ്യവും അവഗണിക്കപ്പെട്ടതുമായി മാറുന്നു. ജോലിസ്ഥിരത ഇല്ലായ്മ, സാമൂഹ്യസുരക്ഷ പദ്ധതികളുടെ അഭാവം, കുറഞ്ഞ വേതനം, വിലക്കയറ്റം, സുരക്ഷിതമല്ലാത്ത ജോലിസ്ഥലങ്ങൾ എന്നിവ അവരുടെ ജീവിതത്തെ ദുഷ്കരമാക്കുന്നു. ഇവയെ അതിജീവിക്കാനാവശ്യമായ നിയമങ്ങളും പദ്ധതികളും, സാമ്പത്തിക പിന്തുണയും സർക്കാരുകൾ ഉറപ്പാക്കേണ്ടതുണ്ട്.

സഹകരണ - സ്വയം സഹായ സംഘങ്ങൾ ശക്തിപ്പെടുത്തുകയും നൈപുണ്യ പരിശീലനം നേടുകയും സാമൂഹ്യ സുരക്ഷ പദ്ധതികൾ പ്രയോജനപ്പെടുത്തുകയും സാമ്പത്തിക മുൻകരുതൽ ഉറപ്പാക്കുകയും ചെയ്യുകയെന്നത് തൊഴിലാളിയുടെ പ്രധാന ഉത്തരവാദിത്വമാണ്. രാജ്യത്ത് നിലവിൽ വന്നിരിക്കുന്ന പുതിയ തൊഴിൽ നിയമങ്ങൾ സംഘടിത മേഖലയെ ക്ഷീണിപ്പിക്കുന്നതും ജീവനക്കാരെ അസംഘടിത തൊഴിലാളികളായി മാറ്റുന്നതും അസംഘടിത മേഖലയെ പരിഗണിക്കാത്തതുമാണെന്ന ട്രേഡ് യൂണിയനുകളുടെ ആക്ഷേപം ശക്തമാണ്. അതിനാൽ അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും സാമൂഹിക സുരക്ഷയ്ക്കും ഊന്നൽ നല്കുന്ന അഞ്ചാം തൊഴിൽ

നിയമം നിർമ്മിച്ച് പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ഈ അവസരത്തിൽ സർക്കാരിനു മുമ്പിൽ ആവശ്യമായി ഉന്നയിക്കുന്നു.

വിശുദ്ധ യാക്കോബ് ശ്ലീഹ നമുക്ക് മുന്നറിയിപ്പ് നൽകുന്നു: ''നിങ്ങൾ കൊടുക്കാതെ പിടിച്ചുവച്ച തൊഴിലാളികളുടെ വേതനം നിങ്ങൾക്കെതിരെ നിലവിളിക്കുന്നു'' (യാക്കോബ് 5:4).

ഇന്ന് ഈ നിലവിളികൾ ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെയും കുടിയേറ്റ തൊഴിലാളികളുടെയും യുവജനങ്ങളുടെയും ജീവിതത്തിൽ നിഷേധിക്കപ്പെടുന്ന അവകാശങ്ങൾക്കു വേണ്ടിയുള്ള നിലവിളികളുമാണ്.

സാങ്കേതിക പുരോഗതിയും കൃത്രിമ ബുദ്ധിയും തൊഴിൽ ലോകത്തെ മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യനെ വെറും ഒരു 'സ്രോതസ്സായും ഉപാധിയായും' മാത്രം കാണുന്ന സമീപനം ഒഴിവാക്കേണ്ടത് അനിവാര്യമാണ്. സാങ്കേതിക വിദ്യ മനുഷ്യനെ സേവിക്കാനും സഹായിക്കാനുമുള്ളതാണ്, മനുഷ്യനെ മാറ്റി സ്ഥാപിക്കാനുള്ളതല്ല. ദാരിദ്ര്യം, കാർഷിക പ്രതിസന്ധി, തൊഴിൽ അവസരങ്ങളുടെ കുറവ്, തൊഴിൽ സുരക്ഷിതത്വമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പ്രത്യേകിച്ചും യുവജനങ്ങൾ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും കുടിയേറുന്നു. പലപ്പോഴും ഈ കുടിയേറ്റം അവരെ ചൂഷണത്തിനും സുരക്ഷിതമല്ലാത്ത താമസത്തിനും കുടുംബ വേർപാടിനും വിധേയരാക്കുന്നു. രാജ്യത്തിന്റെ മനുഷ്യ വിഭവശേഷിയാണ് ഇതിലൂടെ നഷ്ടമാകുന്നത്. തിരുവചനം അന്യരെ സ്വീകരിക്കാനും ദുർബലരെ സംരക്ഷിക്കാനും നമ്മെ വിളിക്കുന്നു. ''നിങ്ങൾ പരദേശികളെ പീഡിപ്പിക്കരുത്; നിങ്ങൾ ഈജിപ്തിൽ പരദേശികളായിരുന്നുവല്ലോ' (പുറപ്പാട് 23:9).

കുടിയേറ്റക്കാരെ ഭാരമായി കാണാതെ സഹോദരങ്ങളായി സ്വീകരിക്കണമെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ ശക്തീകരണത്തിൽ തിരുസ്സഭയ്ക്ക് നിർണായക പങ്കുണ്ട്. കെ. സി. ബി. സി. ലേബർ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിലൂടെ തൊഴിലാളി നേതൃത്വം വളർത്തുന്നതിലും പെൻഷൻ, ഇൻഷുറൻസ് തുടങ്ങിയവയിലൂടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി നിലകൊള്ളുന്നു. ഇതിനായി തൊഴിലാളി ഫോറങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. നിർ

മ്മാണം, തയ്യൽ, ചെറുകിട കർഷകർ, മോട്ടോർ, കർഷക തൊഴിലാളി, മത്സ്യ തൊഴിലാളി, ഗാർഹീക തൊഴിലാളി, പീടിക തൊഴിലാളികൾ തുടങ്ങിയ മേഖലകളിലാണ് ഫോറങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഇവയെ പ്രയോജനപ്പെടുത്താൻ ഓരോ തൊഴിലാളിയേയും പ്രചോദിപ്പിക്കുക എല്ലാവരുടെയും കടമയാണ്.

യുവജനങ്ങൾക്കും സ്ത്രീകൾക്കും സംരംഭകത്വത്തിനും തൊഴിൽ അവസരങ്ങൾക്കും വേദി ഒരുക്കുന്ന പ്രവർത്തനങ്ങളും കെ.എൽ.എം. ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ സമൂഹത്തിലെ പാർശ്വവല്കൃത വിഭാഗങ്ങൾക്ക് പ്രത്യാശയും ശക്തിയും കെ. എൽ. എം. പകർന്ന് നൽകുന്നു. കത്തോലിക്കാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യവും പ്രാധാന്യമുള്ളതാണ്. തൊഴിലാളികൾക്ക് നീതിയുക്തമായ വേതനവും സാമൂഹ്യ സുരക്ഷയും മാന്യമായ പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. തൊഴിൽ നിയമങ്ങൾകർശനമായി പാലിക്കുകയും ചെയ്യണം. സി. ബി. സി. ഐ. ലേബർ ഓഫീസും കെ. സി. ബി. സി. ലേബർ കമ്മിഷനും ഇതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മുമ്പേ നൽകിയിട്ടുണ്ട്.അവ പാലിക്കുന്നതിൽ മാനേജ്മെന്റ് ജാഗ്രത പുലർത്തണം. അപ്പോൾ സ്ഥാപനത്തിൽ സമാധാന അന്തരീക്ഷം നിലനില്ക്കും.

ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നു. എന്നിരുന്നാലും പലപ്പോഴും അവർ വേതന വ്യത്യാസവും ചൂഷണവും അവഗണനയും നേരിടുന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സ്ത്രീകളുടെ തൊഴിൽ അനിവാര്യമാണ്. അതിനാൽ സമവേതനം, സുരക്ഷിത ജോലിസ്ഥലം, സ്ത്രീകളുടെ മാന്യതയുടെ അംഗീകാരം എന്നിവ ഉറപ്പാക്കാൻ നാം പ്രതിജ്ഞാബദ്ധരാകണം. തൊഴിൽ മനുഷ്യ പുരോഗതിക്ക് മാത്രമല്ല, അത് സൃഷ്ടിയുടെ സംരക്ഷണത്തോടും ബന്ധപ്പെട്ടതാണ്. പരിസ്ഥിതിനാശവും കാലാവസ്ഥാമാറ്റവും കർഷകരെയും മത്സ്യത്തൊഴിലാളികളെയും ഏറെ ബാധിക്കുന്നു. അതിനാൽ സ്ഥിരതയുള്ള ഉപജീവന മാർഗങ്ങളും പരിസ്ഥിതി സൗഹൃദ വികസന നയങ്ങളും നാം പിന്തുണയ്ക്കണം.

ഭാവിയിലെ തൊഴിൽലോകം നമ്മുടെ യുവജനങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നു. സാങ്കേതിക മാറ്റങ്ങളുടെ കാലത്ത് യുവജനങ്ങൾ തൊഴിലില്ലായ്മയും നൈപുണ്യ പൊരുത്തക്കേടും

പോലുള്ള വെല്ലുവിളികൾ നേരിടുന്നു. അവർക്കായി നൈപുണ്യ പരിശീലനങ്ങൾ സംരംഭകത്വ അവസരങ്ങൾ, നേതൃപരിശീലനം എന്നിവ ഒരുക്കുന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്വമാണ്.

റേരും നൊവാരും മുതൽ ഫ്രത്തേലി തൂത്തി വരെയുള്ള എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തിരുസ്സഭ നിരന്തരം പഠിപ്പിക്കുന്നത് തൊഴിലാളികളുടെ മാന്യതയും അന്തസ്സുമാണ് തൊഴിലിന്റെ യഥാർത്ഥ അടിസ്ഥാനം എന്നതാണ്. ഇന്ത്യയിലെ കത്തോലിക്കാ സമൂഹമായ നാം ദരിദ്രരുടെ പക്ഷത്ത് നിലകൊള്ളുകയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും സമൂഹത്തിൽ ഐക്യം വളർത്തുകയും ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരാളും പിന്നിലാകാത്ത ഒരു സഹോദരത്വ സമ്പദ്‌വ്യവസ്ഥ ഇന്ത്യയിൽ രൂപപ്പെടുത്താൻ നാം പ്രതിജ്ഞാബദ്ധരാണ്. ഭാരണധികാരികൾക്ക് അതിനു കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളികളുടെ മാന്യത സംരക്ഷിക്കപ്പെടുകയും കുടിയേറ്റ തൊഴിലാളികൾ മാന്യതയോടെ സ്വീകരിക്കപ്പെടുകയും യുവജനങ്ങളും സ്ത്രീകളും പ്രത്യാശയോടെ മുന്നേറുകയും സമാധാനം പുലരുകയും ചെയ്യൂ. അതാണ് യഥാർത്ഥ വികസനം. 'സമാധാനത്തിന്റെ പേരാണ് വികസനം' എന്നാണ് പോൾ ആറാമൻ പാപ്പാ പ്രബോധിപ്പിച്ചത്.

ദൈവം എല്ലാ തൊഴിലാളികളെയും അനുഗ്രഹിക്കട്ടെ. വിശുദ്ധ യൗസേപ്പ് പിതാവ് നമുക്കായി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

കെ സി ബി സി ലേബർ കമ്മീഷനുവേണ്ടി,

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**

ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി 682-025.

---

NB:- 2026 ഏപ്രിൽ 26 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

മെയ് 5ന് ബഹു. തോമസ് ഒറ്റപ്ലാക്കൽ അച്ചന്റെയും, മെയ് 7 നു ബഹു. ജോസ് മുണ്ടയ്ക്കൽ അച്ചന്റെയും, മെയ് 9 ന് ബഹു. ജോൺ പുത്തൻപുര അച്ചന്റെയും, മെയ് 20 ന് ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെയും, മെയ് 27 ന് ബഹു. ജോസഫ് മേമന അച്ചന്റെയും, മെയ് 29 ന് ബഹു. ഫ്രാൻസീസ് ഞള്ളംമ്പുഴ CMI അച്ചന്റെയും, ജൂൺ 3 ന് ബഹു. മാത്യു കൊല്ലിത്താനത്ത് അച്ചന്റെയും ചരമവാർഷിക ദിനങ്ങളാണ്. ബഹു. അനൂപ് കൊല്ലം കുന്നേൽ അച്ചന്റെ ഒന്നാം ചരമ വാർഷികം മെയ് 21 നാണ്. ഈ വൈദികരെ നമ്മുടെ വി. ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**2. രൂപതാ ദിനം മെയ് 1**

സമുദായ ശക്തീകരണ വർഷത്തിന്റെ പശ്ചാത്തലത്തിൽ ഓരോ ഇടവകയിലും വിവിധ പരിപാടികളോടെ രൂപതാദിനം നടത്തേണ്ടതാണ്. അന്നത്തെ വി. കുർബാനയിൽ അഭിവന്ദ്യ പിതാക്കൻമാരെയും രൂപത മുഴുവനേയും സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യാം.

**3. മെയ് 3 സമുദായ ദിനം**

നമ്മുടെ രൂപതയിൽ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ മെയ് 3 ഞായറാഴ്ച്ച സമുദായ ദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ (AKCC) പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി രൂപതാ കേന്ദ്രത്തിലേക്ക് എത്തിക്കുമല്ലോ.

**4. വൈദികരുടെ സ്ഥലം മാറ്റം**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് 16 ശനിയാഴ്ചയാണ്. മെയ് 17 ന് ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം. എല്ലാവരും വികാരിമാറ്റ റിപ്പോർട്ട് ഫോറം പൂരിപ്പിക്കണം എന്നോർമ്മിപ്പി

ക്കുന്നു. അടിയന്തിര ശ്രദ്ധ ആവശ്യമുള്ള കാര്യങ്ങൾ പുതുതായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന വൈദികൻ ശ്രദ്ധിക്കാനും കൂടുതൽ കാര്യക്ഷമമായി അജപാലന ശുശ്രൂഷ നിർവ്വഹിക്കാനും ഈ റിപ്പോർട്ട് സഹായകരമാകണം.

സ്ഥലം മാറി പോകുന്ന വികാരി അൽപം ത്യാഗപൂർവ്വം സമയം കണ്ടെത്തി ആ ഇടവകയിലെ സ്വന്തം അജപാലനാനുഭവത്തിന്റെ വെളിച്ചത്തിലാണ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പുതുതായി വരുന്ന വികാരിയും നടത്തു കൈക്കാരനും ഈ റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യുമല്ലോ. പള്ളിയുടെ/സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി സ്ഥലം മാറി വരുന്ന വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

ദൈവമഹത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിച്ചശേഷം സ്ഥലം മാറുന്ന എല്ലാ ബഹു. വൈദികർക്കും പുതിയ സ്ഥലങ്ങളിൽ ധാരാളം ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു. ഇതുവരെയായിരുന്ന സ്ഥലങ്ങളിൽ അനുഷ്ഠിച്ചുകൊണ്ടിരുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പുതിയ ചൈതന്യത്തോടും വർദ്ധിച്ച തീക്ഷ്ണതയോടും കൂടെ പുതിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ നല്ല ഇടയനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

അതോടൊപ്പം പുതിയ സ്ഥലത്തേയ്ക്കുള്ള നിയമന പത്രം അഭിവന്ദ്യപിതാവിൽ നിന്ന് സ്വീകരിക്കുവാൻ **ബഹു. വൈദികർ മെയ് മാസം 8-ന് ഉച്ചകഴിഞ്ഞ് 2.30 ന് ബിഷപ്സ് ഹൗസിൽ എത്തിച്ചേരേണ്ടതാണ്.** ഓരോരുത്തരും പള്ളിയിൽ സൂക്ഷിക്കേണ്ട രേഖകളുടെ ഒരു ലിസ്റ്റ് കൊണ്ടുവരുകയും, താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു:

1. മാമ്മോദീസാ - സ്ഥൈര്യലേപന രജിസ്റ്റർ
2. ആദ്യകുർബാന രജിസ്റ്റർ
3. വിവാഹവാഗ്ദാന രജിസ്റ്റർ
4. വിവാഹ രജിസ്റ്റർ
5. ആത്മസ്ഥിതി പുസ്തകം
6. മരണ രജിസ്റ്റർ

7. കല്ലറ രജിസ്റ്റർ
   - കുടുംബ കല്ലറ മുൻകൂട്ടി പണം വാങ്ങിയത്
   - അതിൽ സംസ്കരിക്കപ്പെട്ട തീയതി, പേര്
   - കല്ലറ നമ്പർ, കല്ലറ പണംവാങ്ങിയ രസീത്
8. ഉഭയ കുർബ്ബാന (നിത്യകുർബ്ബാന) രജിസ്റ്റർ. ഇതിന്റെ പകർപ്പ് സങ്കീർത്തിയിലും സൂക്ഷിക്കണം. (രൂപതാ നിയമാവലി p.64)
9. വിവാഹം, മാമ്മോദീസാ തുടങ്ങിയ രജിസ്റ്ററുകളുടെ എല്ലാ കോളങ്ങളും യഥാസമയം പൂരിപ്പിച്ച് ഒപ്പു വയ്ക്കേണ്ട താണ്. അവ കോടതി അംഗീകരിക്കുന്നതിനാൽ തീയതി, പേര് ഇവ തിരുത്തലുകളില്ലാതെ കൃത്യമായി എഴുതിയിരിക്കണം.
10. രൂപതാ കേന്ദ്രത്തിൽ നിന്നുള്ള കൽപ്പനകൾ, അനുവാദങ്ങൾ ഇവ പ്രത്യേകം ഫയലിൽ സൂക്ഷിക്കണം.
11. പൊതുയോഗത്തിന്റെയും പ്രതിനിധിയോഗത്തിന്റെയും മിനിറ്റ്സ് പുസ്തകം യഥാസമയം പൂർണ്ണമായി എഴുതി ഒപ്പുവച്ച തായിരിക്കണം.
12. നാൾ വഴി (ജേർണൽ)
13. വാർഷികതെരട്ട് പുസ്തകം
14. വിവാഹപരസ്യ പുസ്തകം
15. അറിയിപ്പ് പുസ്തകം
16. ദൈവവിളി രജിസ്റ്റർ (updated)
17. രൂപതാ ബുള്ളറ്റിൻ - പഴയവയെല്ലാം ബൈന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
18. ഗവൺമെന്റ്, മുൻസിപ്പാലിറ്റി, പഞ്ചായത്ത്, വില്ലേജ് തുടങ്ങിയവയുമായുള്ള അപേക്ഷകളും മറുപടികളും അടങ്ങുന്ന ഫയൽ.
19. കരങ്ങൾ അടച്ചവയുടെ രേഖകൾ; ഭൂനികുതി, കെട്ടിട നികുതി etc.
20. പള്ളി, പള്ളിമുറി, പാരിഷ്ഹാൾ തുടങ്ങിയവയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ
21. സ്ഥലത്തിന്റെ ആധാരം / കോപ്പി, പട്ടയം etc.
22. ഓഡിറ്റ് റിപ്പോർട്ട് ഫയൽ
23. ഇടയ ലേഖനങ്ങൾ, സർക്കുലർ ഇവയുടെ ഫയൽ
24. സ്ഥാവര - ജംഗമ വസ്തുക്കളുടെ വിശദവിവരങ്ങളടങ്ങിയ പട്ടിക

25. പുരാതന വസ്തുക്കൾ ഉണ്ടെങ്കിൽ അവയുടെ ലിസ്റ്റ്.
26. പള്ളിയുടെ നോട്ടീസുകളുടെ ഫയൽ.
27. കൂദാശകൾ മുടക്കപ്പെട്ടവരുണ്ടെങ്കിൽ അവരുടെ വിവരങ്ങൾ അടങ്ങിയ ഫയൽ.
28. ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ അടങ്ങിയ ഫയൽ.
29. 12 AB രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപ്ഡേറ്റഡ് ഫയൽ.

**NB:** നിയമാവലി നമ്പർ 340ൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുക: ഡിജിറ്റൽ രേഖകളുണ്ടെങ്കിലും ആത്മസ്ഥിതി പുസ്തകവും അനുബന്ധ രേഖകളും ഹാർഡ് കോപ്പി സൂക്ഷിക്കേണ്ടതാണ്.

**5. കൈക്കാരൻമാരുടെ കോഴ്സ് മെയ് 24 & 27**

മണിമൂളി-നിലമ്പൂർ റീജിയണിലെ കൈക്കാരൻമാർക്കായി മെയ് 24 ഞായറാഴ്ചയും ഏപ്രിൽ 14 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച്നടത്തിയ സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർക്ക് വേണ്ടി മെയ് 27 ബുധനാഴ്ച (ബക്രീദ് ആയതിനാൽ അന്ന് പൊതു അവധി ആണല്ലോ) ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് കോഴ്സ് നടത്തുന്നതായിരിക്കും. വികാരിയച്ചന്മാർ ഇക്കാര്യം ഇനിയും പങ്കെടുക്കാത്ത കൈക്കാരന്മാരെ അറിയിക്കുകയും അവരെ പറഞ്ഞ് വിടുകയും ചെയ്യുമല്ലോ. കോഴ്സ് രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചക്കഴിഞ്ഞ് 3.45 ന് അവസാനിക്കുന്നതാണ്.

**6. ബഹു. വൈദികരുടെയും പള്ളി ജീവനക്കാരുടെയും അലവൻസ്**

2026 ഏപ്രിൽ മുതൽ ബഹു. വൈദികരുടെ അലവൻസ് 500 രൂപ ഇൻക്രിമെന്റ് ഉൾപ്പെടെ 16,500/ രൂപയായിരിക്കും. ദൈവാലയ ശുശ്രൂഷികൾക്കും അക്കൗണ്ടന്റിനും നിലവിൽ കൈപ്പറ്റുന്ന ശമ്പളത്തോട് ഇൻക്രിമെന്റ് തുക ചേർത്ത് ഏപ്രിൽ മാസം മുതൽ നൽകേണ്ടതാണ്. ദൈവാലയ ശുശ്രൂഷിക്കു ഇൻക്രിമെന്റ് 150 രൂപയും അക്കൗണ്ടന്റിന്റെ ഇൻക്രിമെന്റ് 100 രൂപയുമാണ്.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

# റിപ്പോർട്ട് - വൈദിക സമ്മേളന യോഗം

**(24/03/2026)**

രണ്ടായിരത്തി ഇരുപത്താറ് വർഷത്തിലെ മാനന്തവാടി രൂപതാ വൈദികരുടെ പ്രഥമ യോഗം 24/03/2026 നു ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽവച്ച് ചേരുകയുണ്ടായി. നവ വൈദികനായ ബഹു. ജെഫിൻ കോട്ടയ്ക്കുപുറത്ത് അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പരിശുദ്ധ പിതാവ് ലെയോ പാപ്പായുടെ ആഹ്വാനം സ്വീകരിച്ച് നാം എല്ലാവരും ഉണർവോടെ നോമ്പിന്റെ ചൈതന്യത്തിൽ നമ്മുടെ അജപാലന മേഖലകളിൽ ഉത്തരവാദിത്തബോധത്തോടെ വ്യാപരിക്കുവാൻ ആശംസകൾ നേർന്നുകൊണ്ട് രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

നവ വൈദികരായ ബഹു. ഫാ. ജിതിൻ ചേറാടിയിൽ, ഫാ. ജോബിൻ ചിറയിൽപ്പറമ്പിൽ, ഫാ. ജെഫിൻ കോട്ടയ്ക്കുപുറത്ത്, ഫാ. ഷിന്റോ കുളങ്ങര എന്നിവരെ വൈദിക കൂട്ടായ്മയിലേക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പൂക്കൾ നൽകിക്കൊണ്ട് സ്വാഗതം ചെയ്തു.

താഴെപ്പറയുന്ന കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയും തീരുമാനം എടുക്കുകയും ചെയ്തു.

**1. വാർഷിക കണക്കും ബഡ്ജറ്റും**

രൂപതാ പ്രൊക്കുറേറ്റർ ബഹു. ജോസ് കൊച്ചറക്കൽ അച്ചൻ രൂപതയുടെ 2025-2026 വർഷത്തെ കണക്കും 2026-2027 വർഷത്തെ ബഡ്ജറ്റും അവതരിപ്പിച്ചു. രൂപതയുടെ പൊതുകടം കുറയുന്നതായും രൂപതയിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റിയും റിപ്പയറിംഗ് ആൻഡ് മെയിന്റനൻസ് ജോലികളെപ്പറ്റിയും അച്ചൻ വിശദീകരിച്ചു. ഭാവിയിൽ രൂപതയ്ക്ക് സാമ്പത്തിക നേട്ടമുണ്ടാക്കുന്ന പ്രൊജക്ടുകളെപ്പറ്റിയും വിശദീകരിച്ചു. താഴെയങ്ങാടിയിലുള്ള സ്ഥലത്തിന്റെ കൺവേർഷൻ നടത്താനായാൽ ഭാവിയിൽ അവിടെ നടത്തുവാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റിയും വിശദീകരിച്ചു. മാനന്തവാടി ഗവൺമെന്റ് സ്കൂളിനോട് ചേർന്നുള്ള രൂപതയുടെ സ്ഥലം ഉപയോഗപ്പെടുത്തി ചെയ്യാവുന്ന കാര്യങ്ങളുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ഉചിതമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. പിതാക്കന്മാർ റിട്ടയർ ചെയ്യുമ്പോൾ താമസിക്കുവാനുള്ള ഒരു റിട്ടയർമെന്റ്

ഹോംമിനെ പറ്റിയുള്ള ആശയങ്ങൾ യോഗത്തിൽ പങ്കുവെക്കുകയും അത് നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു.

**2. സമുദായ ശക്തീകരണ വർഷം 2026**

സമുദായ ശക്തീകരണ വർഷത്തിൽ സമുദായ അവബോധം ഉണ്ടാവുക എന്നതിനാണ് ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടതെന്നും പ്രത്യേകമായി വൈദികർ ഈ അവബോധത്തിൽ ആഴപ്പെടേണ്ടതിന്റെ ആവശ്യകതയും നമ്മൾ ഒന്നിച്ച് സമുദായം എന്ന് ചിന്തിയ്ക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സമുദായ ശക്തീകരണ വർഷത്തിൽ നമ്മൾ ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റിയും രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് വിശദീകരിച്ചു. രൂപതാ മാർഗ്ഗരേഖ തയാറായിരിക്കുന്ന സാഹചര്യത്തിൽ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ വൈദിക ശുശ്രൂഷയിൽ ഉണ്ടാകേണ്ട മാറ്റങ്ങളെപ്പറ്റിയും ചർച്ച ചെയ്തു.

**3. ചൂരൽമല: വീട് നിർമ്മാണ പുരോഗതി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ബഹു. ജിനോജ് പാലത്തടത്തിൽ അച്ചൻ മാനന്തവാടി രൂപത ചൂരൽമല ദുരന്തത്തിൽപ്പെട്ടവർക്കായി വാഴവറ്റയിലും തോമാട്ടുചാലിലുമായി 53 വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നതായി അറിയിച്ചു. ഇതിനോടകം 2 വീടുകൾ വെഞ്ചിരിച്ചു താമസിക്കുവാനായി നൽകുകയും ചെയ്തു എന്നറിയിച്ചു. കുടുംബാംഗങ്ങളുടെ എണ്ണമനുസരിച്ച് 15 സെന്റ്, 10 സെന്റ്, 5 സെന്റ് എന്ന തരത്തിലാണ് സ്ഥലം വിഭജിച്ചു നൽകിയിരിക്കുന്നത്. രൂപതയിലെ നിരവധി ഇടവകകൾ, സന്യാസ ഭവനങ്ങൾ എന്നിവരുടെ സാമ്പത്തിക സഹായവും, രൂപതയ്ക്ക് പുറമെ നിന്നുള്ള വിവിധ രൂപതകളുടെ സഹായവും ലഭിച്ചിട്ടുള്ളതായി അറിയിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ വൈദികർക്കുള്ള ഇൻഷുറൻസ് പദ്ധതികൾ പെൻഷൻ പദ്ധതി എന്നിവയെപ്പറ്റി ആശയങ്ങൾ പങ്കുവച്ചു. പെൻഷൻ പദ്ധതിയെപ്പറ്റിയുള്ള വൈദികരുടെ അഭിപ്രായം വ്യക്തിപരമായി രേഖപ്പെടുത്തുവാൻ രൂപതാ കേന്ദ്രത്തിൽ നിന്ന് കത്തു കൊടുക്കാം എന്ന് തീരുമാനിച്ചു. ഭാഗ്യ സ്മരണാർഹനായ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ പേരിൽ ഒരു സ്മാരകമോ ഒരു സ്കോളർഷിപ്പോ ഏർപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്തു.

**4. പ്രമേയം പാസ്സാക്കി**

വിശുദ്ധവാരത്തിലെ പ്രധാന ദിവസങ്ങളിൽ എൻട്രൻസ് പരീക്ഷകൾ നടത്തുവാൻ തീരുമാനിച്ച നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ തീരുമാനം പുനഃക്രമീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് രൂപതാ പി. ആർ. ഓ. ബഹു. ജോസ് കൊച്ചറക്കൽ പ്രമേയം അവതരിപ്പിക്കുകയും തുടർന്ന് ഐക്യകണ്ഠേന പ്രമേയം പാസാക്കുകയും ചെയ്തു.

**സമാപന സന്ദേശം**

സമുദായ ശക്തീകരണ വർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുന്നോട്ടു പോകുവാനും പദ്ധതികൾ ആവിഷ്കരിക്കുവാനും സർപ്പങ്ങളെപോലെ വിവേകികളും പ്രാവിനെപ്പോലെ നിഷ്കളങ്കരുമായി അജപാലന മേഖലയിൽ വ്യാപരിക്കുവാൻ പ്രത്യേക ശ്രദ്ധവേണം എന്നും സമാപന സന്ദേശത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പറഞ്ഞു. രൂപതയിൽ ആരംഭിക്കുന്ന ഇൻഷുറൻസ് പദ്ധതികളെപ്പറ്റിയും അതിന് എല്ലാവരുടെ സഹകരണം ആവശ്യപ്പെട്ടുകൊണ്ടും ടെക്ലെസിയ പ്ലാറ്റ് ഫോമിലേക്ക് മാറേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പിതാവ് സംസാരിച്ചു.

രൂപതാ സിഞ്ചെല്ലൂസ് റവ. ഫാ. ജോസഫ് മുതിരക്കാലായിൽ നന്ദി പറയുകയും യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

## 2026 മെയ് മാസത്തിൽ കുടുംബ കൂട്ടായ്മയിലെ പഠനവിഷയം- നവോത്ഥാനവും ക്രൈസ്തവ സമുദായവും

**ആമുഖം**

കേരള നവോത്ഥാനത്തിൽ ക്രൈസ്തവരുടെ സംഭാവനകൾ അവിസ്മരണീയമാണ്. കേരളം ഒരു ഭ്രാന്താലയമാണെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞ സ്ഥലത്തുനിന്നും സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക രാഷ്ട്രീയ പുരോഗതിയുടെ കേരള മോഡലിലേക്ക് കേരളത്തെ വളർത്തിയെടുത്തതിൽ ക്രൈസ്തവരുടെ പങ്ക് നിസ്തുലമാണ്.

**1. എന്താണ് നവോത്ഥാനം?**

പഴയ ചിന്താരീതികളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ജീവിതരീതികളും മാറ്റി ആധുനിക ചിന്താരീതികളും ജീവിതശൈലിയും ശാസ്ത്രീയമായ കാഴ്ചപ്പാടുകളും സമത്വം സാഹോദര്യം സ്വാതന്ത്ര്യം തുടങ്ങിയ ആധുനിക ആശയങ്ങൾ ജീവിതക്രമം ആകുന്നതിനെയാണ് നവോത്ഥാനം എന്ന് പറയുന്നത്. കേരളത്തിന്റെ നവോത്ഥാനത്തിൽ ക്രൈസ്തവർ എന്ത് സംഭാവന ചെയ്തു എന്ന് അറിയണമെങ്കിൽ കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വിദ്യാഭ്യാസ അവസ്ഥകളെക്കുറിച്ച് അറിഞ്ഞിരിക്കണം.

പഴയനിയമത്തിൽ രാജാക്കന്മാരുടെ പുസ്തകത്തിൽ സോളമൻ രാജാവിന്റെ കാലത്ത് ഇസ്രായേൽ രാജ്യത്തിന് കേരളവുമായി വാണിജ്യ ബന്ധം ഉണ്ടായതായി സൂചനയുണ്ട്. ക്രിസ്തുവിന് മുമ്പ് ജീവിച്ചിരുന്ന പ്ലീനിയുടെ വിവരണങ്ങൾ റോമാസാമ്രാജ്യത്തിന് മലബാറും ആയി ഉണ്ടായിരുന്ന സമ്പർക്കത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നു. ഈജിപ്ത്, ഗ്രീക്ക്, ബാബിലോണിയ, മെസപ്പൊട്ടോമിയ തുടങ്ങിയ പ്രാചീന സംസ്ക്കാര കേന്ദ്രങ്ങളിൽ നിന്നും പുരാവസ്തു ഗവേഷകർ കണ്ടെടുത്ത വസ്തുക്കളും ഇതിലേക്ക് കൂടുതൽ വിവരങ്ങൾ നൽകുന്നു. ഈ വസ്തുതകളെല്ലാം തെളിയിക്കുന്നത് ക്രിസ്തുവിന്റെ ജനനത്തിന് മുമ്പ് തന്നെ കേരളത്തിന് ഇസ്രായേലുമായി അടുത്ത ബന്ധം ഉണ്ടായിരുന്നുവെന്നും, സ്വാഭാവികമായി ക്രിസ്തുമതത്തിന്റെ ആരംഭത്തിൽ തന്നെ ക്രിസ്തു ശിഷ്യർ മതപ്രചരണത്തിനായി കേരളക്കരയിൽ എത്തിച്ചേർന്നിരുന്നു എന്നുമാണ്. മാർത്തോമാ മാർഗം തോമാശ്ലീഹായുടെ വരവും പ്രവർത്തനങ്ങളും സവിസ്തരം പ്രതിപാദിക്കുന്നു.

ക്രിസ്തുവർഷത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ കേരളം

പ്രാചീന തമിഴകത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നു. ചേര, ചോള, പാണ്ഡ്യ എന്നിങ്ങനെ മൂന്നു പ്രധാന രാജ്യങ്ങളും നാട്ടുരാജ്യങ്ങളും കൂടിച്ചേർന്നതായിരുന്നു അക്കാലത്തെ തമിഴകം. ഇവയിൽ ചേര ദേശവും ഏഴിമലയും ആഴി രാജ്യവുമെല്ലാം കേരളത്തിലെ മുഖ്യ പ്രദേശങ്ങളായിരുന്നു. സംഘകാല കൃതികളായ തോൽകാപ്പിയം അകനാനൂറ്, പുറനാനൂറ് തുടങ്ങിയ കൃതികളിൽ കേരളത്തിലെ അക്കാലത്തെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ജീവിതത്തെക്കുറിച്ച് വ്യക്തമായ സൂചനകളുണ്ട്. അക്കാലത്ത് രചിക്കപ്പെട്ട മധുരൈ കാഞ്ചി എന്ന സംഘസാഹിത്യത്തിൽ മഹാബലി വാണിരുന്ന കാലഘട്ടത്തിലെ ജനജീവിതത്തിന്റെ വ്യക്തമായ വിവരണമുണ്ട്. ക്രിസ്തുമതം കേരളത്തിൽ എത്തിയ കാലഘട്ടത്തിൽ ഇവിടെ ഹൈന്ദവ മതവും ജൈനമതവും ബുദ്ധമതവും സജീവമായി നിലനിന്നിരുന്നു. ഈ മതങ്ങളെല്ലാം ഐക്യത്തിലും സ്നേഹത്തിലുമാണ് നിലനിന്നിരുന്നത്. വടക്കേ ഇന്ത്യയിൽ നിലനിന്നിരുന്ന ബ്രാഹ്മണ മതത്തിലെ ജാതിവ്യവസ്ഥയും ബ്രാഹ്മണ ആധിപത്യവും കേരളത്തിൽ ഉണ്ടായിരുന്നില്ല. സ്ത്രീ പുരുഷ വ്യത്യാസം ഇല്ലാതെ സമൂഹത്തിൽ എല്ലാ കാര്യങ്ങളിലും സ്ത്രീകൾക്ക് തുല്യ പ്രാധാന്യം ലഭിച്ചിരുന്നു. ക്രൈസ്തവർക്ക് കേരള സാമൂഹ്യ പശ്ചാത്തലത്തിൽ ഉന്നത സ്ഥാനമായിരുന്നു ഉണ്ടായിരുന്നത്. ഏഴാം നൂറ്റാണ്ടോടുകൂടി കേരളത്തിലെ സാമൂഹ്യ സാഹചര്യങ്ങൾ മാറി വരികയും ജാതിവ്യവസ്ഥയും അടിമത്തവും ഉച്ചനീചത്വങ്ങളും നിറഞ്ഞ ഒരു സാമൂഹ്യ വ്യവസ്ഥിതി കേരളത്തിൽ രൂപപ്പെട്ടു. ഇതിനു പ്രധാന കാരണം ന്യൂനപക്ഷം വരുന്ന ഉന്നത കുലജാതർ ഭരണത്തിന്റെ ചുക്കാൻ പിടിക്കുകയും ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗത്തെ താഴ്ന്ന ജാതിക്കാർ എന്ന് മുദ്രകുത്തി ജാതിയുടെയും മതത്തിന്റെയും ആചാരത്തിന്റെയും പേരിൽ അയിത്തം കൽപ്പിച്ചു പൊതുജീവിതത്തിൽ നിന്ന് മാറ്റി നിർത്തുകയും താഴ്ന്ന ജാതിക്കാർ സമൂഹത്തിന്റെ മുഖ്യധാരയിൽ വരികയോ ദൃഷ്ടിയിൽ പെടുകയോ ചെയ്താൽ പോലും ദോഷമാണെന്ന് കണക്കാക്കപ്പെടുകയും ചെയ്തു. നാൽക്കാലികളും ഇഴ ജന്തുക്കളും യഥേഷ്ടം സഞ്ചരിച്ചിരുന്ന പൊതു നിരത്തുകളിലൂടെ മനുഷ്യർക്ക് സഞ്ചരിക്കുവാനും നഗ്നത പൂർണമായും മറയ്ക്കുവാനും വിദ്യാഭ്യാസം ചെയ്യുവാനും നിയമം അനുവദിക്കാതിരുന്ന അവസ്ഥയുണ്ടായിരുന്നു.

**1. A മത സാംസ്കാരിക പശ്ചാത്തലം**

വ്യത്യസ്ത മതവിഭാഗങ്ങൾ സമ്മിശ്രമായി ജീവിച്ച ഒരു സംസ്

കാരമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എ ഡി 800 അടുത്തുവരെ കേരളം മിക്കവാറും തമിഴകത്തിന്റെ ഒരു ഭാഗമായിരുന്നു. തമിഴിന്റെ ഒരു പ്രാദേശിക ഭാഷയായിരുന്നു അന്നത്തെ കേരള ഭാഷ. എ.ഡി. ഒമ്പതാം നൂറ്റാണ്ടോകൂടി ചരിത്രപരമായ സാഹചര്യങ്ങളാൽ സംസ്കൃതത്തിന്റെ സ്വാധീനത്തിൽപ്പെട്ട മലയാളം പ്രത്യേക ഒരു ഭാഷയായി വളരാൻ തുടങ്ങി. കേരളത്തിന് വിദേശ രാജ്യങ്ങളുമായുള്ള ബന്ധം, വിവിധ മതങ്ങളുടെ സ്വാധീനം, ആരാധനാലയങ്ങൾ, കലകൾ, വിദ്യാഭ്യാസം, ഭാഷയും സാഹിത്യവും, ജന്മിത്തവും ഫ്യൂഡൽ വ്യവസ്ഥയും ജാതിവ്യവസ്ഥ മുതലായവ കേരളത്തിന്റെ സംസ്ക്കാരത്തെ രൂപപ്പെടുത്തി. ബി. സി. 3000 മുതൽ പ്രാചീന കേരളം വിദേശികളെയും വൈദേശിക സംസ്കാരങ്ങളെയും കേരളത്തിലേക്ക് ആകർഷിച്ചു. അറേബ്യ, ഫിനിഷിയ, റോം, ചൈന, ഗ്രീസ്, ഈജിപ്ത് മുതലായ രാജ്യങ്ങളുമായി കേരളത്തിന് വ്യാപാരബന്ധം ഉണ്ടായിരുന്നു. കൊടുങ്ങല്ലൂർ, കോഴിക്കോട്, കൊച്ചി, കൊല്ലം, പുറക്കാട്, വിഴിഞ്ഞം മുതലായവ പ്രധാന തുറമുഖങ്ങൾ ആയിരുന്നു. പ്രാചീന ഭാരതത്തിലേക്കുള്ള പ്രവേശന കവാടം ആയിരുന്നു കൊടുങ്ങല്ലൂർ. വിദേശ രാജ്യങ്ങളുമായുള്ള കച്ചവടബന്ധം മൂലം അവരുടെ സാംസ്കാരിക മൂല്യങ്ങൾ കേരളത്തെ സ്വാധീനിച്ചു. തൽഫലമായി ക്രിസ്തുമതം, ജൂതമതം, ഇസ്ലാംമതം മുതലായവ കേരളത്തിൽ പ്രചരിക്കാൻ ഇടയായി. ക്രിസ്തുവർഷം ആരംഭിക്കുന്നതിനു മൂന്നുനാല് നൂറ്റാണ്ട് മുമ്പ് ജൈനമതവും ബുദ്ധമതവും ഉത്തരേന്ത്യയിൽ നിന്ന് കേരളത്തിൽ എത്തി. AD ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുമതവും ജൂതമതവും ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം മതവും ഇവിടെ പ്രചരിക്കാൻ തുടങ്ങി. ക്രിസ്തു ശിഷ്യനായ വിശുദ്ധ തോമാശ്ലീഹ ഏഴര പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. ഇന്ത്യയിലെ ആദ്യത്തെ മുസ്ലിംപള്ളി കൊടുങ്ങല്ലൂർ ആണ് സ്ഥാപിതമായത്. ജൂതന്മാരുടെ ആദ്യ ദേവാലയവും കൊടുങ്ങല്ലൂർ ആണ് ഉണ്ടായിരുന്നത്. എട്ടാം നൂറ്റാണ്ടോടെ ഹിന്ദുമതവും കേരളത്തിൽ ശക്തമായി. കേരളത്തിൽ കാസർഗോഡ്, വയനാട് , പാലക്കാട് എന്നിവിടങ്ങളിൽ ഇന്നും ജൈനക്ഷേത്രങ്ങൾ ഉണ്ട് പ്രധാന ബുദ്ധക്ഷേത്രങ്ങൾ കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് സ്ഥിതി ചെയ്തിരുന്നത്. അമ്പലപ്പുഴയിലെ കരുമാടിക്കുട്ടൻ പ്രസിദ്ധമായ ബുദ്ധവിഗ്രഹം ആണ്. പല ജൈന ബുദ്ധമത ക്ഷേത്രങ്ങളും പിൻകാലത്ത് ഹിന്ദു ക്ഷേത്രങ്ങളായി മാറി. കന്യാകുമാരി ജില്ലയിലെ ചിതറാൽ ഗ്രാമത്തിലെ ഭഗവതി ക്ഷേത്രം നാഗർകോവിലിലെ നാഗരാജ ക്ഷേത്രം എന്നിവ ഉദാഹരണം.

സാമൂഹിക മതകാര്യങ്ങളിൽ ബ്രാഹ്മണർക്ക് പ്രഥമ സ്ഥാനം ലഭിച്ചതോടെ ഭരണകർത്താക്കളായ ക്ഷത്രിയരും, പടയാളികളായ നായന്മാരും അവരുടെ നിയന്ത്രണത്തിലായി. തൊട്ടു കൂടായ്മ തീണ്ടി കൂടായ്മ കാഴ്ചയുടെ പരിധിയിൽ വരാതിരിക്കുക മുതലായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പെൺകുട്ടികളെ ദേവന്റെ ദാസിമാരായി ക്ഷേത്രങ്ങളിൽ സമർപ്പിച്ചിരുന്ന ദേവദാസി സമ്പ്രദായവും സാമൂഹിക സാമ്പത്തിക വളർച്ചയെ തടഞ്ഞുനിർത്തിയ ജന്മിത്ത വ്യവസ്ഥിതിയും, അടിമ കച്ചവടവും, ജാതി വ്യവസ്ഥയും കേരള സമൂഹത്തിൽ നിലവിൽ വന്നു. സാമൂഹ്യ പരിഷ്കർത്താക്കളുടെയും ക്രിസ്ത്യൻ മിഷനറിമാരുടെയും നേതൃത്വത്തിൽ അവർണർ അവകാശങ്ങൾ ഓരോന്നായി നേടിയെടുത്തതോടെ സമൂഹത്തിന്റെ മുഖഛായക്ക് മാറ്റം വന്നു.

**1. B. സാമൂഹിക പശ്ചാത്തലം**

നിരവധി അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മൂലം സാധാരണക്കാരുടെ ജീവിതം ദുരിത പൂർണ്ണമായിരുന്നു. സ്വർണാഭരണങ്ങൾ അണിയുക, വസ്ത്രങ്ങൾ ധരിക്കുക, തലപ്പാവ് ധരിക്കുക, കുടപിടിക്കുക, മീശ വയ്ക്കുക മുതലായ കാര്യങ്ങൾക്ക് രാജാവിൽ നിന്നോ നാടുവാഴികളിൽ നിന്നു അനുവാദം വാങ്ങേണ്ടതുണ്ടായിരുന്നു. ജാതിയേക്കാൾ ദുഷ്കരമായിരുന്നു ജാതിക്കുള്ളിലെ ജാതി. ഒരു ജാതിയിലെ അവാന്തര വിഭാഗങ്ങൾ പരസ്പരം വിവാഹം കഴിക്കുകയോ ഒന്നിച്ച് ഭക്ഷണം കഴിക്കുകയോ ചെയ്തിരുന്നില്ല. ശൈശവ വിവാഹം, ബഹുഭാര്യത്വം തുടങ്ങിയ വികലമായ സാമൂഹ്യ ക്രമങ്ങൾ കേരളത്തിൽ പൊതുവേ ഉണ്ടായിരുന്നു.

**1. C. ജന്മിത്ത വ്യവസ്ഥിതി**

നൂറ്റാണ്ടുകളോളം കേരളത്തിലെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് വിലങ്ങുതടിയായി നിന്നിരുന്ന ജന്മിത്ത വ്യവസ്ഥിതിക്ക് മാറ്റം വന്നതോടെയാണ് കേരളത്തിൽ സാമൂഹിക സാമ്പത്തിക പുരോഗതിക്ക് ആക്കം കൂടിയത്. ഓരോ വിശേഷ അവസരങ്ങളും അധ്വാനിക്കുന്ന വർഗ്ഗങ്ങളിൽ നിന്ന് അവർ ക്ലേശിച്ചുണ്ടാക്കിയ ആദായം പിഴിഞ്ഞെടുക്കാനുള്ള സന്ദർഭമായി ഉപയോഗിച്ചു. ഈ വരുമാനമാകട്ടെ ബ്രാഹ്മണർക്ക് വേണ്ടിയും ക്ഷേത്രങ്ങൾക്ക് വേണ്ടിയും ആഘോഷങ്ങൾക്ക് വേണ്ടിയും പൊടിപൂരമായി ദുർവിനിയോഗം ചെയ്തു.

**1. D. ജാതിവ്യവസ്ഥ**

തെക്കേ ഇന്ത്യൻ സമൂഹത്തിൽ ചാതുർവർണ്യത്തിന്റെ മൂന്നു ജാതികൾ ഉണ്ടായിരുന്നു. മതാധിപതികളും പൂജാദി കർമ്മങ്ങൾ

ചെയ്യുന്ന ബ്രാഹ്മണർ, രാജാക്കന്മാരായ ക്ഷത്രിയർ, ബാക്കി യെല്ലാവരും ശൂദ്രന്മാരായി കണക്കാക്കി. കച്ചവടം അന്ന് വിദേശിക ളുടെയും ജൂതന്മാർ, ക്രിസ്ത്യാനികൾ, അറബികൾ എന്നിവരുടെ അധീനതയിൽ ആയിരുന്നതിനാൽ വൈശ്യർ ഇവിടെ ഉണ്ടായിരു ന്നില്ല. അങ്ങനെ ആദ്യകാലത്ത് ജാതിരഹിതവും സമത്വസുന്ദരവും ആയിരുന്ന കേരള സമൂഹം ക്രമേണ ജാതി വ്യവസ്ഥയുടെയും ജന്മിത്ത വ്യവസ്ഥയുടെയും കടുത്ത നിയന്ത്രണങ്ങളാൽ വീർപ്പു മുട്ടി. അടുക്കാൻ പറ്റാത്ത ജാതിക്കാർ അടുക്കുന്നതിന് തീണ്ടുക എന്നാണ് പറയുക. തമ്മിൽ തൊട്ടാൽ അശുദ്ധമാക്കപ്പെടുന്ന ജാതി കൾ പലതുണ്ട്. ഇതിനെ തൊടിൽ എന്നു പറയുന്നു. ഇങ്ങനെ അശു ദ്ധമാക്കപ്പെടുന്നവർ കുളിച്ചാൽ അശുദ്ധം മാറി സ്വഗ്രഹത്തിൽ പ്രവേശിക്കാനാവും. മേൽ ജാതിക്കാർ എന്ന് അവകാശപ്പെട്ടിരുന്ന വർ തമ്മിലും അയിത്തമുണ്ടായിരുന്നു. നായന്മാർ ബ്രാഹ്മണനിൽ നിന്ന് 16 അടി മാറി നിൽക്കണം. അല്ലെങ്കിൽ ബ്രാഹ്മണൻ അശുദ്ധ രാക്കപ്പെടും. ഈഴവർ ബ്രാഹ്മണനിൽ നിന്ന് 32 അടി അകലത്തിലും. നായന്മാരിൽ നിന്ന് 16 അടി അകലത്തിലും മാറിനിൽക്കണം. പുല യർ ബ്രാഹ്മണരിൽ നിന്ന് 64 അടിയാണ് മാറി നിൽക്കേണ്ടിയി രുന്നത്. കുറ്റം ചെയ്താൽ ജാതി നോക്കിയായിരുന്നു ശിക്ഷ വിധിച്ചി രുന്നത്. കേരളത്തിലെ സുറിയാനി ക്രൈസ്തവർക്ക് ബ്രാഹ്മണർക്ക് തൊട്ടു താഴെയും നായന്മാർക്ക് മുകളിലും ആയ സാമൂഹിക പദവി യാണ് ലഭിച്ചിരുന്നത്.

**2. മിഷനറിമാരുടെ പ്രവർത്തനവും കേരളത്തിന്റെ നവോത്ഥാ നവും**

കേരളത്തിന്റെ നവോത്ഥാനത്തിന് വിത്തുപാകിയത് ഇവി ടുത്തെ ആധുനിക വിദ്യാഭ്യാസമായിരുന്നു. അതുവരെ വേദങ്ങളും ഉപനിഷത്തുകളും മാത്രം പ്രധാനമായും പഠിപ്പിച്ചിരുന്ന ഗുരുകുല സമ്പ്രദായം ആയിരുന്നു കേരളത്തിൽ നിലനിന്നിരുന്നത്.

സമത്വവും സ്വാതന്ത്ര്യവും ആഗോള സഹോദര്യവും തുല്യ അവകാശവും വേണമെന്ന് വാദിക്കുന്നതാണ് ക്രൈസ്തവ ദൈവ ശാസ്ത്രം. ശിഷ്യന്മാർക്കിടയിൽ ഒരു സേവകനെ പോലെ പ്രവർത്തി ച്ചുകൊണ്ട് ഏറ്റവും താഴെക്കിടയിൽ ഉള്ള മനുഷ്യരോടു പോലും തുല്യരാണെന്ന് യേശു വെളിപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്തു. കേരളത്തിലെ അവർണരും അടിച്ചമർത്തപ്പെട്ടവരുമായ ജനവിഭാഗത്തിന്റെ സാമൂഹിക ഉയർത്തെഴുന്നേൽപ്പിനു വിദേശ മിഷനറിമാർ നൽകിയ സേവനങ്ങൾ നിസ്തുലമാണ്. കേരളത്തെ അടിമത്തത്തിൽ നിന്നും അയിത്തത്തിൽ നിന്നും ജാതിവ്യവസ്ഥ

യിൽ നിന്നും സമൂഹ്യത്തിന്റെ പുതിയ പന്ഥാവിലേക്ക് നയിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. മനുഷ്യാധിഷ്ഠിതമായ ഒരു നൂതന സംസ്കാരം കേരളീയർക്ക് നൽകിയത് പ്രധാനമായും ക്രൈസ്തവ മിഷനറിമാർ തന്നെയാണ്. ഹൈന്ദവ ആചാരാനുഷ്ഠാനങ്ങൾ അനുവർത്തിച്ചു പോന്ന ഇന്നാട്ടിലെ സാധാരണ ജനങ്ങൾ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകി ദിശാബോധമില്ലാത്ത ജീവിതമാണ് നയിച്ചിരുന്നത്. ഇഷ്ട ദൈവങ്ങളെ പ്രതിഷ്ഠിച്ചുള്ള തെക്കിനികളിൽ (കുടുംബകോവിൽ) പൂജ നടത്തുകയും ദുർമന്ത്രവാദികളെ കൊണ്ട് പ്രശ്നങ്ങൾ പറയിച്ചു അവർ നിർദ്ദേശിക്കുന്ന പരിഹാരക്രമങ്ങൾ നടത്തുകയും, മരിച്ചുപോയവർ ദുരാത്മാക്കളായി വന്ന് ഉപദ്രവിക്കാതിരിക്കാൻ വാതക്കു വെക്കുന്ന പതിവും എല്ലാം മാറ്റിയെടുക്കുന്നതിന് ആധുനിക വിദ്യാഭ്യാസം ഉണർത്തിയ മതനവീകരണം സഹായകമായി. ക്രൈസ്തവസഭകൾ സമൂഹത്തിന് നൽകിയ സംഭാവനകൾ സവിസ്തരം കഴിഞ്ഞ മാസം നമ്മൾ വിവരിക്കുകയുണ്ടായി അതിനാൽ ഇവിടെ അത് ആവർത്തിക്കുന്നില്ല.

കേരളത്തിന്റെ തനത് കലണ്ടർ ആയ കൊല്ലവർഷം അഥവാ മലയാള വർഷം കലണ്ടർ രൂപീകരിക്കാൻ നേതൃത്വം നൽകിയത് എ. ഡി 825 ൽ മാർ സാപ്പോർ, മാർ പ്രോത്ത് എന്നിവരാണ്. കേരളത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും അത് വ്യാപിപ്പിച്ചതും കത്തോലിക്കാ മിഷനറിമാരാണ് കൊച്ചിയിലും കൊടുങ്ങല്ലൂരും 1510 ൽ ആരംഭിച്ച സ്കൂളുകളും കൊച്ചിയിൽ സ്ഥാപിച്ച സെന്റ് ആന്റണീസ് കോളേജ് (1518), മാദ്രേ ദേ ദേവൂസ് കോളേജ് (1549), ഡൊമിനിക് കോളേജ് (1550) അഗസ്തീനിയൻ കോളേജ് (1572), കൊല്ലത്തുള്ള സാൽവദോർ കോളേജ് എന്നിവ അവയിൽ പ്രധാനപ്പെട്ടതാണ്.

കേരളത്തിലെ ആദ്യത്തെ പ്രിന്റിംഗ് പ്രസ് കൊല്ലത്ത് ആരംഭിച്ചത് കത്തോലിക്കാ മിഷനറിമാരാണ്. വിശുദ്ധ ഫ്രാൻസിസ് സേവ്യർ എഴുതിയ *ഡോക്ട്രീന ക്രിസ്റ്റീന* എന്ന കത്തോലിക്കാ വിശ്വാസ സംഹിതകളുടെ *തമിഴ് വിവർത്തനമായ തമ്പിരാൻ വണക്കം* ആണ് ഇന്ത്യൻ ലിപികളിൽ ആദ്യം അച്ചടിച്ച പുസ്തകം (1578). 1686 ഹോളണ്ടിൽ പ്രസിദ്ധീകരിച്ച *ഹോർത്തൂസ് മലബാറിക്കൂസ്* ആണ് മലയാള ലിപിയിൽ അച്ചടിച്ച ആദ്യത്തെ പുസ്തകം. 1772 റോമിൽ അച്ചടിച്ച *സംക്ഷേപ വേദാർത്ഥമാണ്* മലയാള ലിപിയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ പുസ്തകം. ഇന്ത്യയിൽ വെച്ച് പ്രിന്റ് ചെയ്ത ആദ്യത്തെ മലയാള ഗ്രന്ഥം *റമ്പാൻ ബൈബിൾ*

ആണ്. 1811 ൽ മലയാള അച്ചടിയുടെ പിതാവ് ബെഞ്ചമിൻ ബെയിലിയാണ് മലയാളം ബൈബിൾ, മലയാളം ഡിക്ഷ്ണറി മുതലായവ അച്ചടിച്ചത്. ഇന്ന് നാം ഉപയോഗിക്കുന്ന മനോഹരമായ ഉരുണ്ട ബെയിലി ലിപിയാണ്. ആധുനിക കാലഘട്ടത്തിലും കത്തോലിക്ക സഭയുടെ സംഭാവനകൾ തുടരുന്നു. മലയാള അക്ഷരങ്ങളെ ആദ്യമായി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയ ഫാ. ജോർജ്ജ് പ്ലാച്ചേരി സി.എ.ഐ. ആണ് മലയാളം ഡിജിറ്റൽ ഫോണ്ടുകളുടെ പിതാവ്. പള്ളിക്കൊപ്പം പള്ളിക്കൂടം എന്ന് ആശയം നടപ്പിലാക്കിയ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനാണ് കേരള നവോത്ഥാനത്തിന്റെ പിതാവ് എന്ന് പറയാം. തെക്കൻ കേരളത്തിൽ ക്രിസ്തീയ ദൗത്യം ഉൾക്കൊണ്ട പ്രൊട്ടസ്റ്റന്റ് മിഷനറിമാരും കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് വിത്തു വിതയ്ക്കുകയും നേതൃത്വം നൽകുകയും ചെയ്തു. അർണോസ് പാതിരി മലയാളം സംസ്കൃതം നിഘണ്ടു, വ്യാകരണ ഗ്രന്ഥങ്ങൾ പുത്തൻപാന എന്നിവ എഴുതി. ഹെർമ്മൻ ഗുണ്ടർട്ട് പഴഞ്ചൊല്ലുകൾ ശേഖരിച്ചു വയ്ക്കുകയും മികവാർന്ന ഗദ്യഭാഷാ സൃഷ്ടിച്ചെടുക്കുകയും ചെയ്തു. അദ്ദേഹമാണ് ആദ്യത്തെ മലയാള പത്രമായ *രാജ്യ സമാചാരം* രണ്ടാമത്തെ മലയാള പത്രമായ *പശ്ചിമോദയം* എന്നിവ പ്രസിദ്ധീകരിച്ചത്. ഹെർമൻ ഗുണ്ടർട്ട് എഴുതിയ കേരളപ്പഴമയാണ് കേരള ചരിത്ര പഠനത്തിന് അടിത്തറ പാകിയത്. 1848 ഒരു സംസ്കൃത വിദ്യാലയവും 1864 ഒരു മലയാളം പള്ളിക്കൂടവും ചാവറ കുര്യക്കോസ് ഏലിയാസ് അച്ചൻ ആരംഭിച്ചു. 1865 ൽ പള്ളിക്കൊരു  പള്ളിക്കൂടം എന്ന വിഖ്യാതമായ കൽപ്പന പുറപ്പെടുവിക്കുകയും അന്നു തന്റെ അധികാരപരിധിയിലുണ്ടായിരുന്ന 150 പള്ളികളിൽ ബഹുഭൂരിപക്ഷത്തിലും സ്കൂളുകൾ ആരംഭിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. പള്ളിക്കൂടം, ഉച്ചക്കഞ്ഞി എല്ലാ ജാതിക്കാരെയും ഒരുമിച്ചിരുത്തിയുള്ള പഠനം, മാന്നാനത്തെ അച്ചുകൂടം തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ വിദ്യാഭ്യാസരംഗത്തെ സംഭാവനകളാണ്. പ്രൊട്ടസ്റ്റന്റ് മിഷനറിമാരിൽ വില്യം തോബിയാസ് റിങ്കിൾടോബ് 1806 ൽ എല്ലാ ജാതിക്കാർക്കും ഒരുമിച്ചിരുന്ന് പഠിക്കാവുന്ന കളരി ആരംഭിച്ചു, 1816 ൽ ആലപ്പുഴയിലെത്തിയ തോമസ് നോർട്ടൻ, 1817 ൽ കോട്ടയത്ത് എത്തിയ ബെഞ്ചമിൻ ബെയിലി, 1817 ൽ നാഗർകോവിൽ എത്തിയ ചാൾസ് മീഡ്, 1819 ൽ കോട്ടയത്ത് എത്തിയ ഹെൻട്രിബേക്കർ, 1839 ൽ തലശ്ശേരിയിൽ എത്തിയ ഗുണ്ടർട്ട് എന്നിവർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. ഇന്ന് കേരളത്തിൽ നിലവിലുള്ള ആദ്യ കോളേജായ കോട്ടയം സി എം

എസ് കോളേജ് (1817) ആരംഭിച്ചതും മിഷനറിമാരാണ്. 1859 ൽ തിരുവനന്തപുരത്തു പെൺകുട്ടികൾക്കായി ഒരു സ്കൂൾ ആരംഭിച്ചു. 1864 ഈ ക്രിസ്ത്യൻ ഗേൾസ് സ്കൂൾ ഗവൺമെന്റ് ഏറ്റെടുക്കുകയും ഇന്നാസ്ഥാപനം വിമൻസ് കോളേജ് ആയി വളർന്നു വരികയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസം ഉള്ളവർക്ക് ഇന്ത്യയിലും വിദേശത്തും തൊഴിൽ സാധ്യതയുണ്ടായിരുന്നു എന്നത് വിദ്യാഭ്യാസത്തിന്റെ പെട്ടെന്നുള്ള പ്രചരണത്തിന് വഴിതെളിച്ചു. അങ്ങനെയാണ് ഗാന്ധിജിയും രാജാറാം മോഹൻറായിയും എല്ലാം വിദേശത്തു പോയി പഠിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ക്രൈസ്തവർ നടത്തിയത് വിദ്യാഭ്യാസ സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾ മാത്രമായിരുന്നില്ല; കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തെ ഉഴുതുമറിച്ച് നവോത്ഥാനത്തിന്റെ വിത്തുകൾ പാകുകയാണ് അവർ ചെയ്തത്. ജാതി സമ്പ്രദായവും, ഉച്ചനീചത്വങ്ങളും, തൊട്ടുകൂടായ്മയും, തീണ്ടികൂടായ്മയും ദൃഷ്ടിയിൽ പെടായ്മയും, ഒരുമിച്ചിരുന്നുള്ള ഭക്ഷണവും യൂണിഫോമും മാന്യമായ വസ്ത്രധാരണ രീതികളും പിന്നീട് വന്ന പന്തിഭോജനം വസ്ത്രം ധരിക്കാനും വഴി നടക്കാനും അടിമകളുടെ മോചനത്തിനും മറ്റുമായി നടന്ന സമരങ്ങൾക്ക് കാരണമായി. ബഹു ഭാര്യാത്വവും സംബന്ധം, ശിശു വിവാഹം മുതലായ ഗാർഹിക ബന്ധങ്ങളെയും ക്രൈസ്തവ മിഷനറിമാർ നവീകരിച്ചു. ഇങ്ങനെ മിഷനറിമാർ ഒരുക്കിയ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിലാണ് മറ്റു നവോത്ഥാന നായകരായ ശ്രീനാരായണ ഗുരുവും അയ്യങ്കാളിയുമൊക്കെ പ്രവർത്തിച്ചത്. കേരളത്തിൽ ഉണ്ടായിരുന്ന അന്ധകാരയുഗത്തിൽ നിന്ന് മോചനം നേടുവാൻ ബഹുജനങ്ങളെ പ്രാപ്തമാക്കിയത് ബ്രിട്ടീഷുകാരുടെ നീതിന്യായ വ്യവസ്ഥയും അവർ പ്രചരിപ്പിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസവും ആണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ആർജിച്ച ചരിത്ര ബോധവും ശാസ്ത്രീയ ജ്ഞാനവും മനുഷ്യ സ്നേഹത്തിൽ അധിഷ്ഠിതമായ ജനാധിപത്യ ദർശനവുമാണ് കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെ തന്നെ നവോത്ഥാന നായകരെ സൃഷ്ടിച്ചത്. മിഷനറിമാരുടെ വിദ്യാലയങ്ങളിൽ നിന്ന് ശാസ്ത്രവും ചരിത്രവും ഭാഷയും പഠിച്ചത് നവോത്ഥാന കാഴ്ചപ്പാടുകൾ ഉണ്ടാക്കുവാൻ സഹായകമായി.

**2. A ജോലിക്ക് കൂലിസമരം**

ലോക തൊഴിലാളി ദിനമായി മെയ് ഒന്ന് ആചരിക്കാൻ വരുത്തിയ ചിക്കാഗോ സമരത്തിനു മുമ്പ് തെക്കൻ തിരുവിതാംകൂറിൽ നിന്ന് ജോലിക്ക് കൂലി എന്ന സമരത്തിന് തുടക്കം കുറിച്ച ദേവ

സഹായം പിള്ള തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിലെ പ്രഥമവും രോമാഞ്ചജനകവും വിസ്മൃതിയിലാണ്ട് പോയതുമായ ഒരു ചരിത്ര സംഭവമാണ്. ജന്മിമാർ തൊഴിലാളികൾക്ക് വല്ലിയും സാധനകളു മാണ് നൽകിപ്പോന്നിരുന്നത്. ഇത് അടിമത്തത്തെയും ഫ്യൂഡലിസ ത്തെയും ഉറപ്പിച്ചു നിർത്തി. തൊഴിലാളികളുടെ കൂലി പണമായി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ദേവസഹായം പിള്ളയുടെ നേതൃത്വത്തിൽ നടന്ന സമരമാണ് ജോലിക്ക് കൂലി എന്ന സമരം. ഈ സമരത്തിന് തൊഴിലാളി വിപ്ലവ ചരിത്രത്തിൽ വലിയ പ്രാധാ ന്യമുണ്ട്.

**2. B അടിമ കച്ചവട നിരോധനം**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോലും അത്യന്തം പ്രാകൃതമായ രീതിയിൽ കേരളത്തിൽ അടിമ സമ്പ്രദായം നിലനി ന്നിരുന്നു. ജാതി നിയമങ്ങൾ മൂലം നാടാർ, ഈഴവർ എന്നീ ജാതി കൾക്ക് താഴെയുള്ളവർ അടിമകൾ എന്ന നിലവാരത്തിലേക്ക് താഴ് ത്തപ്പെട്ടു. യുദ്ധ തടവുകാരെയും മരണശിക്ഷക്ക് വിധിക്കപ്പെട്ട വരെയും താഴ്ന്ന ജാതിക്കാരുമായി സമ്പർക്കത്തിൽ ഏർപ്പെടുന്ന വരെയും സാന്ദർഭികമായി അടിമകളാക്കിയിരുന്നു. തിരുവിതാം കൂറിൽ മാത്രം അന്ന് ഏകദേശം 165000 അടിമകൾ ഉള്ളതായി പറയപ്പെടുന്നു. 1841 ൽ ഒരു ശിശുവിന് ഒരു രൂപ 1.65 പൈസയും 10 വയസ്സുള്ള കുട്ടിക്ക് 3.5 രൂപയുമായിരുന്നു വില. 1835 ൽ സി എം എസ് മിഷനറിമാർ മാഡ്റോ തുരുത്തിൽ തങ്ങളുടെ അടിമ കളെ സ്വതന്ത്രരാക്കി. ഇതായിരുന്നു കേരളത്തിലെ അടിമകൾക്ക് സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള ആദ്യ പ്രഖ്യാപനം. ബ്രിട്ടീഷ് ഇന്ത്യയിൽ 1843 ൽ അടിമത്തം നിർത്തലാക്കിക്കൊണ്ട് നിയമം പാസാക്കി. ക്രിസ്ത്യൻ മിഷനറിമാർ തിരുവിതാംകൂറിലെ എല്ലാ അടിമകൾക്കും സ്വാതന്ത്ര്യം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു മെമ്മോറാണ്ടം തയ്യാറാക്കി. 1847 ൽ ഉത്രം തിരുനാൾ മാർത്താണ് ഡവർമ്മയ്ക്ക് നൽകി. എന്നാൽ രാജാവ് അത് നിരസിച്ചു. മിഷനറി മാരുടെയും ബ്രിട്ടീഷ് ഗവൺമെന്റിന്റെയും സമ്മർദ്ദ ഫലമായി 1853 സെപ്റ്റംബർ 15-ാം തീയതിക്ക് ശേഷം ജനിക്കുന്ന സർക്കാർ വക അടിമകളുടെ മക്കൾ സ്വതന്ത്രരായിരിക്കുമെന്ന് രാജാവ് വിളംബരം ചെയ്തു. എന്നാൽ അവരുടെ മാതാപിതാക്കൾ അടിമകളായി തുടർന്നു. കൊച്ചിയിലും മിഷനറിമാരുടെയും ബ്രിട്ടീഷ് ഗവൺ മെന്റിന്റെയും സമ്മർദ്ദ ഫലമായി 1855 ൽ അടിമത്തം നിരോധിച്ചു കൊണ്ടുള്ള വിളംബരം പുറപ്പെടുവിച്ചു. എന്നാൽ ഇവരുടെ പുനഃര ധിവാസത്തിന് സർക്കാർ ഒന്നും ചെയ്തില്ല. മിഷനറിമാരാണ്

അവരെ മോചിപ്പിച്ച് അവർ നടത്തുന്ന സ്കൂളുകളിൽ ചേർത്ത് പഠിപ്പിച്ചത്.

**2. C. ചാന്നാർ ലഹള**

കേരളത്തിന്റെ സാംസ്ക്കാരികവും സാമുദായികവുമായ നവോത്ഥാനത്തിൽ പ്രഥമവും പ്രധാനവുമായ മാറുമറയ്ക്കൽ സമരത്തെ തെക്കൻ തിരുവിതാംകൂറിലെ സാംസ്ക്കാരിക പ്രക്ഷോഭമായും കേരളത്തിലെ ആദ്യത്തെ ജനകീയ പ്രക്ഷോഭമായും ചരിത്ര ഗവേഷകർ വിശേഷിപ്പിക്കുന്നു. മാറുമറയ്ക്കൽ സമരം, തോൽശീല സമരം, മേൽമുണ്ട് വിപ്ലവം, ചാന്നാർ ലഹള, നാടാർ ലഹള എന്നീ പേരുകളിൽ പ്രസിദ്ധമായ വസ്ത്രധാരണ അവകാശം സ്ഥാപിക്കുന്നതിന് വേണ്ടി നടന്ന സമരം കേരള നവോത്ഥാന പ്രസ്ഥാനത്തിന് തിരികൊളുത്തിയ സമരം ആയിരുന്നു. നാഗർ കോവിലിനടുത്തും തുടർന്നും മറ്റു സ്ഥലങ്ങളിലും ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാഭ്യാസം നേടിയ നാടാർ അഥവാ ചാന്നാർ സ്ത്രീകൾ ജാക്കറ്റ് അഥവാ റൗക്ക ധരിച്ചു തുടങ്ങി. മാറുമറയ്ക്കാനുള്ള അവകാശത്തിന് വേണ്ടി ക്രിസ്ത്യൻ മിഷനറിമാരോടൊപ്പം നടത്തിയ സമരം ആദ്യം അടിച്ചൊതുക്കാൻ ശ്രമിച്ചെങ്കിലും 1859 ജൂലൈ 26 ന് മാറുമറയ്ക്കൽ അവകാശം നൽകേണ്ടതായി വന്നു.

**2. D. സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾ**

കേരളത്തിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു അയിത്തത്തിനെതിരെ നടത്തിയ പ്രക്ഷോഭം. തൊട്ടുകൂടായ്മയും തീണ്ടി കൂടായ്മയും നിലനിന്നിരുന്ന സമൂഹത്തിൽ ക്രിസ്ത്യൻ മിഷനർമാർ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജാതിമത ഉച്ചനീചത്വ ചിന്തകൾ ഇല്ലാതെ എല്ലാവരെയും ഒരുമിച്ചിരുത്തി പഠിപ്പിച്ചതും ഇങ്ങനെ വിദ്യാഭ്യാസം നേടിയവർക്ക് ജോലി ലഭിച്ചതും അയിത്തത്തിനെതിരെ പ്രതികരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു. വൈക്കം സത്യാഗ്രഹമായിരുന്നു അയിത്തോച്ചാടനത്തിനെതിരെ നടന്ന പ്രധാന സമരം. ഇന്ത്യൻ നാഷണൽ കോൺഗ്രസും നേതാക്കളായ കെ പി കേശവമേനോൻ, മന്നത്തു പത്മനാഭൻ, പരമേശ്വരൻ പിള്ള, സി വി കുഞ്ഞിരാമൻ, കെ കേളപ്പൻ മുതലായവർ സത്യാഗ്രഹത്തിൽ പങ്കെടുത്തു. മഹാത്മഗാന്ധിയുടെ ഇടപെടൽ മൂലം 1925 അവസാനത്തിൽ വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള നിരത്തുകളിൽ ജാതി വ്യത്യാസമില്ലാതെ എല്ലാവർക്കും സഞ്ചാരത്തിന് തുറന്നു കൊടുത്തു. ഇതേ തുടർന്ന് ഗുരുവായൂർ സത്യാഗ്രഹവും നടന്നു.

**2. E. ക്ഷേത്രപ്രവേശന വിളംബരം**

അവർണ്ണ സമുദായങ്ങൾക്ക് നിഷേധിക്കപ്പെട്ടിരുന്ന ക്ഷേത്ര പ്രവേശനവും, ആരാധന സ്വാതന്ത്ര്യവും അവർക്കിടയിൽ അതൃപ്തിയും രോഷവും വർധിക്കാൻ ഇടയാക്കി. സാമൂഹ്യ പരിഷ്കർത്താക്കളും ക്രിസ്ത്യൻ മിഷനറിമാരും അയിത്തത്തിനും അനാചാരങ്ങൾക്കും ജാതി വ്യവസ്ഥയ്ക്കും എതിരെ നിരന്തരമായി ശബ്ദമുയർത്തിയിരുന്നത് ക്ഷേത്രപ്രവേശന വിളംബരത്തിന് ആക്കം കൂട്ടി. ക്രിസ്തുമതം സ്വീകരിച്ചവർക്ക് ഹിന്ദുമതത്തിൽ ഉള്ളവരെ പോലെ അയിത്താചാരങ്ങൾ പാലിക്കേണ്ടതില്ലാതിരുന്നതും കൂടുതൽ പേർ ക്രിസ്തുമതത്തെ സ്വീകരിക്കാൻ കാരണമായി. ഇതു കണ്ട രാജാവും ദിവാനും 1936 നവംബർ മാസം 12 തീയതി ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചു.

**2. F. മലയാളി മെമ്മോറിയൽ**

കേരളത്തിലെ സർക്കാർ സർവീസ് തമിഴ് ബ്രാഹ്മണർക്കായി മാറ്റിവെച്ചിരിക്കുകയായിരുന്നു. ഇതിനെതിരെ നിധീരിക്കൽ മാണിക്കത്തനാർ നായർ സമുദായ നേതാക്കളുമായി ചേർന്ന് നടത്തിയ പ്രക്ഷോഭമാണ് മലയാളി മെമ്മോറിയൽ. ഇത് പിന്നീട് സർക്കാർ സർവീസിൽ നായന്മാരെ കൂടി ഉൾപ്പെടുത്തുന്നതിന് കാരണമായി.

**2. G. പൗരസമത്വ പ്രക്ഷോഭം**

ക്രൈസ്തവർക്കും മുസ്ലിങ്ങൾക്കും അവർണ്ണ ഹിന്ദുക്കൾക്കും സർക്കാർ ഉദ്യോഗം ലഭിക്കുന്നതിനായി 1921 ൽ ഷെവലിയാർ തര്യത് കുഞ്ഞുതൊമ്മൻ തിരുവിതാംകൂർ നിയമസഭയിൽ പൗരാവകാശ സമത്വ പ്രമേയം അവതരിപ്പിച്ചു. കൂടാതെ ദേവസ്വം സർവീസിൽ നിന്നും റവന്യൂ സർവീസിനെ വേർതിരിക്കുന്നതിനും റവന്യൂ സർവീസിൽ അഹിന്ദുകൾക്ക് പ്രവേശനം ലഭിക്കുന്നതിനും വഴിയൊരുക്കി.

**2. H. നിവർത്തന പ്രക്ഷോഭം**

നിയമ നിർമാണ സഭയിലെ പ്രാതിനിധ്യം ജനസംഖ്യാനുപാതത്തിൽ നൽകണമെന്ന് ആവശ്യപ്പെട്ട് നടത്തിയ പ്രക്ഷോഭമാണ് നിവർത്തന പ്രക്ഷോഭം.

**3. കേരള സമൂഹത്തെ പടുത്തുയർത്തിയ പ്രമുഖ വ്യക്തികൾ**

**അർണോസ് പാതിരി**

മലയാള സംസ്കൃത ഭാഷകളിൽ ഗണ്യമായ സംഭാവനകൾ നൽകിയ കത്തോലിക്കാ വൈദികനാണ് അർണോസ് പാതിരി. മലയാളം, സംസ്കൃതം നിഘണ്ടു, വ്യാകരണ ഗ്രന്ഥങ്ങൾ, പുത്തൻ

പാന, നിരവധി കാവ്യങ്ങൾ എന്നിവ അദ്ദേഹത്തിന്റെ സംഭാവനകൾ ആണ്.

**ഡോക്ടർ ഹെർമൻ ഗുണ്ടർട്ട്**

മലയാളഭാഷയ്ക്ക് അമൂല്യ സംഭാവനകൾ നൽകി മലയാള ഭാഷയെ ഇന്നു കാണുന്ന കെട്ടിലും മട്ടിലുമാക്കിയ പണ്ഡിതനാണ് ഡോക്ടർ ഹെർമൻ ഗുണ്ടർട്ട്. അദ്ദേഹം ഭാഷയുടെ വ്യാകരണവും ഏറ്റവും ഉത്കൃഷ്ടമായ നിഘണ്ടുവും നിർമ്മിച്ചു. കൂടാതെ നമ്മുടെ പഴഞ്ചൊല്ലുകൾ ശേഖരിക്കുകയും മികവാർന്ന ഗദ്യഭാഷ സൃഷ്ടിക്കുകയും ചെയ്തു. ആദ്യത്തെ മലയാളപത്രമായ *രാജ്യസമാചാരം*, രണ്ടാമത്തെ മലയാള പത്രമായ *പശ്ചിമോദയം* എന്നിവ പ്രസിദ്ധീകരിച്ചു. *കേരള പഴമ* എന്ന ഗ്രന്ഥത്തിലൂടെ കേരള ചരിത്രത്തിന് അടിത്തറ പാകി.

**വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ**

1848 ൽ ഒരു സംസ്കൃത വിദ്യാലയവും, 1864 ൽ മലയാളം പള്ളിക്കൂടവും ചാവറയച്ചൻ ആരംഭിച്ചു. ഇതിനു പിന്നാലെ പള്ളിക്കൊരു  പള്ളിക്കൂടം എന്ന വിഖ്യാപിത കൽപ്പനയിലൂടെ തന്റെ അധികാരപരിധിയിലുള്ള 150 പള്ളികളിൽ ബഹുഭൂരിപക്ഷത്തിലും സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു. പള്ളിയോടൊപ്പം പള്ളിക്കൂടം, ഉച്ചക്കഞ്ഞി, എല്ലാ ജാതിക്കാരും ഒരുമിച്ചിരുന്നുള്ള പഠനം, മാന്നാനത്തെ അച്ചുകൂടം എന്നിവയെല്ലാം വിദ്യാഭ്യാസരംഗത്തെ അദ്ദേഹത്തിന്റെ സംഭാവനകൾ ആണ്. ഇത് നവോത്ഥാനത്തിനും സാമൂഹ്യ പരിഷ്കരണത്തിനും കാരണമായി. ഇതു കൂടാതെ ചാവറയച്ചൻ സംസ്കൃതത്തിലും മലയാളത്തിലും കവിതകൾ എഴുതി. അദ്ദേഹത്തിന്റെ അനസ്തസ്യയുടെ രക്തസാക്ഷിത്വം എന്ന കവിത മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമാണ്. ചാവറയച്ചന്റെ നാളാഗമങ്ങൾ, ഇടയ നാടകങ്ങൾ ഇവ പ്രശസ്തമാണ്.

**വില്യം തോബിയാസ് റിങ്കിൾ ടോബ്**

പ്രൊട്ടസ്റ്റന്റ് മിഷനറിയായ വില്യം തോബിയാസ് റിങ്കിൾ ടോബ് 1806 ൽ നാഗർകോവിലിലും എല്ലാ ജാതിക്കാർക്കും ഈ ഒരുമിച്ചിരുന്ന് പഠിക്കാവുന്ന കളരി ആരംഭിച്ചു. 1816 ആലപ്പുഴയിൽ എത്തിയ തോമസ് നോർട്ടൻ, 1817 ൽ കോട്ടയത്ത് എത്തിയ ബെഞ്ചമിൻ ബെയ്‌ലി, 1817 ൽ നാഗർകോവിൽ എത്തിയ ചാൾസ് മീഡ്, 1819 കോട്ടയത്ത് എത്തിയ ഹെൻട്രി ബേക്കർ, 1839 ൽ തലശ്ശേരിയിൽ എത്തിയ  ഹെർമൻ ഗുണ്ടർട്ട്, കേരളത്തിൽ എല്ലാ ഭാഗത്തും സ്കൂളുകൾ ആരംഭിക്കുകയും കേരളത്തിൽ വിദ്യാഭ്യാസ വിപ്ലവത്തിനും നവോത്ഥാനത്തിനും തുടക്കമിടുകയും ചെയ്തു. ഇന്ന് കേരളത്തിൽ നിലവിലുള്ള  ഏറ്റവും പഴയ കോളേജ്

ആയ കോട്ടയം സി. എം. എസ്. കോളേജ്, സി എം എസ് മിഷനറി മാർ 1817ൽ ആരംഭിച്ചതാണ്.

**നിധീരിക്കൽ മാണിക്കത്തനാർ**

പത്തൊമ്പതാം നൂറ്റാണ്ടിനു ശേഷവും ക്രൈസ്തവ വിദ്യാഭ്യാസ പ്രവർത്തനങ്ങളും സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളും മുന്നോട്ടുപോയി. മലയാള സാഹിത്യകാരനും, സാമൂഹിക പ്രവർത്തകനുമായിരുന്ന ഈ സുറിയാനി വൈദികനാണ് ഇന്നത്തെ മലയാളത്തിന്റെ പത്രമുത്തശ്ശിയായ ദീപികയുടെ (നസ്രാണി ദീപിക) സ്ഥാപകൻ. മലയാള മനോരമയുടെ ആരംഭത്തിനും ഇന്നത്തെ സാഹിത്യ അക്കാദമിയുടെ ആദ്യരൂപമായ ഭാഷാപോഷിണി സഭയിലും മാസികയിലും അദ്ദേഹത്തിന്റെ കയ്യൊപ്പ് കാണാം. കേരളത്തിൽ ഹോമിയോപ്പതി ചികിത്സാരീതി പ്രചരിപ്പിച്ചത് ഇദ്ദേഹമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും നിരവധി ഗ്രന്ഥങ്ങളും ഗാനങ്ങളും രചിക്കുകയും ചെയ്തിട്ടുണ്ട്. സഭയുടെ ഐക്യത്തിനുവേണ്ടി ജാത്യക്യാ സംഘം രൂപീകരിച്ചതും മാണിക്കത്തനാർ ആണ്. ഇതാണ് ഇന്നത്തെ എ കെ സി സി യുടെ ആദ്യരൂപം.

**ബിഷപ്പ് ചാൾസ് ലവിഞ്ഞ്, ബിഷപ്പ് അഡോൾഫ് മെഡലിക്കോട്ട്**

1887 ൽ ഇന്നത്തെ സീറോ മലബാർ സഭയ്ക്ക് കോട്ടയം തൃശ്ശൂർ എന്നീ രണ്ട് വികാരിയത്തുകൾ അനുവദിച്ചപ്പോൾ യഥാക്രമം ഇവിടെ ബിഷപ്പ് ചാൾസ് ലവീഞ്ഞ്, ബിഷപ്പ് അഡോൾഫ് മെഡലികോട്ട് എന്നിവർ അധ്യക്ഷന്മാരായി. വിദ്യാഭ്യാസ നവോത്ഥാന പ്രവർത്തനങ്ങളിൽ ഇവർ അതിവ ശ്രദ്ധാലുക്കൾ ആയിരുന്നു. 1889 ബിഷപ്പ് മെഡലികോട്ട് തൃശ്ശൂർ സെന്റ് തോമസ് കോളേജ് സ്ഥാപിച്ചു. 1891 ൽ ബിഷപ്പ് ചാൾസ് ലവിഞ്ഞ് ചങ്ങനാശ്ശേരി എസ് ബി സ്കൂൾ സ്ഥാപിച്ചു. ഇതുകൂടാതെ തുടർന്നുവന്ന മെത്രാന്മാർ ചങ്ങനാശ്ശേരി എറണാകുളം തൃശൂർ വികാരിയത്തുകളിൽ ധാരാളം സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു. ഇവരെ കൂടാതെ സി. എം. സി, എഫ്. സി. സി., എസ്. എ. ബി. എസ്. വിസിറ്റേഷൻ സിസ്റ്റർമാർ പെൺകുട്ടികൾക്കായി വിദ്യാലയങ്ങളും കോളേജുകളും സ്ഥാപിച്ചു.

**പൗളിനോസ് പാതിരി**

മലയാള സാഹിത്യരംഗത്ത് നിസ്തുല സംഭാവന നൽകിയ വ്യക്തിയാണ് പൗളിനോസ് പാതിരി. അദ്ദേഹം മലയാളത്തിൽ പദ്യകൃതികളും, ഗദ്യ കൃതികളും, ചരിത്രവിവരണങ്ങളും എഴുതുകയുണ്ടായി.

**പാറേമാക്കൽ തോമാ കത്തനാർ**

ഇദ്ദേഹം എഴുതിയ വർത്തമാന പുസ്തകമാണ് മലയാളത്തിലെ ആദ്യ യാത്രാവിവരണഗ്രന്ഥം.

**ആർച്ച് ഡീക്കൻ കോശി**

ആർച്ച് ഡീക്കൻകോശിയാണ് മലയാളത്തിലെ ആദ്യ സ്വതന്ത്ര നോവലായ *പുല്ലേലി കുഞ്ചു* എഴുതിയത്.

**മഹാകവി കട്ടക്കയം ചെറിയാൻ മാപ്പിള**

ബൈബിളും ക്രൈസ്തവ വിഷയങ്ങളും ഉൾപ്പെടുത്തി അദ്ദേഹം രചനകൾ നടത്തി. അദ്ദേഹത്തിന്റെ ശ്രീയേശു വിജയം മഹാകാവ്യം പ്രസിദ്ധമാണ്.

**സിസ്റ്റർ മേരി ബനിഞ്ഞ**

മലയാളത്തിലെ പ്രസിദ്ധ കവിയത്രിയാണ് സിസ്റ്റർ മേരി ബനിഞ്ഞ. രണ്ടു മഹാകാവ്യങ്ങളും എട്ട് ഖണ്ഡകാവ്യങ്ങളും 250 ലേറെ ഭാവഗീതങ്ങളും സിസ്റ്റർ രചിച്ചിട്ടുണ്ട്. സിസ്റ്ററുടെ ഗീതാവലി, ലോകമേ യാത്ര തുടങ്ങിയ കവിതകൾ പ്രസിദ്ധമാണ്.

**മറ്റു സാഹിത്യകാരന്മാർ**

പുരാണ കഥ നിഘണ്ടു രചിച്ച പൗലോ പോൾ, പുരാണ നിഘണ്ടു രചിച്ച വെട്ടം മാണി, മലയാളത്തിലെ ആദ്യത്തെ വ്യാകരണ പുസ്തകം എഴുതിയ റവ. ജോർജ് മാത്തൻ, ബൈബിൾ വിവർത്തകനായ ആണ്ടുമാലിൽ മാണിക്കത്തനാർ, പ്രവിത്താനം പി എം ദേവസ്യ,  മഹാകവി പി.സി. ദേവസ്യ, ഷെവലിയാർ ഐ സി ചാക്കോ, പുത്തൻകാവ് മാത്തൻ തരകൻ, ചെമ്മനം ചാക്കോ, മുട്ടത്തുവർക്കി ഫാ. സെഡ് എം മുഴൂർ പാറപ്പുറത്ത് ഈശോ മത്തായി, ജോർജ് ഓണക്കൂർ, ഫാ. ജോൺ കുന്നപ്പിള്ളി, ഫാ. ജെറാർദ്ദ് കണ്ണമ്പള്ളി, സി അന്തപ്പായി, ജോസഫ് മുണ്ടശ്ശേരി, എം. പി പോൾ, എബ്രഹാം വടക്കേൽ, കെ എം തരകൻ, കെ എം ദാനിയേൽ, കെ എം ജോർജ്, ടി.എം ചുമ്മാർ, മാത്യു ഉലകംതറ. എം ഒ ജോസഫ് നെടുംകുന്നം, പാലാ കെ എം മാത്യു, ജോൺ കച്ചിറമറ്റം, സക്കറിയ, കുര്യാക്കോസ് കുമ്പളക്കുഴി, ജോസഫ് കൂട്ടുംമേൽ, തേക്കിൻകാട് ജോസഫ്, തോമസ് കണ്ണിയംപ്ലാവൻ, ജോയ്സി, വി  ജെ ജെയിംസ്, വിനായക് നിർമ്മൽ, സിപ്പി പള്ളിപ്പുറം, ബാറ്റൺ ബോസ്, അയ്മനം ജോൺ, എം തോമസ് മാത്യു, വൈജ്ഞാനിക സാഹിത്യകാരൻ മാത്യു എം കുഴിവേലി, പൊൻകുന്നം വർക്കി, സക്കറിയ, ബന്യാമിൻ, സാറ ജോസഫ് തുടങ്ങിയവർ ഭാഷാ സാഹിത്യ നവോത്ഥാനത്തിന് നേതൃത്വം നൽകിയവരാണ്.

**സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ**

എണ്ണിയാൽ ഒടുങ്ങാത്ത സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ ക്രൈസ്തവ സമുദായം ഇന്നും ചെയ്തു വരുന്നു. സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി ആരംഭിച്ചത് ചാവറയച്ചനാണ്. നിർധനർക്കുള്ള ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചത് ദൈവദാസൻ മാർ. മാത്യു കാവുംകാട്ടിലാണ്. ഭിന്നശേഷിക്കാരുടെ പരിശീലന കേന്ദ്രങ്ങൾ വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾഅഗതികളുടെ പുനരധിവാസ കേന്ദ്രങ്ങൾ, എയ്ഡ്സ് രോഗീ പരിപാലന കേന്ദ്രങ്ങൾ തുടങ്ങി 5000 ത്തോളം സ്ഥാപനങ്ങൾ ഭാരത കത്തോലിക്കാ സഭ നടത്തിവരുന്നു.

**വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ**

വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ (ഫാ. അഗസ്റ്റിൻ തേവർപറമ്പിൽ) ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും അയ്യായിരത്തിലേറെ ആളുകളെ സഭയിൽ ചേർക്കുകയും ചെയ്തു.

**ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിംഗർ**

സുറിയാനി ക്രിസ്ത്യാനികളായ ധാരാളം വൈദ്യന്മാർ മുൻ കാലങ്ങളിൽ ഇവിടെ ഉണ്ടായിരുന്നു. തിരുവിതാംകൂർ രാജാവിനെ ചികിത്സിച്ച ലൂക്കാ വൈദ്യർ അതിൽ പ്രധാനിയായിരുന്നു. ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിംങ്ങർ സ്വിറ്റ്സർലൻഡിൽ നിന്നും 1909 ൽ ഹോളിക്രോസ് സിസ്റ്റേഴ്സിനെ കേരളത്തിൽ എത്തിച്ചു. തിരുവിതാംകൂർ സർക്കാർ ആശുപത്രികളിൽ സേവനം ചെയ്യാൻ നിയോഗിച്ചു. അവർ നാട്ടുകാരായ യുവതികളെ നേഴ്സിങ് പഠിപ്പിച്ചു. അങ്ങനെയാണ് കേരളത്തിൽ അലോപ്പതി ചികിത്സ പ്രചരിക്കുന്നത്. തുടർന്ന് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് ആതുര ശുശ്രൂഷ രംഗത്തേക്ക് കടന്നുവന്നു. മോൺ ജോസഫ് ഡി പഞ്ഞിക്കാരൻ മിഷനറീസ് ഓഫ് സെന്റ് ജോസഫ് എന്ന സന്യാസിനി സമൂഹവും ആരംഭിച്ച് ആതുര ശുശ്രൂഷാരംഗം വ്യാപിപ്പിച്ചു.

**പത്മശ്രീ ഡോക്ടർ മേരി പുന്നൻ ലൂക്കോസ്**

ഇന്ത്യയിലെ ആദ്യത്തെ വനിതാ സർജനാണ് പത്മശ്രീ ഡോക്ടർ മേരി പുന്നൻ ലൂക്കോസ്. തിരുവിതാംകൂറിലെ ആദ്യത്തെ സിസേറിയൻ നടത്തിയതും ഡോക്ടർ മേരിയാണ്.

**ആരോഗ്യരംഗത്ത് സഭയുടെ സംഭാവനകൾ**

ക്രൈസ്തവസഭ പള്ളിയോടൊപ്പം പള്ളിക്കൂടം മാത്രമല്ല പള്ളിയോടും മഠങ്ങളോടും ചേർന്ന് ധാരാളം ഡിസ്പെൻസറികളും ആശുപത്രികളും ആരംഭിച്ചു. ഇതിൽ പലതും വലിയ ആശുപത്രികളും മെഡിക്കൽ കോളേജുകളും ആയി മാറി. തൃശൂർ

ജൂബിലി മെഡിക്കൽ കോളേജ് തൃശ്ശൂർ അമല മെഡിക്കൽ, കോളേജ് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ്, എറണാകുളം ലിസി ആശുപത്രി, രാജഗിരി ആശുപത്രി, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി, ധർമ്മഗിരി ആശുപത്രി, ചങ്ങനാശ്ശേരി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി, കോട്ടയം കാരിത്താസ്, കോട്ടയം എസ് എച്ച്, പാലാ മാർ സ്ലീവാ, കട്ടപ്പന സെന്റ് ജോൺസ് തുടങ്ങിയവ സീറോ മലബാർ സഭയുടെ പ്രധാന ആതുര ശുശ്രൂഷ കേന്ദ്രങ്ങളാണ്. കേരള കത്തോലിക്കാ സഭയ്ക്ക് ഇന്ന് 200 ൽ പരം വലിയ ആശുപത്രികളും ധാരാളം ഡിസ്പെൻസറികളും ഉണ്ട്. ഇന്ത്യയിൽ ഒട്ടാകെ 2800 ൽ പരം ആശുപത്രികളും ഡിസ്പെൻസറികളും കത്തോലിക്കാ സഭയ്ക്ക് ഉണ്ട്. ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ലോകപ്രസിദ്ധമായ ക്രൈസ്തവ സ്ഥാപനമാണ്.

**പള്ളിത്താനത്ത് ലൂക്കാ മത്തായി**

കുട്ടനാട്ടിൽ ആദ്യമായി കർഷകരെ സംഘടിപ്പിച്ച് നെൽകൃഷി ആരംഭിച്ചത് ഇദ്ദേഹം ആയിരുന്നു.

**ജോസഫ് മുരിക്കൽ**

കായൽകൃഷി എന്ന അചിന്തനീയമായിരുന്ന കാർഷിക രൂപം കുട്ടനാട്ടിൽ വിജയകരമായി നടപ്പിലാക്കിയത് ജോസഫ് മുരിക്കൻ ആയിരുന്നു. ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാരംഗത്ത് പ്രത്യേകം സ്മരിക്കപ്പെടേണ്ട വ്യക്തിയാണ് അദ്ദേഹം. നിലയില്ലാത്ത വേമ്പനാട്ട് കായലിൽ നിന്നും 2340 ഏക്കർ ഉയർത്തിയെടുത്ത് കൃഷിഭൂമിയാക്കി വെള്ളം കയറാതെ കൃഷി വിജയിപ്പിച്ചു എന്നതായിരുന്നു മുരിക്കന്റെ സാഹസികത.

**ക്നാനായി തോമ**

വാണിജ്യ മേഖലയിൽ ശ്രദ്ധേയനായ വ്യക്തിയാണ് ക്നാനായി തോമാ. അദ്ദേഹത്തിന് രാജാക്കന്മാർ പല ചെപ്പേഡുകളും നൽകിയിട്ടുണ്ട്.

**തച്ചിൽ മാത്തൂ തരകൻ**

വ്യാപാര മേഖലയിൽ ഏറെ ശ്രദ്ധിക്കപ്പെട്ട വ്യക്തിയായിരുന്നു തച്ചിൽ മാത്തൂ തരകൻ. അദ്ദേഹം തിരുവിതാംകൂറിന്റെ ധനമന്ത്രിയായിരുന്നു. 1790 ൽ തിരുവിതാംകൂർ രാജാവിന് 15 ലക്ഷം രൂപ കടം കൊടുത്ത വ്യക്തിയാണ് ഇദ്ദേഹം. തന്റെ ആസൂത്രണ വൈഭവത്താൽ ടിപ്പുസുൽത്താന്റെ ആക്രമണങ്ങളെ നിഷ്പ്രഭമാക്കാൻ ഇദ്ദേഹം തിരുവിതാംകൂർ രാജാവിനെ സഹായിച്ചു.

**ബാങ്കിംഗ് മേഖലയിലെ ക്രൈസ്തവ സാന്നിധ്യം**

കേരളത്തിൽ ധാരാളം ബാങ്കുകൾ ആരംഭിച്ചത് സുറിയാനി ക്രിസ്ത്യാനികൾ ആണ്. ദി കാൽദിയൻ സിറിയൻ ബാങ്ക്, ചാക്കോളസ് ഗ്രൂപ്പ് ആരംഭിച്ച കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവ ആരംഭിച്ചത്. ഇതുകൂടാതെ കാത്തലിക് ഓറിയന്റ് ബാങ്ക്, കാത്തലിക് ബാങ്ക്, മലബാർ ബാങ്ക്, ഇന്ത്യൻ ഇൻഷുറൻസ് ബാങ്കിംഗ് കോർപ്പറേഷൻ, ക്ഷേമവിലാസം ബാങ്ക് എന്നിവയെല്ലാം സുറിയാനി ക്രിസ്ത്യാനികൾ ആരംഭിച്ചത് ബാങ്കുകളാണ്. തിരുവിതാംകൂറിലെ ആദ്യ ബാങ്ക് കോട്ടയത്ത് ആരംഭിച്ചത് ടി സി പുന്നൻ ആണ്. തിരുവല്ല ബാങ്ക് എം പൗലോസ് ആരംഭിച്ചു. തിരുവല്ലയിലെ കണ്ടത്തിൽ കുടുംബം (മനോരമ ഗ്രൂപ്പ്) ആണ്. ട്രാവൽകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് ആരംഭിച്ചത് എടത്വാ സ്വദേശി ചാണ്ടി വൈദ്യൻ ആണ്. 1927 ജോസഫ് ആഗസ്തി കൈയാലക്കകം ആരംഭിച്ച പാലാ സെൻട്രൽ ബാങ്ക് ഇന്ത്യൻ ബാങ്കുകളിലെ പതിനേഴാം സ്ഥാനം നേടിയിരുന്നു. ഫോർവേഡ് ബാങ്ക്, ഫെഡറൽ ബാങ്ക്, ഓറിയന്റൽ സെൻട്രൽ ബാങ്ക്, കൊച്ചിൻ ബാങ്ക്, ട്രാവൻകൂർ മിഡ്ലാൻഡ് ബാങ്ക് എന്നിവയെല്ലാം സുറിയാനി ക്രിസ്ത്യാനികൾ ആരംഭിച്ച ബാങ്കുകൾ ആയിരുന്നു.

**ഷെവലിയാർ ഐസി ചാക്കോ**

തിരുവിതാംകൂർ സർക്കാർ സർവീസിൽ ജിയോളജിസ്റ്റായും വ്യവസായ വകുപ്പ് ഡയറക്ടർ ആയും സേവനം ചെയ്ത വ്യക്തിയാണ് ഇദ്ദേഹം. നല്ലൊരു സാഹിത്യകാരൻ, കൃഷി, വ്യവസായം, പദ്ധതി ആസൂത്രണം എന്നിവയിൽ മികച്ച സംഭാവന നൽകിയ വ്യക്തിയാണ്.

**ജസ്റ്റിസ് അന്ന ചാണ്ടി**

ഇന്ത്യയിലെ ആദ്യത്തെ വനിത ജഡ്ജി ആണ് ജസ്റ്റിസ് അന്നാ ചാണ്ടി. ഇവർ ലോകത്തിലെ രണ്ടാമത്തെ വനിതാ ജഡ്ജിയായി കണക്കാക്കപ്പെടുന്നു.

**മറ്റ് ന്യായാധിപന്മാർ**

ജോസഫ് തളിയത്ത്, ജോസഫ് വിതയത്തിൽ, കെ.റ്റി. കോശി, ജെ. ബി. കോശി, ആന്റണി ഡൊമിനിക്, പയസ് സി, കുര്യാക്കോസ് എന്നിവർ ഹൈക്കോടതിയിലെയും; ജസ്റ്റിസ് കെ ടി തോമസ്, കെഎം ജോസഫ്, സിറിയക് ജോസഫ്, കുര്യൻ ജോസഫ് എന്നിവർ സുപ്രീംകോടതിയിലെയും പ്രഗൽഭരായ ന്യായാധിപന്മാരായിരുന്നു.

**പ്രഗൽഭരായ സിവിൽ സർവീസ് ഉദ്യോഗസ്ഥർ**

ഇന്ത്യൻ ധവള വിപ്ലവത്തിന്റെ പിതാവായ അമൂൽ കുര്യൻ എന്നറിയപ്പെടുന്ന വർഗീസ് കുര്യൻ ഐഎഎസ്, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം യാഥാർത്ഥ്യമാക്കിയ വി ജെ കുര്യൻ ഐ എ എസ്, ലിഡ ജേക്കബ് ഐ എ എ സ്, മുൻ പ്രധാന മന്ത്രി ഇന്ദിരാഗാന്ധിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന പിസി അലക്സാണ്ടർ ഐ എ എസ്, രാഷ്ട്രപതിയുടെ സെക്രട്ടറിയായിരുന്ന ക്രിസ്റ്റി ഫെർണാണ്ടസ് ഐഎഎസ്, മുൻ വിവരാവകാശ കമ്മീഷണർ ഡോക്ടർ കുര്യൻ കുമ്പളക്കുഴി, യൂണിവേഴ്സിറ്റികളിൽ വൈസ്ചാസലർമാരായിരുന്ന പ്രൊഫസർ ഡോക്ടർ എ ടി ദേവസ്യ, ഡോക്ടർ സിറിയക്ക് തോമസ്, ഡോക്ടർ പി എസ് സക്കറിയ, ഡോക്ടർ മൈക്കൽ തരകൻ, ഡോക്ടർ സാബു തോമസ്, ഡോക്ടർ ബാബു സെബാസ്റ്റ്യൻ, ഡോക്ടർ എം ബി പൈലി, ഡോക്ടർ ജോസഫ് എമ്മാനുവേൽ, പ്രമുഖ പോലീസ് ഉദ്യോഗസ്ഥർ ആയിരുന്ന സിബി മാത്യൂസ് ഐപിഎസ്, ഹോർമിസ് താരകൻ ഐ പി എസ്, ജേക്കബ് പുന്നൂസ് ഐപിഎസ്, ജേക്കബ് ജോബ് ഐപിഎസ് തുടങ്ങിയവർ രാഷ്ട്ര സേവനം നിർവഹിച്ച പ്രമുഖ ക്രൈസ്തവ ഉദ്യോഗസ്ഥരാണ്.

**സമാപനം**

ക്രിസ്ത്യൻ മിഷനർമാർ കേരളത്തിലെ സാമൂഹ്യ പരിഷ്കരണത്തിലും നവോത്ഥാനത്തിലും മായാത്ത മുദ്ര പതിപ്പിച്ചവരാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന നിലയിൽ കേരളം പ്രശസ്തമാകുന്നതിന് ക്രൈസ്തവ മിഷനറിമാർ സാമൂഹ്യ പരിഷ്കരണം വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ നടത്തിയ ഇടപെടൽ കാരണമായി.

**തയ്യാറാക്കിയത്: സമുദായ ശക്തീകരണ വർഷ കോർകമ്മിറ്റി**
**ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വൈസ് ചെയർമാൻ)**
**ജോസ് മാത്യു പുഞ്ചയിൽ (ജനറൽ കൺവീനർ)**

## മതബോധനരംഗം

പ്രിയപ്പെട്ടവരെ,

2026-27 വിശ്വാസപരിശീലന അധ്യയന വർഷം മെയ് 31 ഞായറാഴ്ച ആരംഭിക്കുകയാണല്ലോ. ദൈവം ഭരമേൽപിച്ച വലിയ ഉത്തരവാദിത്തമായി കണ്ട്, കഴിഞ്ഞ പ്രവർത്തനവർഷം ആത്മാർത്ഥമായി സഹകരിച്ച ഏവർക്കും നന്ദി. പരിശീലനരംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകർ ദൈവവചനത്തിലൂടെയും, കൂദാശസ്വീകരണത്തിലൂടെയും തങ്ങൾക്കു ലഭിച്ച ദൈവാനുഭവം കുട്ടികളുമായി പങ്കുവെക്കണം. നമസ്ക്കാരങ്ങൾ ചൊല്ലുവാൻ അവരെ പരിശീലിപ്പിക്കണം. ഇടക്കിടക്ക് നമസ്കാരങ്ങൾ ചോദിക്കണം, അങ്ങനെ നമസ്കാരങ്ങൾ പഠിക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താം. ദൈവവചനവും, സഭാപഠനങ്ങളും, സഭാപാരമ്പര്യങ്ങളുമാണ് നാം ആഴത്തിൽ മനസിലാക്കി പഠിപ്പിക്കേണ്ടത്. ഓരോ ക്ലാസിലെയും പാഠപുസ്തകങ്ങൾ സഭ നമുക്കായി ചിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായി പഠിപ്പിക്കുന്നതോടൊപ്പം ആനുകാലികമായ അറിവ് കുട്ടികൾക്ക് പകർന്നുനൽകണം. അവരുടെ സംശയങ്ങൾക്ക് ഉത്തരം നൽകുവാൻ അധ്യാപകർ ഒരുങ്ങണം. എല്ലാറ്റിലുമുപരിയായി വിശ്വാസാനുഭവത്തിൽ വളരുവാൻ നമുക്കൊത്തൊരുമിച്ച് പരിശ്രമിക്കാം. കുട്ടികൾ വർഷാരംഭം മുതൽ മുടങ്ങാതെ ക്ലാസിൽ വരികയും, വിശുദ്ധ കുർബാനയിൽ ആത്മാർത്ഥമായി പങ്കെടുക്കുകയും ചെയ്താൽ ഉത്തമ വിശ്വാസാനുഭവം സ്വന്തമാക്കുവാൻ കഴിയും. അതിന് മാതാപിതാക്കളുടെ പ്രോത്സാഹനവും വേണം. ഏവർക്കും ഫലദായകമായ വിശ്വാസ പരിശീലന വർഷം ആശംസിക്കുന്നു.

**അധ്യയന വർഷാരംഭം 2026 മെയ് 31**

നമ്മുടെ വിശ്വാസപരിശീലന ക്ലാസുകൾ 2026 മെയ് 31 ന് ആരംഭിക്കുകയാണ്. പാഠപുസ്തകം, ഉപപാഠപുസ്തകം എന്നിവ രൂപതാകേന്ദ്രത്തിൽ നിന്ന് വാങ്ങി അന്നുതന്നെ കുട്ടികൾക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കണം. കുട്ടികൾക്ക് ക്ലാസ്കയറ്റം നൽകുകയും സ്റ്റാഫ് മീറ്റിംഗ് കൂടി 2026-27 വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യു

കയും വേണം. അധ്യയന വർഷാരംഭദിനത്തിൽ നടത്തേണ്ട പ്രാർത്ഥന ശുശ്രൂഷയുടെ ക്രമം പിന്നീട് ഗ്രൂപ്പിൽ അയച്ചു തരുന്നതാണ്.

**പ്രൊമോഷൻ**

2026 മെയ് 31 ന് ക്ലാസുകൾ ആരംഭിക്കേണ്ടതിനാൽ അതിനു മുൻപായി കുട്ടികളുടെ ക്ലാസ്കയറ്റം സംബന്ധിച്ച വിവരങ്ങൾ മെയ് 3 -ാം തിയ്യതി നോട്ടീസ് ബോർഡിലൂടെ പ്രസിദ്ധീകരിച്ച് കുട്ടികളെ അറിയിക്കുമല്ലോ. പ്രൊമോഷൻ വെബ്സൈറ്റിൽ upload ചെയ്താൽ വരും വർഷങ്ങളിൽ എളുപ്പമാകും.

**പ്രധാനാധ്യാപകരുടെ നിയമനം**

പ്രധാനാധ്യാപകരുടെ കാലാവധി 5 വർഷമാണ്. കാലാവധി പൂർത്തിയാക്കുന്നവർ വികാരിയച്ചന്മാർക്ക് തൽസ്ഥാനത്തുനിന്ന് മാറുവാനുള്ള അപേക്ഷ നൽകണം. ഇടവകയിലെ മതബോധന പ്രവർത്തനങ്ങളെ നയിക്കുവാൻ കാലാവധി പൂർത്തിയാക്കുന്നവരുടെ സേവനം വികാരിയച്ചൻ ആവശ്യപ്പെടുന്ന പക്ഷം അതിനു തനിക്ക് സാധ്യമാണെന്നു ബോധ്യമുള്ളവർ മാത്രമേ അതേറ്റെടുക്കാവൂ. അതുപോലെ ഈ മഹത്തായ ഉത്തരവാദിത്തം നിറവേറ്റാൻ തങ്ങൾക്ക് സാധിക്കില്ലെന്ന് തോന്നുന്നവർ കാലാവധി പൂർത്തിയായില്ലെങ്കിലും വികാരിയച്ചനെ മുൻകൂട്ടി അറിയിച്ച് ആ സ്ഥാനത്തുനിന്ന് മാറേണ്ടതാണ്. ഏതെങ്കിലും പ്രധാനാധ്യാപകർ തൽസ്ഥാനത്തുനിന്ന് മാറുന്നുണ്ടെങ്കിൽ മെയ് 14 നു മുൻപ് ബഹു. വികാരിയച്ചൻ പുതിയ അദ്ധ്യാപകനെ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് അവരുടെ പേരും വാട്സാപ്പ് നമ്പറും രൂപതാ മതബോധന കേന്ദ്രത്തിൽ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ. തലസ്ഥാനത്തുനിന്ന് മാറുന്നവർ പുതുതായി ചാർജെടുക്കപ്പെടുന്നവരെ മെയ് 14 നു മുൻപായി തന്നെ ഉത്തരവാദിത്വങ്ങൾ ഏല്പിക്കേണ്ടതാണ്.

**നന്ദി, സ്വാഗതം**

കഴിഞ്ഞ വർഷങ്ങളിൽ പ്രധാനാധ്യാപകർ എന്ന നിലയിൽ ആത്മാർത്ഥമായി ശുശ്രൂഷ ചെയ്ത് ആ സ്ഥാനത്ത് നിന്ന് മാറുന്ന എല്ലാവർക്കും രൂപതാ മതബോധന കുടുംബത്തിന്റെ നന്ദി. ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പുതുതായി പ്രധാനധ്യാപകരായി നിയമിതരായിരിക്കുന്ന എല്ലാവർക്കും രൂപതാ മതബോധന കുടുംബത്തിലേയ്ക്ക് സ്വാഗതം ആശംസിക്കുന്നു.

**പുതിയ അഡ്മിഷൻ**

ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ മാതാപിതാക്കൾ ഫോമിൽ നല്കിയ വിവരങ്ങൾ വെബ്സൈറ്റിൽ upload ചെയ്ത് അഡ്മിഷൻ പൂർത്തിയാക്കി പ്രിന്റെടുത്ത് ഓഫീസിൽ സൂക്ഷിക്കണം. മറ്റു ക്ലാസിലേക്ക് അഡ്മിഷനെടുക്കുന്ന കുട്ടികളുടെ റ്റി.സിയും സൂക്ഷിക്കേണ്ടതാണ്.

പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകം മുതലായവ രൂപതാ കേന്ദ്രത്തിൽ നിന്ന് വാങ്ങാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക. മെയ് 20 മുതൽ ബുക്കുസ്റ്റാളുകളിൽ ഇവ ലഭിക്കും. പുസ്തകങ്ങളുടെ വിലവിവരം Head masters ന്റെ ഗ്രൂപ്പിൽ അറിയിക്കുന്നതാണ്. ബുക്ക് സ്റ്റാളിലെ ഫോൺ നമ്പർ 9605260887, 9562464630.

**HM Conference**

ഈ വർഷത്തെ ആദ്യത്തെ HM Conference മെയ് 27-ാം തിയ്യതി ബുധനാഴ്ച രാവിലെ 10 മണിക്ക് ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് കൃത്യസമയത്ത് എത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം 25,35 വർഷം വിശ്വാസപരിശീലന രംഗത്ത് സേവനം ചെയ്ത മതാധ്യാപകർ, ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസിൽ എത്തിയിട്ടുള്ള കുട്ടികൾ എന്നിവരെ ആദരിക്കുകയും ചെയ്യുന്നതാണ്.

**ആമുഖ സെമിനാർ, ക്ലാസ് ട്രെയിനിംഗ്**

2026-27 അധ്യയനവർഷത്തെ ആമുഖ സെമിനാറും, ക്ലാസ് ട്രെയിനിംഗും ജൂൺമാസത്തിൽ നടത്തപ്പെടുന്നതാണ്. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർ നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ പ്രിയ കൂട്ടുകാരെ,

വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു: ''എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ, ഇതാണ് യേശു ക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം''(1 തെസ: 5:18). നന്ദിയുള്ളവരാവുക എന്നത് നമ്മുടെ ജീവിത വിജയത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ്. ദൈവത്തോടും മനുഷ്യരോടും, പ്രകൃതിയോടും നന്ദിയുള്ളവരായിരിക്കണം നാം. മറ്റൊരു പ്രവർത്തന വർഷത്തിന് കൂടി നാം തിരശീലയിടുമ്പോൾ കൃതജ്ഞതാ നിർഭരമായ ഹൃദയത്തോടുകൂടെയായിരിക്കാൻ നമുക്ക് കാരണങ്ങൾ ഒത്തിരിയാണ്. മികച്ച ഒരു അധ്യായന വർഷത്തിന്റെ അവസാനം നിങ്ങൾ എല്ലാവരും ഉന്നതവിജയം നേടി നിങ്ങളുടെ കലാലയ ജീവിതത്തിൽ പുതിയൊരു അധ്യായം ആരംഭിക്കാൻ പോകുന്നു. ഏറ്റവും ഫലദായകമായ ഒരു അവധിക്കാലത്തിന്റെ ആഘോഷങ്ങൾ നിങ്ങളുടെ മനസ്സിനും ശരീരത്തിനും പുത്തനുണർവ് നൽകിയിരിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലം ആത്മീയമായും, ഭൗതികമായും ധാരാളം നന്മകളും വിജയങ്ങളും നിങ്ങളെ തേടിയെത്തിയിട്ടുണ്ട്. മിഷൻലീഗ് സംഘടന പ്രവർത്തനങ്ങളിൽ വ്യക്തിപരമായും, ശാഖാ - മേഖലാ, രൂപതാ തലങ്ങളിലും വിജയങ്ങളും, മികവാർന്ന പ്രവർത്തനങ്ങളും കാഴ്ച്ചവെയ്ക്കാൻ നിങ്ങൾക്ക് സാധിച്ചു. അങ്ങനെ പിന്നോട്ട് തിരിഞ്ഞുനോക്കുമ്പോൾ നന്മകളുടെയും, കൃപകളുടെയും മഴപെയ്ത്താണ് നമ്മൾ വ്യക്തിപരമായും സമൂഹമായും അനുഭവിച്ചറിഞ്ഞത്.ഇവയ്ക്കെല്ലാം നമുക്ക് നന്ദിയുള്ളവരാകാം. കരുതലിന്റെ കരം നീട്ടിയവരോടും, യാത്രയിൽ വഴി വെട്ടമായവരോടും സർവ്വോപരി എല്ലാ നന്മകളുടെയും ഉറവിടമായ തമ്പുരാനോടും നമുക്ക് നന്ദിയുള്ളവരാകാം.

ചെറുപുഷ്പ മിഷൻലീഗ് 2025-26 പ്രവർത്തന വർഷത്തിന് സമാപനമാകുമ്പോൾ രൂപതാ സമിതിയോട് ചേർന്ന് ശാഖാ -മേഖലാ തലങ്ങളിൽ അഭിമാനാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച നിങ്ങൾക്കെല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. വളരെ പ്രത്യേകമായി മേഖലാ ശാഖാ ഡയറക്ടർ അച്ചൻമാർ, ജോ. ഡയറക്റ്റേഴ്സ്, മേഖലാ ശാഖാ ഭാരവാഹികൾ എന്നിവരെ സ്നേഹപൂർവ്വം ഓർക്കുകയും നിങ്ങളുടെ വിലയേറിയ പ്രവർത്തനങ്ങൾക്കും, സഹ

കരണത്തിനും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹത്താലും, നിങ്ങളുടെ എല്ലാവരുടെയും നിർലോഭമായ സഹകരണത്താലും നമ്മുടെ രൂപതാ വാർഷികം ഏറ്റവും മനോഹരമായ രീതിയിൽ നടത്താൻ കഴിഞ്ഞത് നന്ദിയോടെ ഓർക്കുന്നു. സീറോ മലബാർ സഭ സമുദായ ശക്തികരണ വർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ ചെറുകാട്ടൂർ ശാഖയിൽ വെച്ച് മിഷൻലീഗ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ നവോത്ഥാന രാവ് വിജയകരമാക്കിയ എല്ലാവർക്കും നന്ദി.

പ്രിയ കൂട്ടുകാരെ, നമ്മുടെ അവധിക്കാല റീജിയണൽ സഹവാസ ക്യാമ്പുകളും, ക്രിസ്റ്റീൻ ധ്യാനവുമൊക്കെ ഈ ദിവസങ്ങളിൽ നടക്കുകയാണല്ലോ. നിങ്ങളുടെ എല്ലാവരുടെയും പങ്കാളിത്തം ഏറെ സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. ക്ലാസുകളും, വ്യത്യസ്ത ആക്റ്റിവിറ്റികളും ചേർന്നുള്ള ക്യാമ്പും, ധ്യാനവുമൊക്കെ നിങ്ങൾക്ക് ഉറപ്പായും വ്യത്യസ്ത അനുഭവം ആയിരിക്കും. എല്ലാവർക്കും തുടർന്നും നന്മ നിറഞ്ഞ അവധിക്കാലം ആശംസിക്കുന്നു.

**സന്തോഷച്ചൻ**

**നവോത്ഥാന രാവ്**

സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗ് & ഡിപ്പാർട്ടുമെന്റ് ഓഫ് കാറ്റിക്കിസം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നവോത്ഥാന രാവ് (സുരക്ഷിത കുടുംബം സുശക്തമായ സമുദായം) ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ഇടവകയുടെ സഹകരണത്തോടെ നടന്ന നവോത്ഥാന രാവ് കാറ്റിക്കിസം രൂപതാ ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ ഉദ്ഘാടനം ചെയ്തു. സി.എം.എൽ രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് അധ്യക്ഷത വഹിച്ച സംഗമത്തിൽ ഡയറക്ടർ സന്തോഷച്ചൻ മുഖ്യപ്രഭാഷണം നടത്തി. ഇടവക വികാരി ഫാ. ജോസ് കപ്യാരുമലയിൽ ആശംസകൾ അറിയിച്ച് സംസാരിച്ചു. മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലർ സെക്രട്ടറി ജോസ് പുഞ്ചയിൽ സാർ, സി.എം.എൽ എക്സിക്യൂട്ടീവ് അംഗം ആന്റണി മങ്കടപ്ര സാർ എന്നിവർ കുട്ടികൾക്കും മാതാപിതാക്കൾക്കും ക്ലാസിന് നേതൃത്വം നൽകി.

**വാർഷികാഘോഷം**

മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗ് - തിരുബാലസഖ്യ വാർഷികാഘോഷം ഏപ്രിൽ പതിനഞ്ചാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് പതാക ഉയർത്തിയതോടെ വാർഷികാഘോഷത്തിന് തുടക്കമായി. ദ്വാരക വിശുദ്ധ അൽഫോൻസ ഫൊറോന ദേവാ

ലയ പരിസരത്തുനിന്നും ആരംഭിച്ച പ്രേഷിത റാലിയ്ക്ക് ശാഖാ ഡയറക്ടർ ഫാ. ബാബു മൂത്തേടം ഫ്‌ളാഗ് ഓഫ് ചെയ്തു. വർണ്ണാഭമായ റാലി പാസ്റ്ററൽ സെന്ററിൽ സമാപിച്ചു. തുടർന്ന് നടന്ന വാർഷികാഘോഷം മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് അധ്യക്ഷത വഹിച്ച മീറ്റിങ്ങിന് രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ സ്വാഗതം പറഞ്ഞു. സംസ്ഥാന ഡയറക്ടർ ഫാ. ഷിനോജ് പുന്നക്കൽ, ദേശിയ വൈസ് ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു. സംസ്ഥാന ഡയറക്ടർ മുഖ്യപ്രഭാഷണം നടത്തി. ഫാ. ഷിജു ഐക്കരക്കാനായിൽ, രഞ്ജിത്ത് മുതുപ്ലാക്കൽ, വിനോദ് ഓലേടത്ത്, സി. മെർളിൻ എം. എസ്. എം. ഐ, കുമാരി അലിയ മരിയ എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. തുടർന്ന് രൂപതാ തലത്തിൽ നടന്ന വിവിധ മൽസരങ്ങളുടെ സമ്മാനങ്ങൾ, മിഷൻമാസാചരണം, കൈയ്യെഴുത്ത് മാസിക എന്നിവയുടെ സമ്മാനദാനം മാർ അലക്സ് താരാമംഗലം പിതാവ് നിർവ്വഹിച്ചു. 600- ൽ പരം മിഷനറിമാർ വാർഷികാഘോഷത്തിൽ പങ്കെടുത്തു. ഫ്‌ളവേഴ്സ് ടോപ്പ്സിങ്ങർ താരങ്ങളായ മെബിൻ മാർട്ടിൻ തച്ചുപറമ്പിൽ, ഇവാൻ ജിനേഷ് എന്നിവരുടെ സംഗീതവും, വിളമ്പുകണ്ടം ശാഖയിലെ കുട്ടികളുടെ പ്രയർ ഡാൻസും, പയ്യമ്പള്ളി ശാഖയിലെ തിരുബാലസഖ്യ അംഗങ്ങളുടെ ആക്ഷൻ സോങ്ങും വാർഷികാഘോഷങ്ങൾക്ക് മാറ്റ് കൂട്ടി. രൂപതാ സെക്രട്ടറി ജോൺ പുല്ലാപ്പിള്ളിൽ ഏവർക്കും നന്ദി പറഞ്ഞു. വാർഷികാഘോഷം മനോഹരമാക്കാൻ സഹായിച്ച ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾക്കും, എല്ലാ ഡയറക്ടർ അച്ചൻമാർക്കും, ജോ. ഡയറക്ടർ സിസ്റ്റേഴ്സിനും നന്ദിയും അഭിനന്ദനങ്ങളും.

**റീജിയണൽ ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിവിധ റീജിയണുകളിലായി *കൂട്ട് 2026* ക്യാമ്പ് സംഘടിപ്പിച്ചുവരുന്നു. ഏപ്രിൽ 21, 22 തീയതികളിൽ തരിയോട്, കല്ലോടി, കൽപ്പറ്റ മേഖലകളുടെ ആഭിമുഖ്യത്തിൽ മക്കിയാട് ധ്യാനകേന്ദ്രത്തിൽ വച്ചും, 22, 23 തീയതികളിൽ മണിമൂളി, നിലമ്പൂർ റീജിയണൽ ക്യാമ്പ് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ചും, 25, 26 തീയതികളിൽ ദ്വാരക, നടവയൽ, പയ്യമ്പള്ളി മേഖലകളുടെ ക്യാമ്പ് കായക്കുന്ന് ലാസലെറ്റ് ആശ്രമത്തിൽ വച്ചും, 28, 29 തീയതികളിൽ ബത്തേരി, മുള്ളൻകൊല്ലി, നീലഗിരി മേഖലകളുടെ റീജിയണൽ ക്യാമ്പ് ബത്തേരി ശ്രേയസിൽ വച്ചും നടത്തപ്പെട്ടു. ഭംഗിയായി

ക്യാമ്പ് നടത്താൻ സഹായിച്ച എല്ലാ മേഖലാ ശാഖാ രൂപതാ നേതൃത്വങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും. രൂപതാ ടീം അംഗങ്ങളും, എക്സിക്യൂട്ടീവ് അംഗങ്ങളും ക്ലാസുകൾ നയിച്ചു. ക്യാമ്പ് വിജയകരമായി നടത്താൻ സഹായിച്ച ടീം അംഗങ്ങൾ, ക്യാമ്പ് മാനേജർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ, റീജിയണൽ ഓർഗനൈസർമാർ, എന്നിവർക്കും ക്യാമ്പ് നടത്താൻ വേണ്ട സഹായങ്ങൾ ചെയ്ത എല്ലാവർക്കും ഒരുപാട് നന്ദി അറിയിക്കുന്നു.

**നിലമ്പൂർ - മണിമൂളി റീജിയണൽ വാർഷികം**

നിലമ്പൂർ, മണിമൂളി റീജിയണൽ ചെറുപുഷ്പ മിഷൻലീഗ്-തിരുബാലസഖ്യ വാർഷികാഘോഷം 23-ാം തീയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് സമ്മേളനത്തിന് അധ്യക്ഷം വഹിച്ചു. നിലമ്പൂർ, മണിമൂളി റീജിയൺ സിഞ്ചെല്ലൂസ് ഫാ. ബെന്നി മുതിരക്കാലായിൽ വാർഷികം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. മണിമൂളി മേഖലാ ഡയറക്ടർ ഫാ. ജയ്നേഷ് പുതുക്കാട്ട്, പ്രസിഡന്റ് ജിഷ കൊമ്പനാതോട്ടത്തിൽ, സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, വിനോദ് ഓലേടത്ത്, സിജിൻ കുറ്റിപ്ലാക്കൽ എന്നിവർ യോഗത്തിൽ സംസാരിച്ചു. മണിമൂളി, തലഞ്ഞി, നരിവാലമുണ്ട, ഇടിവണ്ണ എന്നീ ശാഖകളിലെ കുട്ടികളുടെ വിവിധ കലാപരിപാടികൾ സ്റ്റേജിൽ അരങ്ങേറി. തുടർന്ന് വിവിധ മൽസരങ്ങളുടെ സമ്മാനദാനം നടത്തി. രൂപതാ സെക്രട്ടറി വാർഷികാഘോഷങ്ങൾക്ക് നന്ദി പറഞ്ഞു. മിഷൻ ആന്തത്തോടുകൂടി സമ്മേളനം അവസാനിച്ചു.

**ജന്മദിന ആശംസകൾ**

മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവിന് ചെറുപുഷ്പ മിഷൻലീഗ് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ജന്മദിനാശംസകൾ അറിയിച്ച് പ്രാർത്ഥിച്ചു. കൂടാതെ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ ജിജോ മംഗലത്ത്, ആന്റണി മങ്കടപ്ര എന്നിവരുടെ ജന്മദിനത്തിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഇവരുടെ ഭവനം സന്ദർശിക്കുകയും കുടുംബാംഗങ്ങളോടൊത്ത് ജന്മദിന ആശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്തു.

**ഓർമ്മിക്കാൻ**

മെയ് 6, 7 തീയതികളിൽ ചുങ്കക്കുന്ന്, മാനന്തവാടി മേഖലകളുടെ റീജിയണൽ ക്യാമ്പ് ബോയ്സ് ടൗൺ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു.

**ക്രിസ്റ്റീൻ ധ്യാനം**

മെയ് 3-ാം തീയതി മുതൽ 6-ാം തീയതി വരെയും, മെയ് 21

മുതൽ 24 -ാം തീയതി വരെയും ബോയ്സ് ടൗണിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു.

**വാർഷിക മാനേജിംഗ് കമ്മറ്റി**

2025 -2026 ലെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും വരും വർഷങ്ങളിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വാർഷിക മാനേജിംഗ് കമ്മറ്റി മെയ് 9 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്നു. മേഖലാ ഭാരവാഹികൾ എല്ലാവരും പങ്കെടുക്കുമല്ലോ. രൂപതാ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള ഇലക്ഷൻ അന്നേ ദിവസം നടത്തപ്പെടുന്നു.

**രൂപതാ ക്യാമ്പ്**

റീജിയണൽ ക്യാമ്പിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായ് മെയ് മാസത്തിൽ രൂപതാ ക്യാമ്പ് നടത്തപ്പെടുന്നു. കുട്ടികളെ പറഞ്ഞുവിടുവാൻ ശാഖാ നേതൃത്വം ശ്രദ്ധിക്കുമല്ലോ.

**ശാഖാ ഇലക്ഷൻ**

പുതിയ പ്രവർത്തന വർഷത്തിലേക്കുള്ള ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, മെയ്മാസം അവസാനത്തെ ഞായറാഴ്ച പൂർത്തികരിച്ച് ജൂൺ ആദ്യ ആഴ്ചയിൽ തന്നെ രൂപതയിൽ ലിസ്റ്റ് തരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന്, മാനന്തവാടി മേഖല റീജിയണൽ സംഗമം ബോയ്സ് ടൗണിൽ വച്ച് നടന്നു. 20 പേർ പങ്കെടുത്തു. പ്രതിമാസ മൽസരങ്ങളായ ലോക ക്യാൻസർ ദിനം പോസ്റ്റർ രചന, തിരുബാല സഖ്യദിനം കളറിംഗ്, വാലന്റൈൻസ് ദിനം, എന്റെ ഈശോയ്ക്ക് ഒരു കത്ത് എന്നീ മൽസരങ്ങളുടെ ഫലം പ്രഖ്യാപിച്ചു. സമ്മാനങ്ങൾ വിതരണം ചെയ്തു.

**ശാഖാ വാർത്തകൾ**

**നെടുമ്പാല**

അമ്പത് നോമ്പിലെ എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു. എഫ്.സി.സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായ് ക്രിസ്റ്റീൻ ധ്യാനം നടത്തി.

**കല്ലോടി**

പ്രായമായവരെ പള്ളിയിൽ കൊണ്ടുവരുവാനും കുമ്പസാരിപ്പിക്കുന്നതിനും, കുർബാനയിൽ പങ്കെടുപ്പിക്കുന്നതിനും മിഷൻലീഗ് അംഗങ്ങൾ സഹായിച്ചു. പ്രായമായ മാതാപിതാക്കൾക്കായ് കൾച്ചറൽ പ്രോഗ്രാം സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. രോഗീ സന്ദർശനം നടത്തി. പരീക്ഷ എഴുതുന്ന കുട്ടികൾക്കായ് പരീക്ഷ ഒരുക്ക പ്രാർത്ഥനകൾ നടത്തി.

**ഏലപ്പീടിക**

രണ്ട് പാവപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷണക്കിറ്റ് നൽകി. എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികളുടെ മാതാപിതാക്കളെ ആദരിച്ചു. വാർഷികവും റാലിയും നടത്തി. കുട്ടികളുടെ ഗ്രൂപ്പ് പ്രോഗ്രാം നടത്തി.

**ചുള്ളിയോട്**

പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. യൂണിറ്റിൽ നടത്തിയ കുരിശിന്റെ വഴിയിൽ സംബന്ധിച്ചു. 40–ാം വെള്ളിയാഴ്ച ചുള്ളി യോട് പള്ളിയിൽനിന്ന് മീനങ്ങാടി അസ്സീസി പള്ളിയിലേയ്ക്ക് നടത്തിയ കുരിശിന്റെ വഴിയിൽ സി.എം.എൽ ഭാരവാഹികളും കുട്ടി കളും സംബന്ധിച്ചു. കല്ലറയുണ്ടാക്കുവാൻ മിഷൻലീഗ് അംഗങ്ങൾ സഹായിച്ചു.

**ബോസ്പാറ**

ബോസ്പാറ ശാഖയിലെ തിരുബാലസഖ്യ അംഗങ്ങൾ തയ്യാ റാക്കിയ കൈയ്യെഴുത്ത് മാസിക 'കുരുന്നു വർണ്ണങ്ങൾ' രൂപതാ തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. മികച്ച മിഷൻ മാസാ ചരണ പ്രവർത്തനങ്ങൾക്ക് മേഖല തലത്തിൽ ബോസ്പാറ ശാഖ ഗോൾഡൻ സ്റ്റാറിന് അർഹരായി. വിശുദ്ധ കുർബാനയെ ആഴത്തിൽ അറിയാം, അനുഭവവേദ്യമാക്കാം എന്ന ആപ്തവാക്യവുമായി സെമി നാർ സംഘടിപ്പിച്ചു. ശ്രീമതി ജെസ്സി വടക്കുമ്പാടം സെമിനാറിന് നേതൃത്വം നൽകി. ദ്വാരകയിൽ വച്ചു നടന്ന രൂപതാ വാർഷിക ത്തിൽ ശാഖാ പ്രതിനിധികൾ പങ്കെടുത്തു.

**ചുങ്കക്കുന്ന്**

മാർച്ച് മാസത്തിൽ പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. 14 ദേവാലയങ്ങൾ സന്ദർശിച്ച് കുരിശിന്റെവഴി നടത്തി. വിശുദ്ധ യൗസേ പ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ക്രിസ്റ്റിയച്ചനേയും മറ്റ് നാമധാരി കളെയും ആദരിച്ചു. 40–ാം വെള്ളിയാഴ്ച എല്ലാ മിഷൻലീഗ് അംഗ ങ്ങളും കുരിശിന്റെ വഴി പ്രാർത്ഥനയിൽ സംബന്ധിച്ചു. അന്നേ ദിവസം മാർ അലക്സ് താരാമംഗലം പിതാവ് സമുദായ ശക്തിക രണത്തെക്കുറിച്ച് പ്രഭാഷണം നടത്തി. ഇടവകാംഗമായ ഫ്ളെമിങ് കണ്ണന്താനം എൻജിനീയറിങ് പഠനത്തിനും ഉയർന്ന ജോലിക്കും ശേഷം ദൈവവിളി സ്വീകരിച്ച അനുഭവം വീഡിയോ ക്ലാസിലൂടെ പങ്കുവെച്ചു. ഗ്രൂപ്പിൽ ഷെയർ ചെയ്തു. പഞ്ചാബ് മിഷനുവേണ്ടി പ്രാർത്ഥന നടത്തുകയും സംഭാവന സ്വീകരിക്കുകയും ചെയ്തു.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

# കെ. സി. വൈ. എം

**ജനശബ്ദം 2026**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വയനാടിന്റെ വെല്ലുവിളികൾ ജനകീയ ആവശ്യങ്ങളും രാഷ്ട്രീയ സമീപനങ്ങളും എന്ന വിഷയത്തിൽ കൽപറ്റയിൽ ജനശബ്ദം 2026 സംഘടിപ്പിച്ചു. വയനാടിന്റെ വിലാപം കേൾക്കാനും, ജനതയുടെ ഉത്തരമില്ലാത്ത ചോദ്യങ്ങൾക്ക് പരിഹാരം തേടാനുമായി സംഘടിപ്പിക്കപ്പെട്ട ചർച്ചയിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിപ്രതിനിധികൾ ബി.ജെ.പി. ജില്ലാ പ്രസിഡന്റ് പ്രശാന്ത് മലവയൽ, കോൺഗ്രസ്സ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ ഡി.വൈ.എഫ്.ഐ. ജില്ലാ പ്രസിഡന്റ് കെ. ഫ്രാൻസിസ് എന്നിവർ തങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ വ്യക്തമാക്കിയും ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിയും ചർച്ചയിൽ സജീവമായി. കെ.സി.വൈ.എം മുൻ പ്രസിഡന്റ് സജിൻ ജോസ് ചർച്ച നടപടികൾ നിയന്ത്രിച്ചു.

**ത്യാഗം 2026**

ക്രിസ്തുവിന്റെ പീഡാനുഭവ രഹസ്യങ്ങളോട് ചേർത്തുവച്ച് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ബോയ്സ് ടൗൺ മലയിൽ ത്യാഗം 2026 കുരിശിന്റെ വഴി സംഘടിപ്പിച്ചു. മാനന്തവാടി മേഖലയുടെ ആതിഥേയത്വത്തിൽ സംഘടിപ്പിച്ച കുരിശിന്റെ വഴിയിൽ നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**Journey To Calvary**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഓശാനയുടെ ഗീതികളും പെസഹായുടെ അനുസ്മരണവും ദുഃഖവെള്ളിയുടെ ഓർമ്മപ്പെടുത്തലും ഉയിർപ്പിന്റെ ആനന്ദവും ചേർത്ത Journey To Calvary മ്യൂസിക്കൽ നൈറ്റ് അഡോറേഷൻ ദ്വാരക പാസ്റ്ററൽ സെന്റർ സീയോൻ ഹാളിൽ സംഘടിപ്പിച്ചു. ബ്രദർ ജോൺ പോൾ ചാലക്കുടി, ബ്രദർ ജെസ്പിൻ പള്ളിക്കത്തൊട്ടിയിൽ എന്നിവർ നയിച്ചു. വൈദീകരും, സന്യസ്തരും, യുവജനങ്ങളുമടക്കം നിരവധി പേർ പങ്കെടുത്തു.

**കാർലോസ് വൈബ്**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ

വി. കാർലോസ് അക്യൂട്ടിസിന്റെ പാതയിൽ യുവമനസുകളെ പ്രചോദിപ്പിക്കുന്നതിനും കൂട്ടായ്മയിൽ ഒന്ന് ചേർക്കുന്ന കാർലോസ് വൈബ് യൂത്ത് ആനിമേഷൻ പ്രോഗ്രാം ഏപ്രിൽ 6 ന് മരക്കടവ് യൂണിറ്റിൽ വച്ച് സംഘടിപ്പിച്ചു.

**ഇടം**

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് കെ.സി. വൈ.എം മാനന്തവാടി രൂപത ആഹ്വാനം ചെയ്ത 'ഇടം' എന്ന യുവജന കൂട്ടായ്മ ദു:ഖശനിയാഴ്ച വിവിധ ഇടവകകളിൽ സംഘ ടിപ്പിച്ചു.

**സമുദായത്തെ അറിയാം... കരുത്തോടെ മുന്നേറാം**

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് കെ.സി. വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങൾ ക്കായി സമുദായത്തെ അറിയാം... കരുത്തോടെ മുന്നേറാം എന്ന വിഷയത്തെ ആസ്പദമാക്കി മെഗാ റൗണ്ട് ക്വിസ് 2026 മത്സരം മെയ് 27 ന് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 400 / രൂപ ആണ്. 2 പേരടങ്ങുന്ന എത്ര ടീമുകൾക്കും പങ്കെടുക്കാവുന്നതാണ്. കൂടു തൽ വിവരങ്ങൾക്ക് രൂപതാ ഭാരവാഹികളെ ബന്ധപ്പെടുക.

**ജന്മദിനാശംസകൾ**

രൂപതാ സിൻഡിക്കേറ്റ് അംഗം അർപ്പിത കൊട്ടാട്ടിപ്പറമ്പിൽ, നിലമ്പൂർ മേഖലാ ഡയറക്ടർ ഫാ. ജിബിൻ വട്ടുകുളത്തിൽ എന്നി വർക്ക് ജന്മദിനാശംസകൾ നേർന്നു.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

കെ.സി.വൈ.എം. പുൽപള്ളി യൂണിറ്റും കെ.സി.വൈ.എം. മുള്ളൻക്കൊല്ലി മേഖലയും സംയുക്തമായി സംഘടിപ്പിച്ച സംഗീതാ ത്മക ദിവ്യകാരുണ്യ ആരാധന പുൽപള്ളി യൂണിറ്റിൽ വച്ച് നടത്ത പ്പെട്ടു. 'അവിടുത്തെ നോക്കിയവർ പ്രകാശിതരായി' (സങ്കീർത്ത നങ്ങൾ 34:5) എന്ന ആശയം ആസ്പദമാക്കി യുവജനങ്ങൾക്ക് ആത്മീയ ഉണർവ് നൽകുന്ന രീതിയിലാണ് പരിപാടി ക്രമീകരിച്ചത്.

**യൂണിറ്റ് വാർത്തകൾ**

**ചുങ്കക്കുന്ന്**

പത്താം ക്ലാസ്, പ്ലസ് വൺ, പ്ലസ്ടു പരീക്ഷകൾക്ക് തയ്യാറെടു ക്കുന്ന വിദ്യാർത്ഥികൾക്കായി മാസത്തിന്റെ തുടക്കത്തിൽ പരീക്ഷാ ഒരുക്ക പ്രാർത്ഥന സംഘടിപ്പിച്ചു. 2026 പ്രവർത്തന വർഷത്തേക്കുള്ള അംഗത്വ ക്യാമ്പയിനും നവീകരണവും മാനന്തവാടി രൂപതയിൽ

തന്നെ ഏറ്റവും ആദ്യമായി പൂർത്തിയാക്കി. പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ അനുപമ മലയിലിനെ ആദരിച്ചു, അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് മാതൃവന്ദനം പരിപാടി സംഘടിപ്പിച്ച അമ്മമാർക്കും കൊട്ടിയൂർ പഞ്ചായത്ത് പ്രസിഡന്റ് സിസിലി കണ്ണന്താനത്തിനും ആശംസകൾ നേർന്നു. ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി ഒപ്പുശേഖരണവും, കായിക താരം സഞ്ജു സാംസൺ ഐസിസി വോട്ടെടുപ്പിൽ പിന്തുണ പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രചാരണവും നടത്തി. നവവൈദികൻ ഫാ. അരുണിന് സ്വീകരണം നൽകി. 14 പള്ളി തീർത്ഥാടനം നടത്തി. ബോയ്സ് ടൗണിൽ നടത്തിയ രൂപതാതല യുവജന കുരിശിന്റെ വഴി ത്യാഗം 2026 ൽ പങ്കെടുത്തു. മാർ ജോസ് പൊരുന്നേടം പിതാവിന്റെയും ഫാ. ക്രിസ്റ്റി പൂതക്കുഴിയിലിന്റെ ജന്മദിനത്തിലും നാമഹേതുക തിരുനാളിലും ആശംസകൾ നേർന്നു. വിശുദ്ധ ദിനങ്ങളിലെ പരീക്ഷാ നടത്തിപ്പിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. നോമ്പുകാലത്തിന്റെ ഭാഗമായി കുരിശിന്റെ വഴിയും നടത്തി. രക്തദാനത്തിലൂടെ പുതിയ പ്രത്യാശപകരുന്ന ഈ മാനുഷിക ദൗത്യത്തോടെ ഓശാന ഞായറാഴ്ച ഔദ്യോഗികമായി 'ജീവകിരണം' സോഷ്യൽ ബ്ലഡ് ബാങ്ക് പദ്ധതിക്ക് തുടക്കം കുറിച്ചു.

**കൊട്ടിയൂർ**

നോമ്പ് കാലം അനുഗ്രഹത്താൽ നിറക്കുന്നതിനായി യുവജനങ്ങൾ ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു. 2025-26 വർഷത്തെ SSLC, +1, +2 പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും വിജയാശംസകളും പ്രാർത്ഥനകളും നേർന്നു. വേദപാഠം +1,+2, HCC പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും, പരീക്ഷയിൽ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ നേർന്നു. T20 world cup -ൽ ഫൈനൽ വിജയം ആർക്ക് എന്ന് പ്രവചിക്കുന്നതിൽ 'പ്രവചിക്കൂ സമ്മാനം നേടൂ' എന്ന പേരിൽ മത്സരം സംഘടിപ്പിച്ചു. വനിതാ ദിനത്തോടനുബന്ധിച്ച് കൊട്ടിയൂർ പഞ്ചായത്തിലെ ധീര വനിതകളെ ആദരിക്കുന്നതിൽ യൂണിറ്റ് അതിഥേയത്വം വഹിക്കുകയും കേളകം പഞ്ചായത്തിലെ വനിതകളെ ആദരിക്കുന്നതിൽ നേതൃത്വവും നൽകുകയും ചെയ്തു. ലോക വനിതാ ദിനത്തോടനുബന്ധിച്ച് സമൂഹത്തിലെ എല്ലാ വനിതകളെയും ആദരിക്കുന്നതിന്റെ ഭാഗമായി മാനസിക വൈകല്യം ഉള്ള സഹോദരിമാരെ ആദരിച്ചു. ലോക വനിതാ ദിനത്തോടനുബന്ധിച്ച് യൂണിറ്റിന്റെ നേതൃത്വത്തിൽ ഓൺലൈനായി

രൂപതാതലത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. യുവജനങ്ങൾ ഓരോ രുത്തരും തങ്ങളുടെ കുടുംബത്തോടൊപ്പം ഒത്തുചേർന്ന് ഇറാൻ ഇസ്രായേൽ യുദ്ധത്തിന്റെ ഈ പശ്ചാത്തലത്തിൽ ലോക സമാധാന ത്തിനു വേണ്ടി ജപമാല ചൊല്ലി കാഴ്ചവെച്ചു. യൂണിറ്റ് ആനിമേറ്റർ സി. ഡോണ എസ്.എച്ച്. നും, രൂപതയുടെ മികച്ച പ്രവർത്തകൻ ആഷിലിനും ജന്മദിന, നാമഹേതുക തിരുന്നാളാശംസകൾ നേർന്നു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ കപ്പേളയിലും, പള്ളിക്ക് ചുറ്റും കുരിശിന്റെ വഴി നടത്തി. ഇറാൻ ഇസ്രായേൽ യുദ്ധ ത്തിന്റെ പശ്ചാത്തലത്തിൽ അവിടെയുള്ള ഇടവക അംഗങ്ങളെയും യുവജനങ്ങളെയും വിളിച്ച് ക്ഷേമാന്വേഷണം നടത്തി. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന് നാമഹേതുതിരുന്നാളിന്റെ പ്രാർത്ഥനകളും ആശംസകളും നേർന്നു. യൂണിറ്റിന്റെ സഹകരണ ത്തോടെ മാനന്തവാടി ദ്വാരക വിയാനിഭവനിലേക്ക് മാമ്പഴ ങ്ങൾ കൈമാറി. നാല്പതാം വെള്ളിയിലെ ചുങ്കക്കുന്നിലേക്ക് ഉള്ള കുരിശിന്റെ വഴിക്ക് ആവശ്യമായ കുരിശുകൾ യുവജനങ്ങളുടെ നേതൃത്വത്തിൽ കഴുകി വൃത്തിയാക്കി. ഓശാന ഞായറിനു ആവശ്യ മായ ഓലകൾ ക്രമീകരിക്കുന്നതിൽ യുവജനങ്ങൾ പങ്കാളികളായി.

**വെള്ളൂന്നി**

ലോകവനിതാ ദിനത്തിൽ ഇടവകയിൽ നിന്നും വാർഡ് പ്രതിനി ധിയായി തെരഞ്ഞെടുത്ത ലിസി കുന്നോലയെയും, മേഖലാ കോർഡി നേറ്റർ ആയി തിരഞ്ഞെടുത്ത റോസ് നിയ കല്ലേക്കുളത്തിനെയും ആദരിച്ചു. 'ELIORA' ദൈവം എന്റെ വെളിച്ചമാണ്' എന്ന പേരിൽ വെള്ളൂന്നി യൂണിറ്റിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം യൂണിറ്റ് ഡയറക്ടർ ഫാ. ടോമി പുത്തൻപുരയക്കൽ നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് അശ്വിൻ കുലച്ചിത്രയും വൈസ് പ്രസിഡന്റ് റോസ്നിയ കല്ലേകുളവും, കോർഡിനേറ്റർ ആൽഫി മുല്ലശ്ശേരിയും സംസാരിച്ചു. ആനിമേറ്റർ സി എൽസി ജോൺ എസ്.എച്ച്. ന് ജന്മദിനാശംസകൾ നേർന്നു. വനിതാ ദിനത്തിൽ അംഗത്വ നവീകരണവും, അംഗത്വ സ്വീകരണവും നടത്തി. ത്യാഗം കുരിശിന്റെ വഴിക്ക് കെ.സി.വൈ.എം. നേതൃത്വം നൽകി. മുൻ യൂണിറ്റ് പ്രസിഡന്റ് മാർട്ടിൻ കൊല്ലം പറമ്പിലിന്റെ വല്യപ്പച്ചന് ആദരാഞ്ജലികളർപ്പിച്ച് പ്രാർത്ഥിച്ചു.

**കയ്യൂന്നി**

പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. ലഹരിക്കെതിരെ Sign Chart സംഘടിപ്പിച്ചു. ഇടവകയിലെ യുവതികൾക്ക് 'ലോകവനിതാ ദിന' ആശംസകൾ നേർന്നു. പ്രവർത്തനമാർഗരേഖ പ്രകാശനം

ചെയ്തു. വലിയ ആഴ്ചയിൽ പള്ളിയിൽ വരാൻ സാധിക്കാത്ത വൃദ്ധ മാതാപിതാക്കൾക്ക് വിശുദ്ധ കുർബാനയും കുമ്പസാരവും നടത്തുവാൻ സഹായിച്ചു. ചുള്ളിയോടിലേക്കുള്ള പദയാത്രയിൽ യുവജനങ്ങൾ നേതൃത്വം നൽകി. ഹോം മിഷൻ സജീവമാക്കാൻ യുവജനങ്ങൾ പങ്കെടുത്തു. ഇടവക ധ്യാനം സജീവമാക്കാൻ യുവ ജനങ്ങൾ സഹകരിച്ചു. വലിയ ആഴ്ചയിൽ വായനകൾ നടത്തു ന്നതിനും, കല്ലറകൾ ഉണ്ടാക്കുന്നതിനും യുവജനങ്ങൾ നേതൃത്വം നൽകി. പുതു ഞായറാഴ്ച പോത്തുകൊല്ലി സെന്റ് തോമസ് മൗണ്ടി ലേക്ക് കുരിശിന്റെ വഴി നടത്തി.

**കൊമ്മയാട്**

പരീക്ഷാസമ്മർദ്ദം, മാനസിക ആശങ്കകൾ, ആത്മവിശ്വാസ ക്കുറവ്, കുടുംബ/സാമൂഹിക സമ്മർദ്ദങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഗണിച്ച് യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് ഒന്ന് മുതൽ മുപ്പത്തി ഒന്ന് വരെ ടെലി കൗൺസിലിംഗ് സേവനം ഒരുക്കി. കൗൺസിലർ വിസ്മയമരിയ ജോണി യുവജനങ്ങൾക്ക് കൗൺസിലിംഗ് നൽകി. മാർച്ച് മാസ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ഭാരവാഹി കൾ സിൻഡിക്കറ്റ് മീറ്റിംഗ് നടത്തി.യുവജനങ്ങളുടെ നേതൃത്വത്തിൽ കുറുമ്പാലക്കോട്ട മലയിലേക്ക് കുരിശിന്റെ വഴി സംഘടിപ്പിച്ചു. പള്ളി പണിക്കായുള്ള ഫണ്ട് ശേഖരിക്കുന്നതിനായി യുവജനങ്ങൾ ഇടവകയിലെ ഓരോ വീടുകളിൽ നിന്നും ആക്രി സാധനങ്ങൾ ശേഖരിച്ചു. ദ്വാരകയിൽ വെച്ച് നടന്ന മ്യൂസിക്കൽ അഡോറേഷനു യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കാളികളായി. സമുദായ ശക്തീ കരണ വർഷത്തിന്റെ ഭാഗമായി 'ഇടം' യുവജന സംഗമം ദു:ഖ ശനിയാഴ്ച്ച നടത്തി. യൂണിറ്റിന്റെ നേതൃത്വത്തിൽ ഈസ്റ്റർ ദിന ത്തോടനുബന്ധിച്ച് കല്ലറ നിർമ്മിച്ചു.

**തെനേരി**

കൽപ്പറ്റ ഗവൺമെന്റ് ഹോസ്പിറ്റലിൽ നടന്ന രക്തദാന ക്യാമ്പിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുക്കുകയും ഭക്ഷണമുണ്ടാക്കാൻ സഹായിക്കുകയും ചെയ്തു.ലോക വനിതാ ദിനത്തിൽ യൂണിറ്റിലെ എല്ലാ വനിതകൾക്കും ആശംസകൾ നേർന്നു. മദ്യവിരുദ്ധ റാലി, ലഹരി വിരുദ്ധ റാലി എന്നിവ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. പോൾ എടയകൊണ്ടാട്ടിനു ജന്മദിനാശം സകൾ നേർന്നു. യുവജനങ്ങളുടെ നേതൃത്വത്തിൽ മാനന്തവാടി സമിരിറ്റൻ ഭവൻ, കെ.സി.വൈ.എം ഓഫീസ് എന്നിവ സന്ദർശിച്ചു. അജേഷ് പുത്തൻപുരക്കൽ പൈസ സംഭാവന നൽകി സഹായിച്ചു.

യുവജനങ്ങളുടെ നേതൃത്വത്തിൽ പടവിൽ കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി.

**പുൽപള്ളി**

പുൽപള്ളി ഇടവകയിൽ 'ഇടം' എന്ന പേരിൽ യുവജന സംഗമം സംഘടിപ്പിച്ചു. അനൂപ് ചെത്തുവേലി ഫാ. ജോഷി പുൽപ്പയിൽ, സി. അർപ്പിത എസ്. എ. ബി. എസ്, സി. ജിസ്മി എം. എസ്. എം. ഐ, എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. വിവിധ ആത്മീയ പ്രവർത്തനങ്ങളും ചർച്ചകളും ഉൾപ്പെടുത്തിയ പരിപാടിയിൽ 25 യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളിൽ ആത്മീയ ബോധവും ഐക്യവും വളർത്തുന്നതിനായി ഈ സംഗമം സഹായകമായി.

**തോമാട്ടുചാൽ**

ഇടവകയിലെ യുവജനങ്ങളുടെ സൗഹൃദവും, സമുദായ സ്നേഹവും കെട്ടുറപ്പുനൽകുന്നതിനുമായി ഏപ്രിൽ 4 ന് കെ. സി. വൈ. എം. തോമാട്ടുചാൽ യൂണിറ്റ്, ഇടവക യുവജനങ്ങൾക്കുവേണ്ടി 'ഇടം' യുവജന സംഗമം സംഘടിപ്പിച്ചു. 'വിശ്വാസ യുവത്വം: സാമുദായിക സാമൂഹിക പരിവർത്തനത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി, കെ.സി.വൈ.എം. രൂപതാതല മുൻ പ്രസിഡന്റും, എ.കെ.സി.സി. രൂപതാ പ്രസിഡന്റുമായ ജോൺസൺ തൊഴുത്തുങ്കൽ സാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**കമ്മന**

ഇടവകയിലെ യുവജനങ്ങളുടെ സൗഹൃദവും, സമുദായ സ്നേഹവും കെട്ടുറപ്പുനൽകുന്നതിനുമായി ദു:ഖശനിയാഴ്ച്ച കെ.സി. വൈ.എം. കമ്മന യൂണിറ്റ്, ഇടവക യുവജനങ്ങൾക്കുവേണ്ടി 'ഇടം' യുവജന സംഗമം വികാരി ഫാ. മനു അറക്കപ്പറമ്പിലിന്റെയും, യൂണിറ്റ് ഭാരവാഹികളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**യുവജന സംഗമങ്ങൾ**

യുവജന കൂട്ടായ്മ വിളിച്ചോതുന്ന യുവജന സംഗമം ബത്തേരി, തോണിച്ചാൽ, തൃശ്ശിലേരി, പാറത്തോട്ടം തുടങ്ങിയ ഇടവകകളിൽ യൂണിറ്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**റോബിൻ ബിജു വടക്കേക്കര**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ഏപ്രിൽ മാസം 10 മുതൽ 12 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 101 പേർ പങ്കെടുത്തു. ബോയ്സ് ടൗൺ സിയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് മെയ് മാസം 10, 11, 12 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു. ജൂൺ മാസത്തിലെ കോഴ്സ് 12,13,14 തീയതികളിൽ ആയിരിക്കും.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

വലിയ നോമ്പിന്റെ ചൈതന്യത്തിൽ ക്രിസ്തുനാഥന്റെ പീഡാസഹനം, കുരിശുമരണം എന്നിവ എന്നിവ ധ്യാനിച്ചുകൊണ്ട് മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിലെ അമ്മമാർ കുരിശിന്റെ വഴി പ്രാർത്ഥനയിൽ പങ്കെടുത്തു. പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് വേണ്ടി നിലമ്പൂർ മേഖലയുടെ നേതൃത്വത്തിൽ ചെയിൻ റോസറി നടത്തി. മാർച്ച് 1 മുതൽ 31 വരെ കുടുംബങ്ങളിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം വായിച്ചു. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ശ്രേഷ്ഠ വനിതാ വ്യക്തിത്വങ്ങളെയും സംരംഭകരായ വനിതകളെയും യൂണിറ്റുകളിൽ ആദരിച്ചു. 18/03/2026 ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 16 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മെയ് 22.

**മേഖലാ വാർത്തകൾ**

**കൽപ്പറ്റ**

വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് കുരിശിന്റെ വഴി നടത്തി. മേഖലാ ഡയറക്ടർ ഫാ. ടോംസി പാലക്കൽ സി.എം.എഫ് വി. ബലിയർപ്പിച്ചു. അമ്മമാർ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തു. ഫാ. കുര്യാക്കോസ് കുന്നത്ത് മാർഗരേഖ പ്രകാശനം ചെയ്തു.

**മുള്ളൻകൊല്ലി**

മാർച്ച് 19 ന് എല്ലാ ജോസഫ്മാർക്കും ആശംസകൾ നേർന്നു.

പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി ചെയിൻ റോസറി നടത്തി. മേഖലാതലത്തിൽ പരീക്ഷാ ഒരുക്ക പ്രാർത്ഥന നടത്തി. മക്കളുടെ ആശ്രയം ലഭിക്കാത്ത അമ്മമാർക്കായി ദിവ്യ കാരുണ്യ ആരാധന നടത്തി. വിവാഹം നടക്കാത്ത യുവജനങ്ങൾക്കായി എല്ലാ വെള്ളിയാഴ്ചയും ഉപവാസ പ്രാർത്ഥന നടത്തി. രണ്ട് യൂണിറ്റുകളിൽ ആയി 6000/- രൂപയുടെ ഈസ്റ്റർ കിറ്റ് നൽകി. നോമ്പിലെ വെള്ളിയാഴ്ചകളിൽ ശിശുമല കുരിശുമലയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ വിവിധ യൂണിറ്റുകളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു. 40-ാം വെള്ളിയാഴ്ച മുള്ളൻകൊല്ലിയിൽ നിന്നും കുരിശുമലയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള അംഗങ്ങൾ പങ്കെടുത്തു.

**നടവയൽ**

മേഖലാ മാർഗ്ഗരേഖ പ്രകാശനം നടത്തി. നടവയൽ മേഖല നടവയൽ യൂണിറ്റിൽ വെച്ച് കുരിശിന്റെ വഴി നടത്തി. മാതൃവേദിയുടെ ഫ്ളാഗ് മേഖലാ യൂണിറ്റുകൾക്ക് കൈമാറി. വലിയ നോമ്പിന്റെ ഭാഗമായി യൂണിറ്റുകൾ പലവിധത്തിലുള്ള കാരുണ്യ പ്രവർത്തികൾ ചെയ്തു. 50 ദിവസത്തെ നോമ്പ് ചിന്തകൾ ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. വിശുദ്ധരെ പരിചയപ്പെടുത്തൽ ചുണ്ടക്കര യൂണിറ്റ് നൽകി.

**ദ്വാരക**

മേഖലാ തലത്തിൽ നടന്ന കുരിശിന്റെ വഴിയിൽ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള അമ്മമാർ പങ്കെടുത്തു. പാപികൾ, രോഗികൾ എന്നിവർക്കുവേണ്ടി കാരയ്ക്കാമല യൂണിറ്റ് ചെയിൻ റോസറി നടത്തി. മാനന്തവാടി രൂപതയ്ക്ക് വേണ്ടി എല്ലാ യൂണിറ്റുകളിലും ദിവ്യകാരുണ്യ ആരാധന നടത്തി.

**തരിയോട്**

യൗസേപ്പിതാവിന്റെ വണക്കമാസം വായിച്ചു. മംഗളവാർത്താ ദിനത്തിൽ ഗർഭിണികൾക്കും ഗർഭസ്ഥ ശിശുക്കൾക്കും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള വീഡിയോ നിർമിച്ചു ഗ്രൂപ്പിൽ ഇട്ടു. മേഖലാതല കുരിശിന്റെ വഴി നടത്തി. മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും അമ്മമാർ മലയാറ്റൂർ തീർത്ഥാടനം നടത്തി. കണ്ണൂരിൽ വച്ച് നടന്ന കത്തോലിക്ക കോൺഗ്രസ് സമുദായശാക്തീകരണ മഹാസംഗമത്തിൽ പങ്കെടുത്തു.

**മണിമൂളി**

മേഖലാ എക്സിക്യൂട്ടീവ് കൂടി. വനിതാദിനത്തിൽ പ്രായമായ വനിതകളെ ആദരിച്ചു. യൗസേപ്പ് നാമധാരികളെ ആദരിച്ചു. വൈദിക

സന്യസ്തരുടെ ഭവനങ്ങൾ മേഖലടീം സന്ദർശിച്ചു. മേഖല ടീം സെന്റ് ഫ്രാൻസിന്റെ ദേവാലയം സന്ദർശിക്കുകയും കുമ്പസാരിക്കുകയും കുരിശിന്റെ വഴിചൊല്ലി പ്രാർത്ഥിച്ച് ദണ്ഡവിമോചനം നേടുകയും ചെയ്തു. മേഖലാ ടീമിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ ബൈബിൾ പാരായണം ആരംഭിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി.

**ശാഖാ വാർത്തകൾ**

**കബനിഗിരി**

വെള്ളിയാഴ്ച ശിശുമല കുരിശിന്റെ വഴിയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. എക്സിക്യൂട്ടീവ് അംഗങ്ങൾ വയനാട് ജില്ലയിലെ പ്രധാനപ്പെട്ട 12 പള്ളികളിൽ തീർത്ഥാടനം നടത്തി. മുള്ളൻകൊല്ലി പഞ്ചായത്തിൽ അനുവദിക്കുന്ന കരിങ്കൽ ക്വാറിക്കെതിരെയുള്ള പഞ്ചായത്ത് ഉപരോധ ധർണ്ണയിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ ജോസഫ് നാമധാരികളെയും ജപമാലയും പൂച്ചെണ്ടും നൽകി ആദരിച്ചു. ഈസ്റ്റർ കിറ്റ് നൽകുന്നതിനായി മേഖലയിലേക്ക് 500/- രൂപ നൽകി. പള്ളിയും പരിസരങ്ങളും സിമിത്തേരിയും വൃത്തിയാക്കി.1000/- രൂപയുടെ 5 കിറ്റുകൾ അർഹതപ്പെട്ട 5 പേർക്ക് വിതരണം ചെയ്തു.

**പുൽപ്പള്ളി**

വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. വനിതാ ദിനത്തിൽ 75 വയസ്സിനു മുകളിലുള്ള മുൻകാല മാതൃവേദിയംഗത്തെ സന്ദർശിച്ച് ആദരിച്ചു. യൂണിറ്റുതല കുരിശിന്റെ വഴി നടത്തി. ജനറൽ ബോഡി ചേർന്നു. രോഗീസന്ദർശനം നടത്തി. നാല്പതാം വെള്ളിയാഴ്ച ശിശുമലയിലേക്കുള്ള കുരിശിന്റെ വഴിയിൽ പങ്കെടുത്തു. ഭവന നിർമ്മാണത്തിന് സഹായം നൽകി.

**പാതിരിപ്പാടം**

വി. യൗസേപ്പിന്റെ വണക്കമാസം നടത്തി. എല്ലാ ദിവസവും നോമ്പുകാല ചിന്തകൾ പങ്കുവച്ചു. എക്സിക്യൂട്ടിവ് കൂടി. രോഗീസന്ദർശനം, ഭവന സന്ദർശനം നടത്തി. കിടപ്പ് രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. വനിതാ ദിനത്തിൽ അമ്മമാരെ ആദരിച്ചു. പള്ളിയും പരിസരവും, സെമിത്തേരിയും വൃത്തിയാക്കി. ജോസഫ് നാമധാരികളെ ആദരിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി.

**ശിശുമല**

എലിശ്വാ സന്ദർശനം, നവോമി സന്ദർശനം, രോഗീ സന്ദർശനം, ഭവന സന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി. വി.

യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ നടവയൽ ഉണ്ണിമിശിഹാ പള്ളി, നെയ്ക്കുപ്പ സെന്റ് ജോസഫ് ചർച്ച്, മൗണ്ട് കാർമൽ പ്രൊവിൻഷ്യൽ ഹൗസ് എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തി. നാല്പതാം വെള്ളി കുരിശുമല കയറ്റം നടത്തി.

**വടപുറം**

അന്താരാഷ്ട്ര വനിതാദിനത്തിൽ ഇടവകയിലെ മൂന്ന് വനിതാ സംരംഭകരെ ആദരിച്ചു. മാതൃവേദിയുടെ നേതൃത്വത്തിൽ മലയാറ്റൂർക്ക് തീർത്ഥാടനം നടത്തി. മാതൃവേദിയുടെ നേതൃത്വത്തിൽ ഒരു സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി, നൂറിലധികം ആൾക്കാരുടെ പ്രമേഹവും പ്രഷറും പരിശോധിച്ചു അവർക്ക് ആവശ്യമായ മെഡിക്കൽ സഹായവും നൽകി. ഇടവകയിലെ ഒരു യുവതിയുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകി.

**കുളത്തുവയൽ**

വി. യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. സമുദായിക ശക്തീകരണം കൽപ്പറ്റ മേഖലയിൽ നടത്തിയ ക്ലാസ്സിൽ പ്രസിഡന്റും സെക്രട്ടറിയും പങ്കെടുത്തു. മേഖലാ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. മാനസിക വെല്ലുവിളി നേരിടുന്ന ഒരു അക്രൈസ്തവ ഭവനം സന്ദർശിച്ച് അവർക്ക് ആവശ്യമായ ഭക്ഷ്യകിറ്റ് നൽകുകയും ചെയ്തു.

**ആലാറ്റിൽ**

എക്സിക്യൂട്ടിവ് കൂടി. അന്താരാഷ്ട്ര വനിതാ ദിനത്തിൽ മാതൃവേദി സീനിയർ അംഗത്തെ ആദരിച്ചു. വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ പ്രായമേറിയ ജോസഫ് നാമധാരികളെ ഭവനത്തിൽ ചെന്ന് ആദരിച്ചു. വി. യൗസേപ്പ് പിതാവിനെ പരിചയപ്പെടുത്തി. പ്രോ-ലൈഫ് ദിനത്തിൽ ജീവന്റെ സംരക്ഷണത്തെക്കുറിച്ച് ആനിമേറ്റർ സന്ദേശം നൽകി. നാലു മക്കളുള്ള ഒരു ഭവനം സന്ദർശിച്ച് മാതാപിതാക്കളെ ആദരിച്ചു. രോഗീസന്ദർശനം നടത്തി.

**പനംഞ്ചിറ**

നോമ്പുകാലം ഭക്തിയോടെ ആചരിച്ചു. കുരിശിന്റെ വഴി പ്രാർത്ഥനകളിൽ അമ്മമാർ ത്യാഗത്തോടെ പങ്കെടുത്തു. വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ പിതാക്കൻമാരെ ആദരിച്ചു. ലോകസമാധാനത്തിനായും, വിവിധ പരീക്ഷകൾക്കായി ഒരുങ്ങുന്ന കുട്ടികൾക്കു വേണ്ടിയും പ്രാർത്ഥിച്ചു. കിടപ്പു രോഗികളെ സന്ദർശിച്ചു.

**കുറുമ്പാല**

വി. യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. പടിഞ്ഞാറത്തറയിൽ വച്ച് നടത്തപ്പെട്ട ആൽക്കഹോളിക് അനോനിമസ് സംഗമത്തിൽ പങ്കെടുത്തു. രോഗികളായ മാതാപിതാക്കളെ സന്ദർശിച്ചു. കിടപ്പ് രോഗികളെ സന്ദർശിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. മേഖലാ കുരിശിന്റെ വഴിയിൽ സംബന്ധിച്ചു. ഇടവകയും സംഘടനകളും ചേർത്ത് പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചരിപ്പിൽ പങ്കെടുത്തു. ജനറൽബോഡി നടത്തി. അമ്മമാർക്കായി സെമിനാർ നടത്തി.

**ചോക്കാട്**

വി. യൗസേപ്പ് പിതാവിന്റെ വണക്കമാസാചരണം നടത്തി. ഇടവകയിലുള്ള അഗതിമന്ദിരത്തിലെ ചാപ്പലിൽ കുരിശിന്റെ വഴി നടത്തി. രോഗികളെ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**പുതിയിടംകുന്ന്**

എക്സിക്യുട്ടീവ് മീറ്റിംഗ് കൂടി. വനിതാ ദിനത്തിൽ സ്വന്തമായി സംരംഭം നടത്തിവരുന്ന ബിന്ദു സന്തോഷിനെ ആദരിച്ചു. വി. യൗസേപ്പിതാവിന്റെ തിരുനാളിൽ പിതൃദിനത്തിൽ പിതാക്കന്മാരെ ആദരിച്ചു. മേഖലാ കുരിശിന്റെ വഴിയിൽ 18 പേർ പങ്കെടുത്തു. ദ്വാരകയിൽ വെച്ച് നടത്തിയ സാമുദായികവർഷ ഉദ്ഘാടനത്തിൽ ഭാരവാഹികളും ആനിമേറ്ററും പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. 3000/- രൂപ മരുന്നു വാങ്ങുന്നതിനായി നൽകി. സാന്താ മോനിക്ക പ്രാർത്ഥന, വചന കവചം, എന്നിവ ചൊല്ലി.

**മണിമൂളി**

എക്സിക്യൂട്ടീവ് കൂടി. ലോക വനിതാദിനം ആചരിച്ചു. ക്യാൻസർ രോഗബാധിതയായ യുവതിക്ക്, ഭക്ഷണകിറ്റും, വസ്ത്രങ്ങളും നൽകി. വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള ദേവാലയം സന്ദർശിച്ചു. ഒരു കുടുംബത്തിന് 3000/- രൂപ ചികിത്സാ സഹായം നൽകി. 6 കുടുംബങ്ങൾക്ക് 14,500/- രൂപയും, 5 കുടുംബങ്ങൾക്ക് (ഓരോ കുടുംബത്തിനും 1750 രൂപയുടെ സാധനങ്ങൾ ഉള്ള) ഭക്ഷണ കിറ്റ് നൽകി. സമുദായശക്തികരണത്തെക്കുറിച്ച് നടന്ന സെമിനാറിൽ പങ്കെടുത്തു. പ്രോലൈഫ് പ്രവർത്തനമായി 4-ാമത്തെ കുഞ്ഞിന് ജന്മം നൽകിയ യുവതിയെ സന്ദർശിച്ചു. ഭക്ഷണകിറ്റും, വസ്ത്രങ്ങളും നൽകി. അടുക്കള തോട്ടം എന്നതിലേക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

**പനവല്ലി**

ഈശോയുടെ പീഡാനുഭവത്തെയും കുരിശുമരണത്തെയും ധ്യാനിച്ചു കൊണ്ട് സാധിക്കുന്നത്ര അമ്മമാർ നോമ്പാചരിച്ച് പ്രാർത്ഥിച്ചു. കാട്ടിക്കുളം പള്ളിയിൽ വച്ച് നടത്തിയ കുരിശിന്റെ വഴിയിൽ അമ്മമാർ പങ്കെടുത്ത് പ്രാർത്ഥിച്ചു.

**വാകേരി**

വനിതാ ദിനത്തിൽ അമ്മമാർക്കുവേണ്ടി പ്രത്യേക ക്ലാസ്സ്, വി. കുർബാന, ആരാധന സംഘടിപ്പിച്ചു. വിധവകളെയും, സിസ്റ്റേഴ്സിനേയും, വനിതാ സാരംഭകയെയും ആദരിച്ചു. ഇടവകയിലെ വിധവകൾക്കായി യൂദിത്ത് കൂട്ടായ്മ ആരംഭിച്ചു. ഇടവകയിലെ വീടുകളിൽനിന്ന് ആക്രി ശേഖരണം നടത്തുകയും തരംതിരിച്ചു വിൽപന നടത്തുകയും ചെയ്തു. പിതൃദിനത്തിൽ പിതാക്കന്മാരെ അമ്മമാർ കെട്ടിയുണ്ടാക്കിയ ജപമാല നൽകി ആദരിച്ചു. മേഖലാ കുരിശിന്റെ വഴിക്ക് അമ്മമാർ പങ്കെടുത്തു. ദേവാലയവും പരിസരവും വൃത്തിയാക്കി.

**താളിപ്പാടം**

ലോക വനിതാ ദിനത്തോടനുബന്ധിച്ച് വനിതകൾക്ക് ആശംസകൾ നേർന്നു. വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു. എല്ലാ ചൊവ്വാഴ്ചകളിലും വെള്ളിയാഴ്ചകളിലും പ്രത്യേക നിയോഗത്താൽ കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. നോമ്പിൽ ജീവകാരുണ്യ പ്രവർത്തനത്തോടനുബന്ധിച്ച് നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ചു നൽകാൻ തീരുമാനിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി. എക്സിക്യൂട്ടീവ് കൂടി.

**കാരയ്ക്കാമല**

അന്താരാഷ്ട്ര വനിതാ ദിനത്തിൽ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട 3 വനിതകളെയും 17 വനിതാ സംരംഭകരെയും മാതൃവേദി മാനന്തവാടി രൂപത നടത്തിയ ചാവറ ഓൺലൈൻ ക്വിസ്സിൽ ഒന്നാമത് എത്തിയ അഞ്ചു വളവനാടിനെയും മൊമെന്റോ നൽകി ആദരിച്ചു. ഒഴുക്കൻമൂല പള്ളിയിൽ വച്ച് നടന്ന ദ്വാരക മേഖല കുരിശിന്റെ വഴിയിൽ കാരയ്ക്കാമല യൂണിറ്റിൽ നിന്ന് 22 പേർ പങ്കെടുത്തു. വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ പിതൃദിനമായി കൊണ്ടാടുകയും കുടുംബനാഥന്മാരെ തിരുകുടുംബത്തിന്റെ രൂപം നൽകി ആദരിക്കുകയും ചെയ്തു.

**കേളകം**

അന്യമതസ്ഥർക്ക് രോഗീ സഹായം നൽകി. വി. യൗസേപ്പ്

പിതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ പിതാക്കന്മാർക്കും മധുരം നൽകി ആദരിച്ചു. മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കാൻ സഹായിച്ചു. സാമ്പത്തിക സഹായം നൽകി. ആലഞ്ചേരിയിൽ പോയി തുണികൾ അലക്കാൻ സഹായിച്ചു. വനിതാ ദിനത്തിൽ രണ്ടു വനിതാ സംരംഭകരെ ആദരിച്ചു. എല്ലാ മാസത്തിലെ എല്ലാ രണ്ടാം ചൊവ്വാഴ്ചയും കൃപഭവനിൽ  പൊതിച്ചോറുകൾ നൽകുന്നു.

**പറളിക്കുന്ന്**

എലീശ്വാ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**വാളേരി**

എക്സിക്യൂട്ടീവ് യോഗം കൂടി. ബൈബിൾ കൈയ്യെഴുത്ത് നടത്തി. അഗതിമന്ദിര സന്ദർശനം നടത്തി. വി. യൗസേപിതാവിന്റെ തിരുനാൾ ദിനത്തിൽ 21 ജോസഫ് നാമധാരികളെ ആദരിച്ചു. ജില്ലാ ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കുവാൻ സഹായിച്ചു. വചന കവചം, സാന്താ മോനിക്ക, ചെയിൻ റോസറി, എന്നിവ നടത്തി. രോഗീ സന്ദർശനം നടത്തി. മരണ വീട് സന്ദർശിച്ചു. ഓസാനാം ഭവൻ, എന്നിവ സന്ദർശിച്ചു. സാമ്പത്തിക സഹായം നൽകി.

**കരിമാനി**

വനിതാ ദിനത്തിൽ വനിതാ സംരംഭകയെ ഭവനത്തിൽ പോയി ആദരിച്ച് ഗിഫ്റ്റ് നൽകി. മേഖലാതല കുരിശിന്റെ വഴിയിൽ 13 അമ്മമാർ പങ്കെടുത്തു. 75 വയസ്സ് പൂർത്തിയായ ജോസ് മാതേക്കലിനെ ആദരിച്ചു. വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള ഓഡിയോ ഗ്രൂപ്പിൽ ഷെയർ ചെയ്തു.  വചന വായനാദിനം നടത്തി. ഇടവകാതിർത്തിക്കുള്ളിലുള്ള  കിടപ്പുരോഗികളെ സന്ദർശിച്ചു.

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. യൗസേപ്പിതാവിന്റെ വണക്കമാസ പ്രാർത്ഥന ചൊല്ലി. ജോസഫ് നാമധാരികളെ  ആദരിച്ചു. ആലത്തൂർ അന്തോണീസ് പുണ്യാളന്റെ പള്ളിയിലേക്ക് ദണ്ഡ വിമോചന റാലി നടത്തി. അനാഥാലയം സന്ദർശിച്ചു.

**തരിയോട്**

വനിതാ ദിനത്തിൽ  മാതൃവേദിയിൽ നിന്നും ബ്ലോക്ക് വൈസ് പ്രസിഡന്റായും, പഞ്ചായത്ത് പ്രസിഡാന്റായും തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ജിൻസിയെയും ശ്രീമതി സൂസിയെയും ആദരിച്ചു. മേഖലാ കുരിശിന്റെ വഴി തരിയോട് ഇടവകയിൽ വച്ച്  നടത്തി. വിളക്കന്നൂർ

തീർത്ഥയാത്ര നടത്തി. ഓസാനാം ഭവൻ സന്ദർശിച്ചു. സഹായം നൽകി. കിറ്റ് വിതരണം നടത്തി.

**കുറുമണി**

വനിതാദിനം ആചരിച്ചു. ജോസഫ് നാമധാരികളെ ഭവനങ്ങളിൽ പോയി ആദരിച്ചു. രോഗീ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. സമ്പൂർണ്ണ ബൈബിൾ വായന നടത്തുന്നു. വണക്ക മാസം ഭവനങ്ങളിൽ ചൊല്ലി. മേഖലാ കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**തലഞ്ഞി**

വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികളെ ആദരിച്ച് അവർക്ക് ആശംസകൾ നേർന്നു. അമ്മമാർ പാലിയേറ്റീവ് സെന്റർ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. വനിതാ ദിനത്തോടനുബന്ധിച്ച് വനിതാ സംരംഭകരെ ആദരിച്ചു. നോമ്പാചരണത്തോടൊപ്പം മീഡീയ ഉപവാസം അമ്മമാർ നടത്തി.

**പൂക്കോട്ടുംപാടം**

വനിതാ ദിനത്തിൽ, ഇടവകയിലെ വനിതാ സംരംഭകയെ ആദരിച്ചു. ജോസഫ് നാമധാരികളെ ദേവാലയത്തിൽ വച്ച് ആദരിച്ചു. കിടപ്പിലായ ജോസഫ് നാമധാരിയെ വീട്ടിൽ പോയി ആദരിച്ചു. പ്രൊ ലൈഫ് ദിനത്തിൽ, കൂടുതൽ മക്കളുള്ള ദമ്പതികളെ ആദരിച്ചു. മേഖലാ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**നടവയൽ**

ജോസഫ് നാമധാരികളായ കുടുംബനാഥൻമാരെ ആദരിച്ചു. വിശുദ്ധരെ സോഷ്യൽ മീഡിയായിലൂടെ പരിചയപ്പെടുത്തി. മലയാറ്റൂർ അരുവിത്തുറ, ഭരണങ്ങാനം, കുറവിലങ്ങാട്, വല്ലാർപാടം, ഇടപ്പള്ളി, വിളക്കന്നൂർ, ചെമ്പേരി ബസിലിക്ക തുടങ്ങിയ പള്ളികളിൽ തീർത്ഥാടനം നടത്തി. മികച്ച സംരംഭകയായ ജെമി സജിയെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. വിവാഹിതരായിട്ട് പത്ത് വർഷമായ ദമ്പതികൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തി. വിയാനി ഭവനിൽ വൈദികരെ സന്ദർശിച്ചു. ''ഗുരുപൂജ'' അവാർഡ് നേടിയ വിജയൻ അച്ചനുമായി സംവദിച്ചു. രോഗീസന്ദർശനം നടത്തി. ഭവനസഹായം, രോഗീസഹായം, സാധുസഹായം തുടങ്ങിയ ഇനങ്ങളിൽ 4900/- രൂപയുടെ ധനസഹായം നൽകി.

**തവിഞ്ഞാൽ**

വി. യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. വനിതാ

ദിനത്തിൽ മികച്ച ക്ഷീര കർഷകയായി തെരഞ്ഞെടുക്കപ്പെട്ട ദേശീയ പുരസ്കാരം ലഭിച്ച ലില്ലിസ് ഉടമയായ ലില്ലി മാത്യുവിനെ ആദരിച്ചു. ഇടവകയിലെ എഴുത്തുകാരിയും കഥാ, കവിത എന്നിവ യിൽ ബുക്ക് ഓഫ് റെക്കോർഡ് ജേതാവുമായ റെജീന നടാൻ കണ്ടെത്തിലിനെ മെമെന്റോ നൽകി ആദരിച്ചു. മേഖലാ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. ജോസഫ് നാമധാരികളെ ആദരിച്ചു. ഗവൺ മെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. രോഗീസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് കൂടി.

**വഞ്ഞോട്**

എക്സിക്യൂട്ടീവ് കൂടി. വനിതാ ദിനം ആചരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. മേഖലാതല കുരിശിന്റെ വഴി ഇടവക യിൽ നടത്തി. ദേവാലയ നിർമ്മാണ ധന ശേഖരണാർത്ഥം ഡബ്ലിയു. എസ്. എസ്. ൽ നിന്നെടുക്കുന്ന നിത്യോപയോഗ സാധനങ്ങൾ പള്ളിയിൽ അമ്മമാർ വില്പന നടത്തുന്നു.

**സീതാമൗണ്ട്**

സമുദായ ശക്തീകരണ വർഷ ഉദ്ഘാടനം നടത്തി. ഈസ്റ്റർ കിറ്റ് 45 കുടുംബങ്ങൾക്ക് നൽകി. 40-ാം വെള്ളിയാഴ്ച കുരിശു മലകയറ്റത്തിൽ അമ്മമാർ പങ്കെടുത്തു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വനിതാ ദിനത്തിൽ ജൈവ പച്ചക്കറിതോട്ട മത്സരത്തിൽ പങ്കെടുത്ത അമ്മമാരെ ആദരിച്ചു. 14 പള്ളികളിൽ കുരിശിന്റെ വഴി തീർത്ഥാടനം നടത്തി. ഇടവകയിലെ നിർദ്ധനരായ 12 കുടുംബങ്ങൾക്ക് 1000/- രൂപയുടെ വീതം 12000/- രൂപയുടെ ഈസ്റ്റർ കിറ്റ് വിതരണം ചെയ്തു. മേഖലാ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. രോഗീ സന്ദർശനം, മരണ വീട് സന്ദർശനം എന്നിവ നടത്തി.

**ടൗൺ ചർച്ച്, മാനന്തവാടി**

കൊളക്കാട് മരിയസദൻ സന്ദർശിച്ച് പച്ചക്കറികളും അമ്മമാർ ശേഖരിച്ച വസ്ത്രങ്ങളും കൈമാറി. വനിതാദിനത്തിൽ ബൈബിൾ പുതിയ നിയമം പകർത്തിയെഴുതിയ മാതൃവേദി അംഗങ്ങളെ പള്ളി യിൽ ആദരിച്ചു. മേഖലാതല കുരിശിന്റെ വഴിയിൽ 9 പേർ പങ്കെ ടുത്തു. നടവയൽ ഓസാനാം ഭവൻ സന്ദർശിച്ചു. ഉച്ചഭക്ഷണത്തി നാവശ്യമായ തുക സംഭാവനയായ് നൽകി. പെരുവകയിലുള്ള ജീവൻധാര പുനരധിവാസകേന്ദ്രം സന്ദർശിച്ച് സംഭാവന നൽകി.

**വാഴവറ്റ**

അഞ്ച് വ്യത്യസ്ത അഗതിമന്ദിരങ്ങൾ സന്ദർശിച്ച് പൊതിച്ചോറ് നൽകി. മേഖലാ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. വിഷരഹിത പച്ചക്കറി സ്വയം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഇടവകയിലെ എൺപതോളം അമ്മമാർക്ക് പച്ചക്കറികളും ഗ്രോ ബാഗും സൗജന്യമായി വിതരണം ചെയ്തു. രോഗീ സന്ദർശനം നടത്തി സഹായം നൽകി.

**പന്തിപ്പൊയിൽ**

യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. തരിയോട് മേഖലയുടെ നേതൃത്വത്തിൽ തരിയോട് പള്ളിയിൽ വച്ച് നടന്ന കുരിശിന്റെ വഴിയിൽ നാല് അമ്മമാർ പങ്കെടുത്തു. എക്സിക്യൂട്ടീവ് യോഗം ചേർന്നു.

**ഒഴുക്കൻമൂല**

വനിതാ ദിനത്തിൽ ഇടവകയിലെ എല്ലാ വനിതകളേയും ആദരിച്ചു. സമ്മാനങ്ങൾ നൽകി. മേഖല കുരിശിന്റെ വഴിയിൽ വിവിധ ഇടവകകളിൽ നിന്നും വന്ന മാതൃവേദി അംഗങ്ങൾക്ക് ചായ സത്ക്കാരത്തിനാവശ്യമായ പലഹാരങ്ങൾ ഉണ്ടാക്കി പള്ളിയിൽ എത്തിച്ചു. പള്ളിയും പരിസരവും അടിച്ചു വൃത്തിയാക്കി. മാസക്കുറി നടത്തി ആയിരം രൂപ മാതൃവേദിക്ക് സംഭാവന നൽകി.

**അസംപ്ഷൻ, ബത്തേരി**

40-ാം വെള്ളിയാഴ്ച നടത്തിയ എക്യൂമെനിക്കൽ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ്, ജനറൽ ബോഡി മീറ്റിംഗ്, റീജൻ എക്സിക്യൂട്ടീവ് മീറ്റിംഗ് എന്നിവ നടത്തി. അസംപ്ഷൻ ഹോസ്പിറ്റലും കോഴിക്കോട് എം. വി. ആർ. ഹോസ്പിറ്റലുമായി ചേർന്ന് മെഡിക്കൽ ക്യാമ്പ് (രക്തദാനം, രോഗനിർണയം) സംഘടിപ്പിച്ചു. വനിതാദിനത്തിൽ വനിതാ ജനപ്രതിനിധികളെയും സംരംഭകരെയും ആദരിച്ചു. രോഗീ സന്ദർശനം നടത്തി, അഗതി മന്ദിരങ്ങൾക്ക് നോമ്പുകാല ദാനധർമ്മം നൽകി. പൊതിച്ചോർ വിതരണം, അഗതി മന്ദിരങ്ങൾക്ക് സഹായം എന്നിവയ്ക്കായി 8500/- രൂപ ചിലവഴിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ &**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സമ്പത്തിന്റെയും സമയത്തിന്റെയും ഓഹരി പാവപ്പെട്ടവർക്ക് വേണ്ടി വ്യയം ചെയ്യുന്നവരാണ് വിൻസെൻഷ്യൻ പ്രവർത്തകർ. മാനന്തവാടി സെൻട്രൽ കൗൺസിൽ, കോൺഫറൻസുകളെയും ഏരിയ കൗൺസിലുകളെയും ഒന്നിപ്പിച്ചു കൊണ്ടുള്ള ഉപവി പ്രവർത്തനങ്ങളിൽ മുന്നേറുന്നു.

**സിസി ബോർഡ്, സിസി യോഗങ്ങൾ**

21/3/2026, 17/4/2026 എന്നീ ദിവസങ്ങളിൽ സിസി ബോർഡ് ചേർന്നു. 21/3/2026 ന് സി സി യോഗം ചേരുകയും വാർഷിക റിപ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**പാടിച്ചിറ ഏരിയ കൗൺസിൽ**

പാടിച്ചിറ ഏരിയ കൗൺസിൽ യോഗം 8/3/2026 നും 12/4/2026 നും പ്രസിഡണ്ട് കുര്യൻ കരുവള്ളിത്തറയുടെ അധ്യക്ഷതയിൽ ചേർന്നു. യുദ്ധം അവസാനിപ്പിക്കുന്നതിനും ലോക സമാധാനത്തിനും വേണ്ടി ദേവാലയത്തിൽ ഒന്നിച്ചു ചേർന്ന് പ്രാർത്ഥനകൾ നടത്തി. കൂടാതെ കുടുംബ വിശുദ്ധികരണത്തിനും പാപികളുടെ മാനസാന്തരത്തിനുമായി 20/2/26 മുതൽ 26/2/26 വരെ പ്രാർത്ഥനകൾ നടത്തി. കൂടാതെ എല്ലാ ജീവനുകളും സംരക്ഷിക്കപ്പെടുന്നതിനായി 1250 പ്രാവശ്യം വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിച്ചു. നടവയൽ ഓസാനം ഭവനിൽ വെച്ച് നടന്ന യുവജന സംഗമത്തിൽ 7 പേർ പങ്കെടുത്തു. അന്നേദിവസം സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന ക്രിസ്റ്റീൻ ഏകദിന ധ്യാനത്തിൽ ഏഴു കുട്ടികളെ പങ്കെടുപ്പിച്ചു. 28/2/26 ന് പനമരം പാദ്രപിയോ ആശ്രമത്തിൽ വെച്ച് നടന്ന വനിതാ സംഗമത്തിൽ 22 പേർ പങ്കെടുത്തു. നാല് കോൺഫറൻസുകളിൽ തിരഞ്ഞെടുപ്പ് നടത്തി. പതിനാല് ഭവനങ്ങൾക്ക് ചികിത്സ, ഭക്ഷണം, മറ്റു സഹായങ്ങൾ എന്നിവ നൽകി. 3 നേഴ്സിംഗ് വിദ്യാർഥികൾക്കും ഒരു എഞ്ചിനീയറിങ് വിദ്യാർഥിക്കും സാമ്പത്തിക സഹായം നൽകി. ഒന്നിലധികം പ്രാവശ്യം ഓസാനം ഭവൻ സന്ദർശിക്കുകയും വർക്കിംഗ് ഫണ്ട്, ഭക്ഷണം, സാധനങ്ങൾ എന്നിവ നൽകുകയും ചെയ്തു. പാടിച്ചിറ ഏരിയ കൗൺസിൽ അംഗങ്ങൾ, വൈദികരുടെ നേതൃത്വത്തിൽ 14 ദേവാലയങ്ങൾ സന്ദർശിച്ച് നോമ്പ് കാല പരിത്യാഗ തീർത്ഥാടനം നടത്തി. കബനിഗിരി മേരിമാതാ കോൺഫറൻസ്

എല്ലാ മാസവും കിടപ്പുരോഗികളെ സന്ദർശിച്ച് പരിചരിക്കുന്നുണ്ട്.

**കൊട്ടിയൂർ ഏരിയ കൗൺസിൽ**

22/4/26 ന് ഏരിയ കൗൺസിൽ യോഗം ചേരുകയും കോൺഫറൻസുകൾക്ക് വാർഷിക റിപ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഭവന സന്ദർശനങ്ങൾ, രോഗീ സന്ദർശനങ്ങൾ, ചികിത്സ സഹായങ്ങൾ എന്നിവയിൽ കോൺഫറൻസ് അംഗങ്ങൾ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

**കൽപ്പറ്റ ഏരിയ കൗൺസിൽ**

കൽപ്പറ്റ ഏരിയ കൗൺസിലിന്റെ വാർഷികം 11/04/2026 ശനിയാഴ്ച ഡീപോൾ പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. യോഗത്തിൽ എ സി പ്രസിഡണ്ട് ബ്രദർ ആന്റണി മണവാളൻ അധ്യക്ഷൻ ആയിരുന്നു. ബ്രദർ ജൂഡി കൊരണ്ടിയാർകുന്നേൽ പ്രാർത്ഥനയും, ബ്രദർ മാത്യു തുറവേലിക്കുന്നേൽ ബൈബിൾ വായനയും നടത്തി. നമ്മുടെ ഇടയിൽ നിന്നും വേർപിരിഞ്ഞു പോയ വിൻസെൻഷ്യൻ സഹോദരങ്ങൾക്ക് വേണ്ടി ഒരു മിനിറ്റ് മൗന പ്രാർത്ഥന നടത്തി. സെന്റ് ജൂഡ് കോൺഫറൻസ് പ്രസിഡണ്ട് ബ്രദർ ജോർജ് കുപ്പയിൽ സ്വാഗതവും, സിസ്റ്റർ സിസിലി പഴയ മഠം നന്ദിയും അറിയിച്ചു. കൽപ്പറ്റ അസിസ്റ്റന്റ് വികാരി റവ. ഫാദർ ജോമിൻ നാക്കുഴിക്കാട്ട് ഉദ്ഘാടനം നടത്തി. സിസി പ്രസിഡണ്ട് ബ്രദർ ഷൈജൻ തടങ്ങഴിയിൽ മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. ജോൺസൺ CM (തൃക്കൈപ്പറ്റ ആശ്രമം) വിൻസെൻഷ്യൻ ജീവിതത്തെക്കുറിച്ച് ക്ലാസ് നൽകി. ബ്രദർ ജോണി പാറ്റാനി, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സിസ്റ്റർ ആൻസിറ്റ SCV, സിസ്റ്റർ റോസമ്മ അയൻകുഴ, ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, സിസ്റ്റർ പ്രിയ തടങ്ങഴിയിൽ എന്നിവർ യോഗത്തിന് ആശംസ അർപ്പിച്ച് സംസാരിച്ചു.

**ഓസാനാം ഭവൻ**

21/3/2026, 17/4/2026 എന്നീ ദിവസങ്ങളിൽ ഓസാനം ഭവൻ ബോഡിയോഗം ചേർന്നു. വാർഷിക റിപ്പോർട്ടും വാർഷിക കണക്കും ബഡ്ജറ്റും അവതരിപ്പിച്ചു. ഓസാനാം ഭവന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓസാനം ഭവനെ സഹായിക്കുന്ന എല്ലാ സുമനസ്സുകളുടെയും ത്യാഗനിർഭരമായ സഹായങ്ങളെ നന്ദിയോടെ ഓർമിക്കുന്നു. എല്ലാവരെയും ഏറെ സ്നേഹത്തോടെ ഓസാനം ഭവൻ സന്ദർശനത്തിനായി ക്ഷണിക്കുന്നു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് നീരുറവ അടിസ്ഥാനമാക്കിയുള്ള നീർത്തട വികസന പദ്ധതിക്ക് അനുമതി**

പ്രകൃതിയിലെ ജല സ്രോതസ്സുകൾ പ്രത്യേകിച്ച് നീരുറവകൾ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി ജലസംരക്ഷണം ഒരുക്കാനുള്ള നീരുറവ അടിസ്ഥാനമാക്കിയുള്ള നീർത്തട വികസന പദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ അനുമതിയായി. നബാർഡിന്റെ നീർത്തട വികസനത്തിൽപ്പെടുത്തി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയാണ് കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ചാത്തങ്കോട്ടുനട നീർത്തട പ്രദേശത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. നീരുറവകളിലെ ജലലഭ്യത കൂട്ടുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ആണ് പ്രധാന ലക്ഷ്യം. ഇതിനായി ശാസ്ത്രീയ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ നടപ്പാക്കും. തൊഴിലുറപ്പ് പദ്ധതിയും കൃഷിഭവൻ വഴിയുള്ള പദ്ധതികളും സംയോജിപ്പിക്കും. ജലസംരക്ഷണത്തിനുള്ള വിവിധ സാങ്കേതിക ജൈവികമുറകൾ,വനിതാവികസനം, മനുഷ്യവിഭവശേഷി വികസനം എന്നീ ഇനങ്ങളിൽ ആയാണ് പദ്ധതി ഫണ്ട് വിനിയോഗിക്കപ്പെടുന്നത്. ഗ്രാമനീർത്തട സമിതി, പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും. രണ്ട് ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ആദ്യഘട്ട പ്രവർത്തനങ്ങൾക്കാണ് നബാർഡിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിയെ നീർത്തട സമൂഹത്തിന് പരിചയപെടുത്തുന്നതിനും, ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഗ്രാമനീർത്തട സമിതിയെ തെരഞ്ഞെടുക്കുന്നതിനുമായി കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ 04, 05, 06 വാർഡുകളിൽപെടുന്ന ചാത്തങ്കോട്ടുനട നീരുറവ പ്രദേശത്തിന്റെ ഭാഗമായിട്ടുള്ള പ്രദേശത്തെ നിവാസികളെ ഉൾച്ചേർത്തുകൊണ്ടുള്ള വിശേഷാൽ ഗ്രാമസഭ പൊയിലോംചാലിൽ നടന്നു. കാവിലുംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മേഘടീച്ചർ പൊയിലുംപറമ്പത്ത് ഗ്രാമസഭ ഉത്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബോബി മൂക്കൻതോട്ടം അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ. പദ്ധതി വിശദീകരണം നടത്തി. വൈസ് പ്രസിഡന്റ് രമേശൻ മണലിൽ, വികസനകാര്യ ചെയർ പേഴ്സൺ സുജിന എം, വാർഡ് മെമ്പർമാരായ മനു എഴിക്കാട്ട്, പവിത്രൻ

വട്ടക്കി, ഗ്രാമനീർത്തട സമിതി പ്രസിഡന്റ് ടോമി പ്ലാക്കാട്ട്, സെക്രട്ടറി ജോസ് തകിടിയേൽ, വൈസ് പ്രസിഡന്റ് സാലി സജി, ജോയിന്റ് സെക്രട്ടറി സെബാസ്റ്റ്യൻ കെ. പി, ട്രഷറർ ജിജി കട്ടക്കയം, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം കോ ഓർഡിനേറ്റർ മാരായ റോബിൻ ജോസഫ്, ദീപു ജോസഫ്, ഗ്രാമനീർത്തട സമിതി സെക്രട്ടറി എന്നിവർ സംസാരിച്ചു. 17 അംഗ ഗ്രാമനീർത്തട സമിതിയെ ഗ്രാമസഭയിൽ വെച്ച് തെരഞ്ഞെടുത്തു. പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് മുൻപായി ചാത്തങ്കോട്ടുനട നീരുറവ പ്രദേശത്ത് ഭൗമവിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പഠനം നടത്തുകയും നബാർഡ് കോഴിക്കോട് ജില്ലാ മാനേജർ രാകേഷ് ആർ, നബാർഡ് കേരള റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് മാനേജർ മാരായ മതിവദന ആർ, ഡോക്ടർ ജോത്സന എന്നിവർ സന്ദർശനം നടത്തിയിരുന്നു.

**ഉണർവ് സ്കൂൾതല മാനസികാരോഗ്യ പരിപോഷണ പദ്ധതി പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS), കാരിത്താസ് ഇന്ത്യ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'സേഫ് വിത്തിൻ' പദ്ധതിയുടെ ഭാഗമായി തലപ്പുഴ ഗവണ്മെന്റ് യു.പി സ്കൂളിൽ സ്കൂൾതല മാനസികാരോഗ്യ പരിപോഷണ പരിപാടി ഉണർവ്-സംഘടിപ്പിച്ചു. 'റീകണക്ട് വയനാട് & വിലങ്ങാട്' ക്യാമ്പയിന്റെ ഭാഗമായി നടന്ന പരിപാടിയിൽ ദുരന്ത അതിജീവനവും മാനസികാരോഗ്യവും പ്രധാന ചർച്ചാ വിഷയമായി. പരിപാടി സീനിയർ സ്റ്റാഫ് മാത്യു തോമസ് ഉത്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് ഷൗക്കത്ത് കെ.എച്ച് അദ്ധ്യക്ഷത വഹിച്ചു. കുട്ടികളുടെ മാനസ്സികാരോഗ്യം എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ക്ലാസുകൾക്ക് സേഫ് വിത്തിൻ കോർഡിനേറ്റർ ഡെൽന മേരി ജയ്സൻ, കമ്മ്യൂണിറ്റി മൊബിലൈസർ സി. ദിവ്യ മുക്കൽ എസ്. ഡി, കൗൺസിലർമാരായ സി. ലില്ലി എസ്. എച്ച്, സി. ഷൈനി എസ്. എച്ച്. എന്നിവർ നേതൃത്വം നൽകി. ദുരന്ത നിവാരണ മാർഗങ്ങൾ, മാനസികാരോഗ്യം, പഠന വൈകല്യങ്ങളിൽ നിന്നുള്ള അതിജീവനം തുടങ്ങിയ വിഷയങ്ങൾ ലളിതമായ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികൾക്ക് പകർന്നു നൽകി. ഏത് പ്രതിസന്ധികളെയും അതിജീവിക്കാൻ പ്രാപ്തിയുള്ള ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ തുടർച്ചയായി സ്കൂൾ ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ 'ഉണർവ്' പ്രോഗ്രാമിന്റെ ഭാഗമായി നടപ്പിലാക്കും. ചടങ്ങിൽ കാരിത്താസ് ഇന്ത്യ കേരള കോർഡിനേറ്റർ അബിഷ് ആന്റണി, കാരിത്താസ് ഇന്ത്യ ആഗ്ര റീജിയണൽ

കോർഡിനേറ്റർ ഫാ. ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു. പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികളും അധ്യാപക പ്രതിനിധികളും ക്ലാസുകൾ ഏറെ ഫലപ്രദമായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു.

**കേരള കാർഷിക സർവകലാശാലയിലെ വിദ്യാർത്ഥികൾ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ പഠനത്തിനെത്തി**

കേരള കാർഷിക സർവകലാശാലയുടെ അമ്പലവയൽ സെന്ററിലെ വിദ്യാർത്ഥികൾ 03 ദിവസത്തെ പഠനത്തിനായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ എത്തി. റൂറൽ അഗ്രിക്കൾച്ചർ വർക്ക് എക്സ്പീരിയൻസ് എന്ന പ്രായോഗിക പരിശീലനം നേടാനാണ് 16 വിദ്യാർത്ഥികൾ അടങ്ങുന്ന ടീം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ എത്തിയത്. ബയോവിൻ അഗ്രോ റിസർച്ച്, മുള്ളൻകൊല്ലി നീരുറവ സംരക്ഷണ പദ്ധതി, ബോയ്സ് ടൗൺ ബൊട്ടാണിക്കൽ ഗാർഡൻ, തൃശ്ശിലേരി ജോൺമാസ്റ്ററുടെ ജൈവ കൃഷിയിടം, റേഡിയോ മാറ്റൊലി, തിരുനെല്ലി ഉന്നതി ജൽ സുരക്ഷ പദ്ധതി, തുടങ്ങിയ സ്ഥലങ്ങൾ ടീം സന്ദർശിച്ചു. കൂടാതെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടന്ന പഠന ശില്പശാലയിലും ടീം പങ്കെടുത്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, കോ ഓർഡിനേറ്റർ റോബിൻ ജോസഫ്, ദീപു ജോസഫ്, ഫീൽഡ് ആനിമേറ്റർമാരായ ബിൻസി വർഗീസ്, ജയന ഒ.പി, അഷ്ജാൻ സണ്ണി എന്നിവർ സന്ദർശന പരിപാടിക്ക് നേതൃത്വം നൽകി.

**ചൂരൽമലയിൽ അതിജീവനത്തിന്റെ കരുത്തായി 'ഗ്രാമപഥം'**

ഉരുൾപൊട്ടൽ ദുരന്തം വിതച്ച നടുക്കുന്ന ഓർമ്മകളിൽ നിന്നും ചൂരൽമല നിവാസികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരാൻ ലക്ഷ്യമിട്ട് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സംഘടിപ്പിച്ച 'ഗ്രാമപഥം' ശ്രദ്ധേയമാകുന്നു. ദുരന്തത്തിന് ഒരു വർഷം പിന്നിടുമ്പോഴും മാനസികാഘാതങ്ങളിൽ നിന്ന് മുക്തരാകാത്തവർക്ക് പ്രത്യാശയും ആത്മവിശ്വാസവും പകരുകയാണ് ഈ പദ്ധതി. കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സേഫ് വിത്തിൻ പദ്ധതിയുടെ ഭാഗമായാണ് 'ഗ്രാമപഥം - കൈകോർക്കാം സുരക്ഷിത നാളേയ്ക്കായി' എന്ന പരിപാടി ആസൂത്രണം ചെയ്തത്. ജനകീയ പങ്കാളിത്തത്തോടെ ദുരന്തങ്ങളെയും പ്രതിസന്ധികളെയും നേരിടാൻ ജനങ്ങളെ പ്രാപ്തരാക്കുക, പ്രതിരോധമാർഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകൾ തിരിച്ചറിഞ്ഞ യുവാക്കളെയും മുതിർന്നവരെയും ഒരുപോലെ ഉൾപ്പെടുത്തിക്കൊണ്ടാണ് പരിപാടി വിഭാവനം ചെയ്തി

രിക്കുന്നത്. ചൂരൽമല ദുരന്തത്തിൽ നേരിട്ടും അല്ലാതെയും ഇരകളായ പ്രദേശവാസികൾ ഒത്തുചേർന്ന സംവാദം ഏറെ ഫലപ്രദമായിരുന്നു. 'വിഫോർ റെസിലിയൻസ്' എന്ന ആശയത്തിലൂന്നിയായിരുന്നു ചർച്ചകൾ നടന്നത്. തങ്ങളുടെ അതിജീവന പാതയിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഒരു ഉത്തമ സഹയാത്രികനെപ്പോലെ കൂടെനിൽക്കുന്നത് വലിയ ബലമാണെന്ന് പ്രദേശവാസികൾ ചടങ്ങിൽ പങ്കുവെച്ചു. പരിപാടിയിൽ സന്നദ്ധപ്രവർത്തകരും ഉദ്യോഗസ്ഥരും നാട്ടുകാരും സജീവമായി പങ്കെടുത്തു. വരും ദിവസങ്ങളിൽ വയനാടിന്റെ വിവിധ ഭാഗങ്ങളിൽ സമാനമായ ഗ്രാമപഥങ്ങൾ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. പരിപാടിക്ക് റീജിയണൽ കോർഡിനേറ്റർ ബിൻസി വർഗീസ്, സേഫ് വിത്തിൻ കോർഡിനേറ്റർ ഡെൽന മേരി ജയ്സൺ, കമ്മ്യൂണിറ്റി മൊബിലൈസർ സി. ദിവ്യ മുണ്ടയ്ക്കൽ എസ്. ഡി സി. ആർ. സി കൗൺസിലർമാരായ സി. ലില്ലി എസ്. എച്ച്, സി. ഷൈനി എസ്.എച്ച്. എന്നിവർ നേതൃത്വം നൽകി. കാരിത്താസ് ഇന്ത്യ കേരള കോർഡിനേറ്റർ അബീഷ് ആന്റണി, ആഗ്ര റീജിയണൽ ഡയറക്ടർ റവ. ഫാ. ജോസഫ് തുടങ്ങിയവർ സംബന്ധിച്ചു.

**വീ ലീഡ് പദ്ധതിയുടെ ഭാഗമായി സോപ്പ്, സോപ്പ് ഉത്പന്നങ്ങൾ എന്നിവ നിർമിക്കുന്നതിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വീ ലീഡ് പദ്ധതിയുടെ ഭാഗമായി സോപ്പ്, സോപ്പ് ഉത്പന്നങ്ങൾ എന്നിവ നിർമിക്കുന്നതിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി. എ. ജോസിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വീ ലീഡ് ജില്ലാ കോ ഓർഡിനേറ്റർ വരുൺ വി. പദ്ധതി വിശദീകരണം നടത്തി. പരിശീലനത്തിന് റീജിയണൽ കോ ഓർഡിനേറ്റർ ആലിസ് സിസിൽ നേതൃത്വം നൽകി. പരിശീലന പരിപാടിയിൽ സോപ്പ്, അലക്കു സോപ്പ്, സോപ്പ് പൊടി, ലിക്വിഡ് സോപ്പ്, ടോയ്ലറ്റ് ക്ലീനർ, ഡിഷ് വാഷ്, കാർ വാഷ്, ഗ്ലാസ് ക്ലീനർ തുടങ്ങി പത്തോളം ഉത്പന്നങ്ങൾ നിർമിക്കുന്നതിനുള്ള പരിശീലനം നൽകി. പരിശീലനത്തിന് ശേഷം ഇവ വ്യവസായിക രീതിയിൽ ഉല്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ്(കസാഫി) എന്നിവർ ഒരുക്കും. പരിശീലനം പൂർത്തിയാക്കി

യവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ സൗകര്യവും സാങ്കേതിക സഹായവും നൽകും. വീ ലീഡ് കോ ഓർഡിനേറ്റർ അനഘ ജോസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ജാൻസി ജിജോ, റീജിയണൽ കോഡിനേറ്റർമാരായ ബിൻസി വർഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി HEART ടാസ്ക് ഫോഴ്സ് രൂപീകരിച്ചു**

കാരിത്താസ് ഇന്ത്യയുടെ 'സേഫ് വിത്തിൻ' പദ്ധതിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി HEART ടാസ്ക് ഫോഴ്സ് രൂപീകരണവും പരിശീലന പരിപാടിയും സംഘടിപ്പിച്ചു. ദുരന്തസാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ സമൂഹത്തെ കൂടുതൽ സജ്ജമായും കരുത്തുറ്റതുമായും മാറ്റുന്നതിനുള്ള പദ്ധതിയാണിത്.

'സേഫ് വിത്തിൻ' പദ്ധതി സമൂഹത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കൽ, മാനസികാരോഗ്യ സംരക്ഷണം, ദുരന്തമുന്നൊരുക്കം എന്നിവയിൽ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി രൂപീകരിച്ച HEART (Humanitarian Emergency and Response Team) ടാസ്ക്ഫോഴ്സ് പ്രാദേശികമായി പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുടെ സംഘമാണ്. അടിയന്തര സാഹചര്യങ്ങളിൽ ആദ്യ പ്രതികരണക്കാരായി പ്രവർത്തിക്കുന്ന ഇവർ മുൻകൂട്ടി മുന്നറിയിപ്പ് നൽകുന്നതിലും, പ്രാഥമിക ശുശ്രൂഷ, ക്യാമ്പ് മാനേജ്മെന്റ്, മാനസിക-സാമൂഹിക പിന്തുണ തുടങ്ങിയ മേഖലകളിൽ സജീവമായി ഇടപെടുകയും സമൂഹത്തെയും ഔദ്യോഗിക സംവിധാനങ്ങളെയും ബന്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളായി മാറുകയും ചെയ്യുന്നു. ദ്വാരക പാരീഷ് ഹാളിൽ നടന്ന പരിപാടി ദ്വാരക ഫൊറോന വികാരി റവ. ഫാ. മാത്യു മൂത്തേടത്ത് ഉദ്ഘാടനം ചെയ്തു. ടാസ്ക് ഫോഴ്സ് വെറും പ്രതികരണ സംവിധാനമല്ല; അത് ഐക്യത്തിന്റെയും പങ്കുവെക്കുന്ന ഉത്തരവാദിത്വത്തിന്റെയും പ്രതീകമാണ് എന്നും ദുരന്ത സമയത്തെ ആദ്യ മണിക്കൂറുകളുടെ പ്രാധാന്യവും പരിശീലനം നേടിയ പ്രാദേശിക സന്നദ്ധ പ്രവർത്തകരുടെ നിർണായകമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു.

കാരിത്താസ് ഇന്ത്യയുടെ സ്റ്റേറ്റ് പ്രോഗ്രാം അസോസിയേറ്റ് ശ്രീ. അബീഷ് ആന്റണി ഹാർട്ട് മുഖ്യസന്ദേശം നൽകി. ദുരന്ത സമയങ്ങളിൽ സമൂഹം തന്നെ ആദ്യ പ്രതിരോധ ശക്തിയാണെന്നും HEART അംഗങ്ങൾ കരുണയും സമർപ്പണവും ഉൾക്കൊണ്ട് സമൂഹ

ത്തിന്റെ 'ഹൃദയം' ആയി പ്രവർത്തിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, 'സേഫ് വിത്തിൻ' കോ ഓർഡിനേറ്റർ ഡെൽന മേരി ജെയ്സൺ, കമ്മ്യൂണിറ്റി മൊബിലൈസർ സി. ദിവ്യ മുയ്ക്കൽ എസ്.ഡി, ബി ഫ്രിംഗ് കൗൺസിലർമാരായ സിസ്റ്റർ ലില്ലി മാത്യു, സിസ്റ്റർ ഷൈനി ജോർജ് എന്നിവർ സംസാരിച്ചു. HEART ടാസ്ക്ഫോഴ്സ് രൂപീകരണം സമൂഹത്തെ കൂടുതൽ സുരക്ഷിതവും സജ്ജവുമായും മാറ്റുന്നതിനുള്ള നിർണായക ചുവടുവയ്പ്പായി മാറി. പ്രാദേശിക പങ്കാളിത്തവും സന്നദ്ധപ്രവർത്തകരുടെ സജീവ ഇടപെടലും ശക്തിപ്പെടുത്തുന്നതിലൂടെ ദുരന്തങ്ങളെ നേരിടാനുള്ള സമൂഹത്തിന്റെ ശേഷി കൂടുതൽ ശക്തിപ്പെടും.

**നബാർഡ് ജില്ലാ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുന്നെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡിന്റെ ജില്ലാ മാനേജർ ആനന്ദ് ആർ. നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ നീരുറവ സംരക്ഷണം, കിണർ റീ ചാർജിങ്, ചെക്ക്ഡാം നിർമ്മാണം, ജൈവവേലി നിർമ്മാണം തുടങ്ങിയ പദ്ധതി പ്രവർത്തങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ റോബിൻ ജോസഫ്, നീർത്തട കമ്മിറ്റി അംഗങ്ങളായ പി. സുനിൽകുമാർ, ചന്ദ്രിക സതീഷ് ബാബു എന്നിവർ നേതൃത്വം നൽകി.

**വെക്കേഷൻ ക്ലാസുകൾ**

മെയ് 04 മുതൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ഹാൻഡ് എംബ്രോയിഡറിയിൽ ഒരു മാസത്തെ പരിശീലനം ആരംഭിക്കുന്നു. വിദ്യാർത്ഥികൾ മുതൽ ഏത് പ്രായത്തിലുള്ളവർക്കും പങ്കെടുക്കാം. കോഴ്സ് ഫീസ് 1500 രൂപ. താത്പര്യമുള്ളവർ 9645430856 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**മൊബൈൽ ഫോൺ റിപ്പയറിംഗ് കോഴ്സ്**

പ്ലസ് ടു പാസായ 18 നും 35 നും മദ്ധ്യേ പ്രായമുള്ള വനിതകൾക്കായി മൊബൈൽ ഫോൺ റിപ്പയറിംഗ് കോഴ്സിൽ പരിശീലനം നൽകുന്നു. 05 മാസമാണ് പരിശീലന കാലഘട്ടം. തികച്ചും

സൗജന്യമായിരിക്കും കോഴ്സ്. ഓരോ മാസവും 2500 രൂപ വീതം സ്റ്റൈഫൻഡ് ലഭിക്കുന്നതാണ്. താത്പര്യമുള്ളവർ 9645430856 എന്ന നമ്പറിൽ ബന്ധപ്പെടുക

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

മംഗലശ്ശേരി,ചുങ്കക്കുന്ന്,കോട്ടത്തറ, മൊതക്കര, പ്രശാന്തഗിരി, തലപ്പുഴ, കുറുമണി, പാൽചുരം, ചെന്നലോട് അമ്പായത്തോട്, വെള്ളൂന്നി, സീതാമൗണ്ട് കൊട്ടിയൂർ, കണിയാരം, പടമല, കമ്മന, കണിയാരം, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, ഒണ്ടയങ്ങാടി, സീതമൗണ്ട്, കല്ലോടി, പട്ടാണികൂപ്പ് കുഞ്ഞോം, ചൂരൽമല, പാറത്തോട്ടം, ആലാറ്റിൽ, യവനാർകുളം എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് പട്ടാണികൂപ്പ് വികാരി ഫാ. ജോജോ ഔസേപറമ്പിൽ, SWS കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രോജക്ടുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക,വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ചെമ്പകമൂല, ചുണ്ടക്കൊല്ലി, തീനൂർ, കൊറ്റിയാട്ടുകുന്ന് എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുൽപന്ന നിർമ്മാണ പരിശീലനം നടത്തി**

കാവുംകുന്ന്, പട്ടാണികൂപ്പ്, മുദ്രമൂല, എന്നീ സ്ഥലങ്ങളിൽ സോപ്പുൽപന്ന നിർമ്മാണ പരിശീലനം നടത്തി.

**ആട് വിതരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ കൂടുതൽ വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും വരുമാനം വർധിപ്പിക്കുന്നതിനായി കണിയാരം എസ്. ഡബ്ല്യു. എസിൽ ആടുവിതരണം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**ഫാമിലി ഹെൽത്ത് കെയർ പ്രോഗ്രാം: പുതുക്കൽ**

ജീവസ്സ് & കെ.എൽ.എം വഴി നടപ്പിലാക്കിയ ഫാമിലി ഹെൽത്ത് കെയറിൽ അംഗങ്ങളായവരുടെ അംഗത്വം പുതുക്കൽ ആരംഭിച്ചു. മാർച്ച് 31 ന് 79 കുടുംബങ്ങളും ഏപ്രിൽ 15 ന് 51 കുടുംബങ്ങളും പ്രീമിയം അടച്ച് പുതുക്കി. മെയ് മാസത്തിൽ കാലാവധി പൂർത്തിയാകുന്നവരെ ഓഫീസിൽ നിന്നും വിളിക്കുന്നതാണ്.

**പ്രീസ്റ്റ് ഹെൽത്ത് കെയർ**

രൂപതയിലെ വൈദീകർക്കായി രൂപതാ കേന്ദ്രം നടപ്പാക്കിയ ആരോഗ്യസുരക്ഷാ പദ്ധതി ജീവസ്സിലൂടെ പൂർത്തിയാക്കി. 75 വയസ്സിൽ താഴെയുള്ള വൈദികർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

**നിർമ്മാണ തൊഴിലാളികൾക്ക് ഉപകരണ വിതരണം**

നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കായി ഏതാനും തൊഴിൽ ഉപകരണങ്ങൾ നൽകാൻ തീരുമാനിക്കുകയും ആവശ്യക്കാരുടെ പേരുകൾ ശേഖരിക്കുകയും ചെയ്തിരുന്നു. ഇവർക്കുള്ള ഉപകരണങ്ങൾ മെയ് ആദ്യവാരം നല്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ടവരെ ഓഫീസിൽ നിന്നും വിളിച്ചറിയിക്കുന്നതാണ്.

**സംസ്ഥാന ഭാരവാഹികളുടെ സന്ദർശനം**

കെ.എൽ.എം സംസ്ഥാന ഡയറക്ടർ ഫാ.അരുൺ വലിയതാഴത്ത്, സംസ്ഥാന പ്രസിഡണ്ട് ജോസ് മാത്യു, ട്രഷറർ. അഡ്വ. തോമസ് മാത്യു, പ്രോഗ്രാം കോഡിനേറ്റർ എന്നിവർ രൂപതയിൽ സന്ദർശനം നടത്തി. അഭിവന്ദ്യ ജോസ് പിതാവുമായുള്ള കൂടിക്കാഴ്ചക്കു ശേഷം രൂപതയിലെ കെ.എൽ.എം പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. സംസ്ഥാന സമിതിയെ നന്ദിയോടെ അനുസ്മരിക്കുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

## 1. SAFP - FDP പ്രോജക്ട് വിവരശേഖരണം

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ അനുയോജ്യരായ ആളുകളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഫീൽഡ് വിസിറ്റും, വിവരശേഖരണവും SAFP ഫീൽഡ് കോഡിനേറ്റർ ശ്രീമതി റ്റിൻസിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ മുഴുവൻ പ്രദേശങ്ങളിലുള്ള യോഗ്യരായ കുടുംബങ്ങളെ കാണുകയും വിവിരശേഖരണം നടത്തുകയും ചെയ്യുന്നു. നാളിതുവരെ ഈ പ്രോജക്ടിന് അർഹരായ 260 കുടുംബങ്ങളെ കണ്ടെത്തി അവരുടെ വിവരങ്ങൾ ശേഖരിക്കുകയും 200 കുടുംബങ്ങളുടെ വിവരങ്ങൾ SAFP ഓഫീസിൽ സമർപ്പിക്കുകയും, അതിൽ 177 കുടുംബങ്ങളെ യോഗ്യരായി അംഗീകരിക്കുകയും ചെയ്തു.

## 2. SAFP - Drinking Water Project

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരി ജില്ലയിൽ നടപ്പിലാക്കുന്ന ശുദ്ധമായ കുടിവെള്ളം പദ്ധതിയുടെ ഭാഗമായി യോഗ്യരായവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഫീൽഡ് വിസിറ്റും വിവരശേഖരണവും ഫീൽഡ് കോഡിനേറ്റർ ശ്രുതി കെ. മാർട്ടിന്റെ നേതൃത്വത്തിൽ നടത്തുകയും 500 ഗുണഭോക്താക്കളെ കണ്ടെത്തുകയും, അവരുടെ വിവരങ്ങൾ SAFP ഓഫീസിലേക്ക് അയയ്ക്കുകയും 500 എണ്ണത്തിനും SAFP ഓഫീസിൽ നിന്നും അംഗീകാരം ലഭിക്കുകയും ചെയ്തു.

**ബോധവത്ക്കരണ ക്ലാസും, വാട്ടർ പ്യൂരിഫയർ വിതരണവും**

NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിൽ, കയ്യൂന്നി യൂണിറ്റ് ഡയറക്ടർ ഫാ. ബിജു പൊൻപാറയ്ക്കൽ, ധർമ്മഗിരി യൂണിറ്റ് ഡയറക്ടർ ഫാ. ബിജു തുരുത്തേൽ, കൽപ്ര യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ്കുട്ടി കണിപ്പള്ളിൽ, ബോസ്പാറ യൂണിറ്റ് ഡയറക്ടർ

ഫാ. ജോസ് എന്നിവരുടെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹിക ളുടെ സഹായത്തോടെ വാട്ടർ പ്യൂരിഫയറുകളുടെ വിതരണം പൂർത്തിയാക്കി. ഈ പദ്ധതിയുടെ ഭാഗമായി 474 വാട്ടർ പ്യൂരിഫയ റുകളാണ് ഇന്നേദിവസം വരെ വിതരണം ചെയ്തത്. പ്യൂരിഫയ റുകളുടെ വിതരണത്തോടനുബന്ധിച്ച് ശുദ്ധമായ കുടിവെള്ളം ഉപ യോഗിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധവത്ക്കരണ ക്ലാസും, വാട്ടർ പ്യൂരിഫയർ ഇൻസ്റ്റലേഷൻ ഡെമോ ക്ലാസും നടത്തി.

| തീയതി | യൂണിറ്റിന്റെ പേര് | എണ്ണം |
|---|---|---|
| 30.03.2026 | ബോസ്പാറ | 74 |
| 31.03.2026 | ധർമ്മഗിരി | 73 |
| 07.04.2026 | കുന്നലാടി | 32 |
| 07.04.2026 | കൽപ്ര | 71 |
| 07.04.2026 | കയ്യൂന്നി | 84 |
| 11.04.2026 | വിമലഗിരി | 68 |
| 14.04.2026 | ഗൂഡല്ലൂർ | 32 |
| 17.04.2026 | ഓവാലി | 40 |
| | **മൊത്തം** | **474** |

**3. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലി യേറ്റിവ് കെയർ പ്രവർത്തനങ്ങൾ 2026 ഏപ്രിൽ മാസം 4 -ാം തീയതി മുതൽ ആരംഭം കുറിച്ചു. പെരുമ്പള്ളി, കുന്നലാടി, ബെക്കി, പാട്ടവ യൽ, കയ്യൂന്നി, പ്രദേശങ്ങളിൽ പാലിയേറ്റിവ് കെയർ ശുശ്രൂഷകൾ ചെയ്തു. 7 രോഗികൾക്ക് Catheterization ചെയ്തു. എല്ലാ രോഗി കളുടെയും BP, SPO2, GRBS എന്നിവ പരിശോധിച്ചു. പുതിയതായി 2 ക്യാൻസർ രോഗികളെ ബെക്കിയിൽ കണ്ടെത്തി ശുശ്രൂഷിച്ചു. കൽപ്ര യിലുള്ള ഒരു Lung ക്യാൻസർ രോഗിക്ക് വേദന കൂടുതലായതിനാൽ വീട്ടിൽ പോയി Injection ഇടുകയും, ഡ്രസിംഗ് ചെയ്യുകയും, ആവശ്യ മായ മരുന്നുകളും മറ്റ് ശുശ്രൂഷകളും നൽകുകയും ചെയ്തു. കൂടാതെ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25000/ രൂപ സാമ്പത്തിക സഹായവും നല്കി. പെരുമ്പള്ളി കോളനിയിൽ ഒരു രോഗിയെ സന്ദർശിച്ച് ഈസ്റ്ററിനോടനുബന്ധിച്ച് ഭക്ഷണകിറ്റും, വസ്ത്രങ്ങളും, മരുന്നും നല്കി.

**4. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, ബത്തേരി, കടുക്കാ

സിറ്റി, മണിമൂളി, കൽപ്ര, കയ്യൂന്നി, കുന്നലാടി, കോഴിക്കോട് എന്നീ പ്രദേശങ്ങളിൽ രോഗികളുമായി പോകുകയും, നിർദ്ദനരായ രോഗികൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**5. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിംങ്ങുകൾ നടത്തി ഗ്രൂപ്പുകളുടെയും, യൂണിറ്റിന്റെയും പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. NDS നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയിലേക്ക് യോഗ്യരായ 51 പേരുടെ അപേക്ഷകൾ സ്വീകരിച്ച് മേഖലയിൽ ഏൽപ്പിച്ചു. NDS ബോസ്പാറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വനിതാദിനാഘോഷം മാർച്ച് 06 വെള്ളിയാഴ്ച്ച നടത്തി. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ നിഷ്വിൻ തേൻപള്ളിയിൽ എന്നിവരെ ആദരിച്ചു. 2024-25 വർഷത്തിൽ SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവ വിദ്യാർത്ഥികളെ മെമന്റോ നല്കി ആദരിച്ചു. യൂണിറ്റ് അംഗം ശ്രീമതി ജിൻജു ജോണി സെമിനാറിന് നേതൃത്വം നല്കി. മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച ഗ്രൂപ്പുകളെ ആദരിച്ചു. തുടർന്ന് യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. പുതിയ ഭാരവാഹികൾക്ക് സ്ഥാനങ്ങൾ കൈമാറി. യൂണിറ്റ് സെക്രട്ടറിയായി സേവനം ചെയ്ത രഞ്ചുവിന് യാത്രയയപ്പ് നല്കി. NDS മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന SAFP പദ്ധതിയുടെ ഭാഗമായി 74 സൗജന്യ വാട്ടർ ഫിൽറ്ററുകളുടെ വിതരണം 30.03.2026 ന് ബോസ്പാറ യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. അത്തിപാളിയിലെ വൃദ്ധസദനം സന്ദർശനം നടത്തി, അവിടെയുള്ള അന്തേവാസികളെ കുളിപ്പിക്കുകയും, അവർക്കാവശ്യമായ സാധനങ്ങൾ നല്കുകയും ചെയ്തു. നായ്ക്കൻപാടി ആദിവാസി കോളനി സന്ദർശിക്കുകയും, വസ്ത്രങ്ങൾ ചെരിപ്പ് എന്നിവ വിതരണം ചെയ്യുകയും ചെയ്തു. ക്രഡിറ്റ് യൂണിയന്റെ ഇന്റേണൽ ഓഡിറ്റിംഗ് നടത്തി. അടുക്കള പച്ചക്കറിത്തോട്ട നിർമ്മാണ പ്രവർ

ത്തനങ്ങൾ പുരോഗമിക്കുന്നു. NDS നീലഗിരി മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന SAFP പദ്ധതിയുടെ ഭാഗമായി 68 സൗജന്യ വാട്ടർ ഫിൽറ്ററുകളുടെ വിതരണം 11.04.2026 ന് വിമലഗിരി യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു.

**കൽപ്ര**

30.03.2026 ന് കൽപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് വിലയിരുത്തൽ മീറ്റിംഗും, വനിതാ ദിനാഘോഷവും നടത്തി. അമല ഹോസ്പിറ്റലിലെ ഡോ. ആൽബർട്ട്, കൗൺസിലർ സജയൻ എന്നിവർ വനിതാദിനാചരണത്തിന്റെ ഭാഗമായി ക്ലാസ് എടുത്തു. യൂണിറ്റിന്റെയും, ഗ്രൂപ്പുകളുടെയും പ്രവർത്തന റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ചെയ്തു. യൂണിറ്റ് സെക്രട്ടറിയെയും, ഗ്രൂപ്പ് സെക്രട്ടറിമാരെയും ആദരിച്ചു. യൂണിറ്റിലെ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഒരു ക്യാൻസർ രോഗിയെ സന്ദർശിക്കുകയും അവരുടെ ഭവന നവീകരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. തേജസ് ഗ്രൂപ്പംഗങ്ങൾ രോഗീസഹായമായി 1500 രൂപ നല്കി. മരിയ SHG രോഗീസഹായമായി 10000 രൂപയും, വിദ്യാഭ്യാസ സഹായമായി 6000 രൂപയും നല്കി. NDS നീലഗിരി മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന SAFP പദ്ധതിയുടെ ഭാഗമായി 71 സൗജന്യ വാട്ടർ ഫിൽറ്ററുകളുടെ വിതരണം 07.04.2026 ന് കൽപ്ര യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു.

**ധർമ്മഗിരി**

യൂണിറ്റ് കർമ്മസമിതിയും, ഗ്രൂപ്പുകളുടെ ഇവാലുവേഷൻ മീറ്റിംഗും നടത്തി. എല്ലാ ഗ്രൂപ്പുകളും പങ്കെടുത്തു. NDS നീലഗിരി മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന SAFP പദ്ധതിയുടെ ഭാഗമായി 73 സൗജന്യ വാട്ടർ ഫിൽറ്ററുകളുടെ വിതരണം 31.03.2026 ന് ധർമ്മഗിരി യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു. ഈ മീറ്റിങ്ങിൽ മേഖലാ അസിസ്റ്റന്റ് ഡയറക്ടർ, മേഖലാ കോഡിനേറ്റർ എന്നിവർ പങ്കെടുക്കുകയും ചെയ്തു.

**കയ്യൂന്നി**

25.03.2026 ന് കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മിറ്റി മീറ്റിംഗ്, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. ഏപ്രിൽ മാസത്തിൽ ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കണമെന്ന് തീരുമാനിച്ചു. യൂണിറ്റ് കമ്മിറ്റിയംഗങ്ങൾ മൂന്ന് SHG കളുടെ മീറ്റിംഗിൽ പങ്കെടുത്തു. NDS നീലഗിരി മേഖലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന SAFP പദ്ധതിയുടെ ഭാഗമായി 84 സൗജന്യ വാട്ടർ ഫിൽറ്ററുകളുടെ വിതരണം 07.04.2026 ന് കയ്യൂന്നിയിൽവെച്ച് നടത്തി.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)




**അനുശോചനം**

മാനന്തവാടി രൂപത കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ബഹു. ജോബി മുക്കാട്ടുകാവുങ്കൽ അച്ചന്റെ പ്രിയ പിതാവ് ശ്രീ ആന്റണി മുക്കാട്ടുകാവുങ്കൽ കർത്തൃ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു. പിതാവിന്റെ ഈ ലോകത്തിലെ വേർപ്പാടിൽ ദുഃഖിതനായിരിക്കുന്ന ജോബിയച്ചനും പ്രിയ അമ്മച്ചിക്കും കുടുംബാംഗങ്ങൾക്കും കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ അനുശോചനം അറിയിക്കുന്നു പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**സമുദായദിനം 2026 മെയ് 3 ഞായർ**

മെയ് 3 സമുദായ ദിനമായി മാനന്തവാടി രൂപത ആചരിക്കുകയാണ്. സമുദായ ശക്തീകരണ വർഷത്തിൽ വിപുലമായ പരിപാടികളോടെ എല്ലാ ഇടവകകളിലും സമുദായ ദിനം ആചരിക്കും. കത്തോലിക്കാകോൺഗ്രസിന്റെ പതാക ഉയർത്തൽ, സമുദായദിന സന്ദേശം, സമുദായദിന റാലി, യൂണിറ്റ് സമ്മേളനം, രക്തദാന സേന രൂപീകരണം എന്നീ പരിപാടികൾ ഇടവകകളിൽ നടക്കും.

**പഠന ക്യാമ്പ്**

കത്തോലിക്ക കോൺഗ്രസ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ സമുദായ ശക്തികരണ വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ഇടവകകളിലും വാർഡ് കൂട്ടായ്മകളിലും ക്ലാസ് നയിക്കുന്നതിനുള്ള റിസോഴ്സ് ടീം അംഗങ്ങളെ സജ്ജമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് രൂപതാ പഠന ക്യാമ്പ് നടക്കുന്നത്. 2026 മെയ് മാസം ഒന്നാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ രണ്ടു മണി വരെയാണ് പഠനക്യാമ്പ്. 'സമുദായം ചരിത്രം സമകാലികം' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് പഠന ക്യാമ്പ് സംഘടിപ്പിക്കുന്നത്. ഒരു ഇടവകയിൽ നിന്ന് കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് പ്രസിഡന്റ് ഉൾപ്പെടെ മൂന്നു പേരാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. രണ്ടു വ്യക്തികൾ ക്ലാസുകൾ അവതരിപ്പിക്കുവാൻ പ്രാപ്തരായവർ ആയിരിക്കണം. ഒപ്പം ഫൊറോനാ സമിതി അംഗങ്ങളും, രൂപതാ സമിതി അംഗങ്ങളും, റിസോഴ്സ് ടീം അംഗങ്ങളും, വിവിധ സംഘടനകളുടെ പ്രതിനിധികളും, രൂപത സമുദായ ശക്തികരണവർഷ കമ്മറ്റി ഭാരവാഹികളും പഠന ക്യാമ്പിൽ പങ്കെടുക്കുന്നു.

**രക്തദാനസേന**

കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഇടവക കേന്ദ്രീകരിച്ച് രക്തദാനസേന രൂപീകരിക്കുന്നു.

വിവിധ ഇടങ്ങളിൽ രക്തം ആവശ്യമുള്ള വ്യക്തികൾക്ക് സഹായകമാകുക എന്നതാണ് ലക്ഷ്യം. വിവിധ രക്തഗ്രൂപ്പുകളുടെ ഡയറി തയ്യാറാക്കുന്നു.

**യൂത്ത് കൗൺസിൽ**

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടവകകളിലെ മുൻകാല കെ സി വൈ എം, മിഷൻ ലീഗ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് യൂത്ത് കൗൺസിൽ സജീവമാക്കാൻ തീരുമാനിച്ചു.

**ബത്തേരി**

ബത്തേരി ഫൊറോന കത്തോലിക്ക കോൺഗ്രസ് കമ്മിറ്റി യോഗം ഏപ്രിൽ 12 ന് ഞായറാഴ്ച ബത്തേരി അസംപ്ഷൻ ഇടവകയിൽ വച്ച് നടന്നു. പ്രസിഡന്റ് ഡേവി മങ്കുഴ അധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ജോസ് മേച്ചേരി ആമുഖ പ്രഭാഷണം നടത്തി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ പ്രവർത്തന വിശകലനം നടത്തി. റിപ്പോർട്ടും വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. ഇടവക സന്ദർശനം നടത്തുവാനും യൂണിറ്റുകൾ ശക്തിപ്പെടുത്താനും തീരുമാനിച്ചു. മേഖലാ സമിതി അംഗം ഫിലോ ചേച്ചിയുടെ ഭർത്താവിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

**കത്തോലിക്ക കോൺഗ്രസ് കൺവെൻഷൻ**

മണിമൂളി നിലമ്പൂർ ഫൊറോനകളുടെ നേതൃത്വത്തിൽ മണിമൂളി ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ കൺവെൻഷൻ നടത്തി. ഓരോ ഇടവകയിൽ നിന്നും 20 പേർ വീതം കൺവെൻഷനിൽ പങ്കെടുത്തു. റീജണൽ വികാരി ജനറാൾ ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. നിലമ്പൂർ ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ അധ്യക്ഷനായിരുന്നു. മണിമൂളി ഫൊറോനാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം, നിലമ്പൂർ ഫൊറോനാ ഡയറക്ടർ ഫാ. ജസ്റ്റിൻ മൂന്നനാൽ ഫൊറോനാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. താമരശ്ശേരി രൂപതാ പ്രസിഡന്റ് ശ്രീ. ചാക്കോ കാളംപറമ്പിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. കൺവെൻഷൻ ഏറെ സജീവമായിരുന്നു.

**ഭവന നിർമ്മാണം**

കത്തോലിക്ക കോൺഗ്രസ് പുൽപ്പള്ളി ഇടവകയുടെ നേതൃത്വത്തിൽ ഇടവകയിലെ ഒരു സാധു കുടുംബത്തിന് വീട് നിർമ്മിച്ചു നൽകി. 8 ലക്ഷത്തോളം രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിന്റെ ചെറിയ സഹായം ഒഴികെ ബാക്കി തുക മുഴുവൻ സമാഹരിച്ചത് കത്തോലിക്കാ കോൺഗ്രസ് പുൽപ്പള്ളി യൂണിറ്റ് ആയിരുന്നു. വീടിന്റെ വെഞ്ചിരിപ്പ് മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം നിർവഹിച്ചു. പൊതുസമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ് അഡ്വ. ജോയി വളയംപള്ളി അധ്യക്ഷനായി

രുന്നു. മാർ അലക്സ് താരാമംഗലം പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. ഇടവക വികാരി ഫാ. ജോഷി പുൽപ്പയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. യൂണിറ്റ് സെക്രട്ടറി ബിജു മാത്യു അരീക്കാട് സ്വാഗതമാശംസിച്ചു. കൈക്കാരന്മാർ മതാധ്യാപകർ, വിവിധ സംഘ ടന ഭാരവാഹികൾ, സിസ്റ്റേഴ്സ് എന്നിവർ ആശംസ അറിയിച്ചു.

**രൂപതാ സമിതി യോഗം**

ഏപ്രിൽ 16 ന് വൈകിട്ട് രൂപതാ പ്രവർത്തകസമിതി അംഗങ്ങ ളുടെയും, രൂപതാ ഭാരവാഹികളുടെയും, ഫൊറോനാ പ്രസിഡണ്ട്/ സെക്രട്ടറിമാരുടെയും, റിസോഴ്സ് ടീം അംഗങ്ങളുടെയും, സംയുക്ത ഓൺലൈൻ മീറ്റിംഗ് നടത്തി. സമുദായ ദിനാചരണം, ക്യാമ്പ്, യൂണിറ്റ് ഫൊറോന ശക്തികരണം, ഇടവക സെമിനാറുകൾ എന്നിവയെ കുറിച്ച് ചർച്ചകൾ നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴു ത്തുങ്കൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ സ്വാഗതം ആശംസിച്ചു. ട്രഷറർ സജി ഫിലിപ്പ് നന്ദി അറിയിച്ചു.

**ഫൊറോനാ ഡയറക്ടർമാരുടെ യോഗം**

ഏപ്രിൽ 17 വൈകിട്ട് എട്ടുമണിക്ക് ഫൊറോനാ ഡയറക്ടർ മാരുടെ ഓൺലൈൻ യോഗം നടന്നു. 11 ഡയറക്ടർമാർ യോഗത്തിൽ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് ജോൺസൻ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സെബാസറ്റ്യൻ പുരക്കൽ സ്വാഗതം ആശംസിച്ചു. എല്ലാ ഡയറക്ടർമാരും അവരുടെ ആശയ ങ്ങൾ പങ്കുവെച്ചു. മെയ് 3 സമുദായ ശക്തീകരണദിനം ആചരണം, രൂപതാ പഠനക്യാമ്പ്, യൂണിറ്റ് ശക്തീകരണം, ഫെറോന കമ്മറ്റി ശക്തീകരണം, എഫ് സി ആർ എ, ഓൺലൈൻ സെമിനാറുകൾ, നിയോജകമണ്ഡലം റിസർവേഷൻ, സമുദായ മഹാസംഗമം, മികവ് തെളിയിച്ചവരുടെ സംഗമം, സീറോ മലബാർ സഭ നൽകിയ സേവനങ്ങളെ പ്രചരിപ്പിക്കൽ, കാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം, രക്തദാനസേന രൂപീകരണം, ഓൺലൈൻ സെമിനാ റുകൾ എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു. ഡയറക്ടർമാരുടെ സമീപനം കത്തോലിക്ക കോൺഗ്രസിനെ ദിശാബോധത്തോടെ നയിക്കുവാൻ സഹായകമായിരുന്നു. പങ്കെടുത്ത എല്ലാ ഡയറക്ടർ മാരെയും നന്ദിപൂർവ്വം ഓർക്കുകയാണ്. രൂപതാ ഡയറക്ടർ ഫാദർ ജോബി മുക്കാട്ടുകാവുങ്കൽ എല്ലാവർക്കും നന്ദി അറിയിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴിതീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നത്തിനുമായി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

കർഷകരുടെ അംഗത്വം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി സർട്ടിഫിക്കേഷൻ ഏജൻസികൾ നിയോഗിച്ച ഉദ്യോഗസ്ഥർ ഫാർമർ വെരിഫിക്കേഷൻ നടത്തിവരുന്നു.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

വരുന്ന ഒരു വർഷത്തേക്കുള്ള NPOP സർട്ടിഫിക്കേഷൻ പുതു

ക്കുന്നതിനായി നൂൽപ്പുഴ, ബത്തേരി, കോട്ടത്തറ, പടിഞ്ഞാറത്തറ, അമ്പലവയൽ, എടവക എന്നിവിടങ്ങളിലായി 06 ICS കളിൽ ഓഡിറ്റ് പൂർത്തീകരിച്ചു. സർട്ടിഫിക്കേഷൻ ഏജൻസിയായ ഇസ്കോപ്പിൽ നിന്നും ശ്രീ. കൽക്കി രാജ്, ശ്രീ. ലോയ്ഡ് ജോൺസൺ, ശ്രീ. ജ്ഞാനശേഖരൻ എന്നിവർ കൃഷിയിടങ്ങളും രേഖകളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സംഭരണം**

ഫെബ്രുവരി മാസത്തിൽ പദ്ധതിയിലുൾപ്പെട്ട കർഷകരിൽ നിന്നും 2,23,171 കിലോ കാപ്പി 240 രൂപ നിരക്കിൽ സംഭരിച്ചു.

**ഇന്റേണൽ ഇൻസ്പെക്ടർമാർക്ക് പരിശീലനം സംഘടിപ്പിച്ചു**

മുള്ളൻകൊല്ലി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇന്റേണൽ ഇൻസ്പെക്ടർമാർക്ക് പരിശീലനം സംഘടിപ്പിച്ചു. മുള്ളൻകൊല്ലി മിൽക്ക് സൊസൈറ്റി ഹാളിൽ വച്ച് നടന്ന പരിശീലനത്തിൽ ജൈവ കാപ്പി കൃഷിരീതിയും മണ്ണിന്റെ ഘടനയും എന്ന വിഷയത്തിൽ ശ്രീ. സജീഷ് ടി. വി., അഗ്രികൾച്ചർ ഓഫീസർ കൽപ്പറ്റ, NPOP സ്റ്റാൻഡേർഡ് എട്ടാം പതിപ്പ്, ഇന്റേണൽ ഓർഗാനിക് സ്റ്റാൻഡേർഡ് എന്നീ വിഷയങ്ങളിൽ ബയോവിൻ സർട്ടിഫിക്കേഷൻ & സസ്റ്റൈനബിലിറ്റി മാനേജർ ശ്രീമതി. രമ്യ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ അധ്യക്ഷത വഹിച്ചു. ICS കോർഡിനേറ്റർ ശ്രീ. മാത്യു സെബാസ്റ്റ്യൻ, F-C-H- ശ്രീമതി സുജ ജോയ്, WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ സെക്രട്ടറി, ശ്രീ. സുനിൽ മാത്യു പാലമറ്റം എന്നിവർ സംസാരിച്ചു. പരിശീലനത്തിൽ 16 ഇന്റേണൽ ഇൻസ്പെക്ടർമാർ പങ്കെടുത്തു.

**സിഗ്‌വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം.

ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റു

കളിൽ ഗുണമേന്മ ഉറപ്പുവരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായ പൊടികളും ബ്രേയ്ക് ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്‌വി ബസാർ**

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**The National Institute of Open Schooling**

The National Institute of Open Schooling ന്റെ സഹകരണത്തോടെ വയനാട് ജില്ലയിൽ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്നതും പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നതുമായ വിദ്യാർത്ഥികളുടെ തുടർപഠനം സാധ്യമാക്കുന്നതിനുവേണ്ട പദ്ധതികൾ ചർച്ചചെയ്യാൻ കൊച്ചി, ഡൽഹി എന്നീവിടങ്ങളിലെ ഉദ്യോഗസ്ഥർ ശ്രീ. സൂര്യകാന്തിന്റെ നേതൃത്വത്തിൽ മാറ്റൊലി സന്ദർശിച്ചു.

**ഭക്ഷ്യസുരക്ഷ പ്രൊജക്ട്**

ഭക്ഷ്യസുരക്ഷാ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് പുതിയ പ്രക്ഷേപണ പരിപാടികൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഡിസ്ട്രിക്ട് ഓഫീസർ ഡോ. ജോസഫ് മാറ്റൊലി സന്ദർശിച്ചു.

**വിശുദ്ധ വാരാചരണ പരിപാടികൾ**

വിശുദ്ധവാരത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു. ഓശാന ഞായറാഴ്ച യാക്കോബായ സുറിയാനി സഭ മലബാർ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ സ്തേഫാനോസ് മെത്രാപോലീത്ത സന്ദേശം നൽകി.

പെസഹാവ്യാഴം മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം, ദു:ഖവെള്ളി മാനന്തവാടി രൂപതാ വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ, ഈസ്റ്റർ ദിനത്തിൽ മാനന്തവാടി രൂപതാ മെത്രാൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം എന്നിവർ സന്ദേശങ്ങൾ പങ്കുവെച്ചു.

**ഹൃദയഗീതങ്ങൾ**

റവ. ഫാ. ജോൺ വിജയൻ ചോഴൻപറമ്പിൽ പങ്കെടുത്ത *ഹൃദയഗീതങ്ങൾ* എന്ന പരിപാടി പെസഹാ വ്യാഴാഴ്ച പ്രക്ഷേപണം ചെയ്തു.

**ദ റൈറ്റ് ചോയ്സ്**

2026 തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ജില്ലയിലെ മൂന്നു മണ്ഡലങ്ങളിലുമുള്ള വോട്ടർമാരുടെ പ്രതീക്ഷകളും നിർദ്ദേശ

ങ്ങളും പങ്കുവെച്ചുകൊണ്ടുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**വിഷുദിന പ്രത്യേക പരിപാടികൾ**

വിഷുവിനോടനുബന്ധിച്ച് വിവിധ പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്തു. ഗായികയും സംഗീത അധ്യാപികയുമായ ഗീതി റോസ് ഏപ്രിൽ 15 ന് ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ പ്രത്യേക സംഗീത സല്ലാപത്തിൽ അതിഥിയായി പങ്കെടുത്തു.

**വോട്ടുവണ്ടി**

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ജില്ലയിലെ വിവിധ പോളിംഗ് ബൂത്തുകളിൽ നിന്നും തത്സമയ റിപ്പോർട്ടിംഗ് നടത്തി.

**പ്രഭാമയം**

കവിയും ചലച്ചിത്ര ഗാനരചയിതാവും മാധ്യമപ്രവർത്തകനുമായ പ്രഭാവർമ ഏപ്രിൽ 11 ന് മാറ്റൊലി സന്ദർശിക്കുകയും പ്രഭാമയം എന്ന പേരിൽ ചെയ്ത അഭിമുഖം ഏപ്രിൽ 14, 15 തിയ്യതികളിൽ പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

**ഇന്റേൺഷിപ്പ്**

വിവിധ കോളേജുകളിൽ നിന്നുമുള്ള ബി.എ ഇംഗ്ലീഷ് ജേർണലിസം ഡിപ്പാർട്മെന്റുകളിലെ വിദ്യാർത്ഥികൾ ഏപ്രിൽ 06 മുതൽ ഇന്റേൺഷിപ്പ് ആരംഭിച്ചു. മാനന്തവാടി മേരി മാതാ കോളേജ്, ഗവ. കോളേജ് മാനന്തവാടി, സി.എം കോളേജ് നടവയൽ, നിർമലഗിരി കോളേജ് കൂത്തുപറമ്പ്, ഡോൺബോസ്കോ കോളേജ് അങ്ങാടിക്കടവ്, എം ഇ. എസ് കോളേജ് മമ്പാട്, ശ്രീ. നാരായണ കോളേജ് കൊല്ലം, ഡോൺബോസ്കോ കോളേജ് ബത്തേരി എന്നീ കോളേജുകളിൽ നിന്നായി 20 വിദ്യാർത്ഥികളാണ് ഇന്റേൺഷിപ്പ് ചെയ്യുന്നത്.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

# ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

ഈ കഴിഞ്ഞ ആഴ്ചകളിലായി 14 പേർ ഫെഡാർ ഫൗണ്ടേഷൻ വഴി പഠനം, ജോലി തുടങ്ങിയ കാര്യങ്ങൾക്കായി ജർമ്മനിയിൽ എത്തിച്ചേർന്നു. കഴിഞ്ഞ ദിവസങ്ങളിൽ വന്ന റിസൾട്ടുകളിൽ 10 നഴ്സുമാർ ഉൾപ്പടെ 13 വിദ്യാർത്ഥികൾ B2 ഫുൾ മൊഡ്യൂൾ പാസായി. കുഞ്ഞോം, കാട്ടികുളം ക്യാമ്പസുകളിൽ ഏപ്രിൽ 12, 19 തീയതി കളിലായി പുതിയ ബാച്ചുകൾ ആരംഭിച്ചു. മെയ് ആദ്യവാരത്തോടെ ന്യൂമാൻസ് ക്യാമ്പസിൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്. അഡ് മിഷനും അന്വേഷണങ്ങൾക്കുമായി വിളിക്കുക: ഫാ. റിൻസൺ നെല്ലിമലയിൽ 6238862380, 6235372134

**റെസിഡൻഷ്യൽ സ്കൂൾ**

പ്ലസ് വൺ റെസിഡൻഷ്യൽ 2026-27 ബാച്ചിലേക്കുള്ള അഡ് മിഷൻ ആരംഭിച്ചു. സയൻസ്, കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ് തുട ങ്ങിയ വിഷയങ്ങൾക്ക് അഡ്മിഷൻ ലഭ്യമാണ്. ഹയർ സെക്കണ്ടറി പഠനത്തോടൊപ്പം കുട്ടികൾക്ക് ജർമ്മൻ ഭാഷാ പഠനം, ഐ.എ. & കമ്പ്യൂട്ടർ, എൻട്രൻസ് കോച്ചിംഗ് മുതലായവക്കും അവസരമുണ്ട്. അഡ്മിഷനും അന്വേഷണങ്ങൾക്കുമായി വിളിക്കുക: ഫാ. അരുൺ മഠത്തിപറമ്പിൽ 8848729103, ഷിബു പി. യു. 9447922211

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി. എം. ഫെഡാർ ഫൗണ്ടേഷൻ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള മുഴുവൻ അധ്യാപക അനധ്യാപകരുടെയും സംഗമവും ഈ അധ്യയനവർഷം സർവീസിൽനിന്നും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും മെയ് മാസം ഒൻപതാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ചു നടത്തപ്പെടുന്നു.

**വിദ്യാലയ വാർത്തകൾ**

**എൽ പി വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

വിദ്യാലയത്തിൽ യു. കെ. ജി. വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ ചടങ്ങ് വിപുലമായി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി. മികച്ച പ്രകടനം കാഴ്ചവച്ച എൽ. കെ. ജി. വിദ്യാർത്ഥികളെ മെഡൽ നൽകി ആദരിച്ചു. കുട്ടികളുടെ പഠനനേട്ടങ്ങൾ അവതരിപ്പിക്കാൻ പഠനോൽസവം സംഘടിപ്പിച്ചു.

**II എ. എൽ. പി. സ്കൂൾ കണിയാരം**

വിദ്യാർത്ഥികൾക്കായി പഠന യാത്രകൾ നടത്തി. അഞ്ചാം ക്ലാസ്സ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ജന്മദിനമാഘോഷിക്കുന്ന കുട്ടികളെ ഒന്നിച്ചു ചേർത്ത് സ്കൂളിൽ പിറന്നാൾ ആഘോഷം നടത്തി. അധ്യാപകർ വീടുസന്ദർശനം നടത്തി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് എ ഗ്രേഡും സീഡ് പ്രവർത്തനങ്ങൾക്ക് ഹരിതമുകുളം പുരസ്കാരവും ലഭിച്ചു. അബാക്കസ് വിജയികളെ ആദരിച്ചു.

**III നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. പിറന്നാൾ ആഘോഷം സംഘടിപ്പിച്ചു. ഈ വർഷം നാലാം ക്ലാസ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സെന്റ് ഓഫ് നൽകി. അബാക്കസ് വിജയികളെ അനുമോദിച്ചു. അവധിക്കാല ഭവന സന്ദർശനം നടത്തി വരുന്നു.

**IV സി. കെ. എൽ. പി. എസ്. മണിമൂളി**

പഠനോത്സവം നടത്തി. ഓരോ ക്ലാസിലെയും കുട്ടികൾ തയ്യാ

റാക്കിയ സംയുക്ത ഡയറി, ഗണിതശാസ്ത്ര മാഗസിൻ, തുടങ്ങിയവയുടെ പ്രകാശനവും നടന്നു.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

വാർഷിക പരീക്ഷ കഴിഞ്ഞ് മധ്യവേനൽ അവധിക്കാലം സുരക്ഷിതമായും ഫലപ്രദമായും വിനിയോഗിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകി. അവധിക്കാലത്ത് കുട്ടികൾക്ക് വായിക്കുവാൻ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു.

സെന്റ് ജോർജ് എൽ.പി. സ്കൂൾ കൊളവയലിൽ മുഴുവൻ രക്ഷിതാക്കളുടെയും സാന്നിധ്യത്തിൽ പഠനോത്സവം നടത്തി. സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമലയിൽ അടുത്ത അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ക്യാംപയിനും കുട്ടികളുടെ ഭവന സന്ദർശനവും നടത്തി. സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടിയിൽ അവധിക്കാലത്ത് വ്യത്യസ്തങ്ങളായ പഠനപ്രവർത്തനങ്ങൾ ഓൺലൈനായി നൽകിവരുന്നു. സെന്റ് സെബാസ്ററ്യൻസ് എൽ. പി സ്കൂൾ പോരൂരിൽ വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി. അമ്പായത്തോട് സെന്റ് ജോർജ് എൽ. പി. സ്കൂളിൽ അന്താരാഷ്ട്ര വനിതാദിനം സമുചിതമായി ആചരിച്ചു. കാടിനെയും പുഴയെയും അറിയാൻ ഫീൽഡ് ട്രിപ്പും പഠനോത്സവവും സംഘടിപ്പിച്ചു. വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂളിൽ കുട്ടികളുടെ ഭവന സന്ദർശനം നടത്തി. നാലാം ക്ലാസിലെ കുട്ടികൾക്ക് യാത്രയയപ്പ് നൽകി.

**യു. പി. വിഭാഗം**

**I അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. ഈ വർഷം അധ്യാപനത്തിൽനിന്നും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി.

**II സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

ഉറുദു, അറബിക്, സംസ്കൃതം, സ്കോളർഷിപ്പുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു. മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അധ്യയന വർഷം ഏറ്റവും അധികം ലൈബ്രറി ബുക്കുകൾ വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കിയവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. അധ്യാപകർ ഗ്രൂപ്പുകളായി തിരിഞ്ഞ് വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**III സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തിയ സംസ്കൃതം സ്കോളർ ഷിപ്പ് അഞ്ച് വിദ്യാർത്ഥികൾ കരസ്ഥമാക്കി. ഉപജില്ലാതല എൽ.പി. വിഭാഗം ഫുട്ബോൾ മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥ മാക്കി. വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായവർക്കുള്ള പ്രൈസ് ഡേ സംഘടിപ്പിച്ചു.

**IV സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

ജൈവവൈവിധ്യ പാർക്കിന്റെയും പാർക്കിലെ കളിയുപകരണ ങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തി. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥി കളെ ആദരിച്ചു. ഏഴാംതരത്തിലെ കുട്ടികൾക്ക് യാത്രയയപ്പ് നൽകി. അധ്യാപകരും PTA എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് കുട്ടിക ളുടെ വീടുകളിലേക്ക് നടത്തുന്ന സൗഹൃദസന്ദർശന പരിപാടിയ്ക്ക് തുടക്കം കുറിച്ചു.

**Vസെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

പ്രീപ്രൈമറി വിഭാഗത്തിലെ രക്ഷിതാക്കൾക്കായി ഒറിഗാമി മത്സരം നടത്തി. സ്കൂൾതലത്തിൽ ഫുട്ബോൾ ടൂർണ്ണമെന്റ് സംഘ ടിപ്പിച്ചു. നല്ലപാഠം പ്രവർത്തനങ്ങൾക്ക് എ ഗ്രേഡും സീഡ് പ്രവർ ത്തനങ്ങൾക്ക് ഹരിത ജ്യോതി പ്രശംസാ പത്രവും, പരിസ്ഥിതി വാർത്തകളുടെ ഡയറി എഴുത്തിൽ ക്യാഷ് അവാർഡും ലഭിച്ചു. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർഥികൾ മികച്ച വിജയം കരസ്ഥമാക്കി. ഇക്കോ സെൻസ് സ്കോളർഷിപ്പിന്റെ ഭാഗമായി പ്രൊജക്റ്റ് അവതരണം നടന്നു. ഇന്ത്യ ഗവൺമെന്റിന്റെ ഇൻസ്പെയർ അവാർഡിന് ഏഴാം ക്ലാസ്സ് അധ്യാപകരും വിദ്യാർ ത്ഥികളും രക്ഷിതാക്കളും ചേർന്ന് സ്വരൂപിച്ച ചികിത്സ സഹായനിധി അർഹതപ്പെട്ടവർക്ക് കൈമാറി. ഏഴാം ക്ലാസുകാരുടെ സെന്റ് ഓഫ് പാർട്ടി നടന്നു. പുതുതായി ഒന്നാം ക്ലാസിലേക്കും എൽ. കെ. ജി. യിലേക്കും യു. കെ. ജി. യിലേക്കും അഡ്മിഷൻ നേടിയ കുട്ടി കൾക്കായി കളിമേളം സംഘടിപ്പിച്ചു. ഈ വർഷം വിരമിച്ച അധ്യാ പകർക്ക് യാത്രയയപ്പ് നൽകി.

**VI അമ്പായത്തോട് യു. പി. സ്കൂൾ**

പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ സംസ്കൃതം സ്കോളർ ഷിപ്പ് പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കി. അടുത്ത അധ്യ യന വർഷത്തേക്കുള്ള അഡ്മിഷന്റെ ഭാഗമായി ഭവന സന്ദർശനം

നടത്തി. അക്കാദമിക പ്രവർത്തന മികവുകളുടെ പ്രദർശനവുമായി പഠനോത്സവം നടത്തി.

**VII സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

അറിവുകളും അനുഭവങ്ങളും പങ്കുവയ്ക്കുവാൻ പഠനോത്സവം വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. വാർഷിക പരീക്ഷ വിജയകരമായി പൂർത്തീകരിച്ചു. പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ ഗ്രാജുവേഷൻ സെറിമണി നടത്തി.

**VIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

2025-26 അധ്യായന വർഷത്തെ ഏഴാം ക്ലാസ് വിദ്യാർത്ഥികളുടെ യാത്രയയപ്പ് ഹൃദ്യവും മനോഹരമായും സംഘടിപ്പിച്ചു. വാർഷിക പരീക്ഷ ക്രമമായും ചിട്ടയായും നടത്തപ്പെട്ടു. അവധിക്കാലത്ത് കുട്ടികളുടെ ഗൃഹസന്ദർശനം കൃത്യമായി നടത്തിവരുന്നു. അടുത്ത അധ്യയന വർഷത്തേക്കുള്ള മുന്നൊരുക്കങ്ങൾ നടത്തപ്പെടുന്നു

മുള്ളൻകൊല്ലി സെന്റ് തോമസ് എ. യു. പി. സ്കൂളിൽ പി ടി എ എക്സിക്യൂട്ടീവ് യോഗം ചേർന്ന് കണക്കവതരണം നടത്തി. താൽക്കാലിക ഒഴിവിൽ നിയമിതയായ അധ്യാപികയ്ക്ക് യാത്രയയപ്പ് നൽകി. ഇടിവണ്ണ സെന്റ് തോമസ് എ. യു. പി. സ്കൂളിൽ ഏഴാം ക്ലാസിലെ കുട്ടികൾക്ക് സെന്റോഫ് നടത്തി. സ്റ്റാഫ് മീറ്റിംഗ് കൂടി അവധിക്കാല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ദ്വാരക എ. യു. പി. സ്കൂൾ 'എന്റെ വയനാട് എന്റെ സ്വപ്നം' എന്ന ആർട്സ് മത്സരത്തിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൊമ്മയാട് സെന്റ് സെബാസ്ററ്യൻസ് യു. പി. സ്കൂളിൽ പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ സെറിമണി നടത്തപ്പെട്ടു. തരിയോട് സെന്റ് മേരീസ് യു. പി. സ്കൂളിലെ പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ സെറിമണി നടത്തി. ഏഴാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് യാത്രയപ്പ് നൽകി. പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂളിലെ പഠനോത്സവം നടത്തി. വിദ്യാർത്ഥികളുടെ പഠന മികവുകൾ വേദിയിൽ അവതരിപ്പിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

അഡ്മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ ഗൃഹസന്ദർശനം നടത്തി. പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമാണം വളരെ വേഗത്തിൽ നടക്കുന്നു. പരീക്ഷ എഴുതിയ 12 കുട്ടികളും രാജ്യപുരസ്കാർ സ്കോളർഷിപ്പിന് അർഹത നേടി.

**II സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

Little Kites അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിച്ചു. AFPRO -NGO അസോസിയേഷൻസ് വിദ്യാലയത്തിന് സ്പോർട്സ് കിറ്റ് നൽകി. പഠനപിന്തുണ ക്ലാസുകൾ ക്രമീകരിച്ചു.

**III അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ലിറ്റിൽ കൈറ്റ്സിന്റ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ മൂന്നാം സ്ഥാനം ലഭിച്ചു. അവാർഡിനർഹരായ വിദ്യാർഥികളെ മാനേജ്മെന്റും പി ടി എ യും അഭിനന്ദിച്ചു. ഈ വർഷം വിദ്യാലയത്തിൽ നിന്നും പിരിയുന്ന അധ്യാപകർക്ക് യാത്രയപ്പ് നൽകി.

**IV ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

വാർഷികപരീക്ഷ നടത്തപ്പെട്ടു. അഡ്മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**V സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

ഗോത്ര വിഭാഗം വിദ്യാർത്ഥികൾക്ക് വേണ്ടി എസ്.എസ്.എൽ.സി. ക്യാമ്പ് നടത്തി. ഹരിത സേന ഇക്കോ സെൻസ് സ്കോളർഷിപ്പിന് നാലു വിദ്യാർത്ഥികൾ അർഹരായി. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സംസ്കൃതം സ്കോളർഷിപ്പിൽ ആറ് വിദ്യാർത്ഥികൾ മികവ് തെളിയിച്ചു. സ്കൗട്ട് ആൻഡ് ഗൈഡ്സ് രാജ്യ പുരസ്കാർ അവാർഡ് 17കുട്ടികൾക്ക് ലഭിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

ഹയർ സെക്കണ്ടറി പരീക്ഷകൾ കൃത്യതയോടെ നടത്തി. മാർച്ച് 31 ന് സർവീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി.വിരമിക്കുന്ന അധ്യാപകർ സ്കൂളിലെ ഓരോ ക്ലാസ്സ് മുറിയിലേക്കും വൈറ്റ് ബോർഡും മാത്സ് ലാബിലേക്ക് പ്രൊജക്ടറും നൽകി.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്ലാസുകളും നിർദ്ദേശങ്ങളും നൽകിവരുന്നു. ഹയർസെക്കൻഡറി പൊതു പരീക്ഷയ്ക്കായി വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഒന്നും രണ്ടും വർഷ വിദ്യാർഥികൾക്കായി പ്രത്യേക കോച്ചിംഗ് ക്ലാസുകൾ നടത്തി.

**III സി. കെ. എച്ച്. എസ്. എസ്. മണിമൂളി**

സ്തുത്യർഹമായ അധ്യാപനസേവനത്തിനുശേഷം സർവ്വീസിൽ നിന്നു വിരമിക്കുന്ന അധ്യാപികയ്ക്ക് യാത്രയയ്പ്പ് നൽകി. പ്ലസ് ടു പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളെക്കുറിച്ചും ജോലി സാധ്യതകളെക്കുറിച്ചും കരിയർ ഗൈഡൻസ് സെല്ലിന്റെ നേതൃത്വത്തിൽ ഓൺലൈൻ ക്ലാസുകൾ നടത്തി വരുന്നു.

**IV സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള എല്ലാ പ്രവർത്തനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി. അഡ്മിഷനുമായി ബന്ധപ്പെട്ട് കുട്ടികളെ ആകർഷിക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. അഡ്മിഷന് മുന്നോടിയായ് കുട്ടികളുടെ സംശയ നിവാരണത്തിനായ് മികച്ച ഫാക്കൽറ്റിയുടെ സേവനം സ്കൂളിൽ സജ്ജമാക്കാൻ തീരുമാനിച്ചു.

**V സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

അധ്യാപനത്തിൽ നിന്നും വിരമിക്കുന്ന പ്രിൻസിപ്പലിന് യാത്രയയപ്പ് നൽകി. പരീക്ഷയ്ക്കൊരുക്കമായി പ്രത്യേക പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ 'അരികെ' പദ്ധതി സ്കൂളിൽ നടത്തി. NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ മാഗസിൻ പ്രസിദ്ധീകരിച്ചു.

ഏവർക്കും മധ്യവേനലവധിക്കാലം സന്തോഷകരമാകട്ടെ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# *Bishop's Programme*



***May 2026***

*01-04 ................................ Ernakulam*

*06 Wednesday: ................. Ambalavayal: Blessing of church*

*07 Thursday: .................... Valad: First Communion*

*08 Friday: ......................... Bishop's House: Patent Distribution*

*09 Saturday: ..................... Minor Seminary: Vestition of Major Seminarians*

*Dwaraka: CEDOM Sadgamaya*

*12 Tuesday: ...................... Minor Seminary: Interview*

*13 Wednesday: ................. Nadavayal: Jubilee of CMC sisters*

*16 Saturday: ..................... Deepthi Bhavan: Jubilee of FCC Sisters*

*17 Sunday: ....................... Cathedral: First Communion*

*18 Monday: ...................... Marakkadavu: First Communion*

*19 Tuesday: ...................... Dwaraka: Jubilee of SKD Sisters*

*20 Wednesday: ................. Dwaraka: Marian Singles Meet*

*23 Saturday: ..................... Vincentgiri: Final Profession and Jubilee of SCV Sisters*

*24 Sunday: ........................ Ernakulam: KLM Tailoring Workers' State Meeting*

*27 Wednesday: ................. Out of Station*

***June 2026***


*01 Mon-05 Fri: ................ POC: KCBC Meeting*

*09 Tuesday: ...................... Forane Vicars' Meet*

*16 Tue -18 Thu : ............... Refresher Course for Senior Priests*

*24 Wednesday: ................. Jubilee Inauguration of Minor Seminary*

# *Auxiliary Bishop's Programme*



***May 2026***

*01 Fri-3 Sun: .................. Muringur: KCBC Charismatic Jubilee Conclusion*

*04 Monday: ................... Thalipadam: Baptism of fifth child*

*05 Tuesday: ................... Nellikkutty: MSMI Jubilee Mass*

*07 Thursday: ................. Afternoon: Engaged*

*08 Friday: ...................... Bishop's House: Patent Distribution*

*09 Saturday: .................. Dwaraka: Sadgamaya*

*10 Sunday: .................... Arattuthara: Pastoral Visit*

*12 Tuesday: ................... Minor Seminary: Interview*

*14 Thursday: ............... Vilangad: House Blessing*

*16 Saturday: Morning: ... Kayyunni: First Communion and Inauguration of Parish Jubilee*

*Evening: .... Ambalavayal: Festal Mass*

*17 Sunday: .................... Palchuram: Pastoral Visit*

*19 Tuesday: ................... Edappally: Diaconate and Minor Orders of Vincentians*

*23 Saturday: .................. Mullenkolly: Baptism of Fourth Child*

*24 Sunday: ................... Kammana: Inauguration of Parish Golden Jubilee*

***June 2026***

*01 Mon- 05 Fri: ............. POC: KCBC Meeting*

*07 Sunday: .................... Irulam: Pastoral Visit*

*09 Tuesday: ................... Bishops' House: Forane Vicars' Meeting*

*14 Sunday: ..................... Thelpara: Pastoral Visit*

*16 Tue-18 Thu :............... Refresher Course for Senior Priests*

*21 Sunday: ..................... Vanjode: Pastoral Visit*

*24 Wednesday: ................ Jubilee Inauguration of Minor Seminary*

*27 Saturday: ................. Edoor: CSSR Jubilee Mass*

*28 Sunday: .................... Thonichal: Pastoral Visit*